

ആഗസ്റ്റ് 5
**സഖാവ് ശിബ്ദാസ് ഘോഷ്**
അനുസ്മരണ ദിനം

**"പര്യാപ്തമായ ഉയർന്ന സാംസ്കാരിക നിലവാരം, അതായത് തൊഴിലാളിവർഗ്ഗ സാംസ്കാരിക നിലവാരം ആർജ്ജിക്കാതെ ഒരാൾക്ക് വിപ്ലവ സിദ്ധാന്തം ശരിയായി വിലയിരുത്താനുള്ള ശേഷി കൈവരിക്കാനോ അത് സ്വാംശീകരിക്കാനോ സാദ്ധ്യമല്ല."**

ഇന്ത്യൻ മണ്ണിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ (സി) മാത്രമാണ്, എന്തുകൊണ്ട്?

## വയനാട് ഉരുൾപൊട്ടൽ: അടിയന്തര സഹായമെത്തിക്കുക

- **സത്വരമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നേതൃത്വം നൽകുക**

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് നടത്തിയ പ്രസ്താവന

**2024** ജൂലൈ 29 തിങ്കളാഴ്ച അർദ്ധരാത്രിയിൽ വയനാട് ജില്ലയിലെ മുണ്ടക്കൈ-ചൂരൽമല മേഖലയിലുണ്ടായ ഉരുൾപൊട്ടലിൽ ഇതിനകം നൂറിലേറെപ്പേരുടെ ജീവൻ നഷ്ടമായിക്കഴിഞ്ഞു. മരണസംഖ്യ പ്രവചനാതീതമാണ്. ഗുരുതരമായി പരിക്കേറ്റവരും കനത്ത നാശനഷ്ടങ്ങൾക്കിരയായവരും ആയിരക്കണക്കിനുണ്ട്. ഒരു പ്രദേശമാകെ അഭയാർത്ഥിക്യാമ്പുകളിലേയ്ക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. കനത്ത മഴയും കാറ്റും തുടരുകയാണ്. ദുരന്തങ്ങൾ ആവർത്തിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.

(ശേഷം 10–ാം പേജിൽ)


പേജ് 4 ജനങ്ങളെ വഞ്ചിച്ച് മുതലാളിത്തസേവ നടത്തുന്ന കേന്ദ്ര ബജറ്റ്

പേജ് 6 പുതിയ ക്രിമിനൽ നിയമങ്ങൾ ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ കാര്യപരിപാടി

പേജ് 8 സൈദ്ധാന്തിക പാഠങ്ങൾ കമ്മ്യൂണിസത്തിന്റെ തത്വങ്ങൾ: ഫ്രെഡറിക് എംഗൽസ്



# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ആഗസ്റ്റ് 2024 | വാല്യം 51 ലക്കം 5 | പേജ് 12 | വില 10.00 രൂപ

UNITY Monthly | August 2024 | Volume 51 Issue 5 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


# സർക്കാരാശുപത്രികളിൽ സൗജന്യചികിൽസ നിഷേധിച്ച്
# ദരിദ്രർക്ക് മരണം വിധിക്കുന്ന സർക്കാർ

**സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യമേഖല ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ചയെയാണ് നേരിടുന്നത്. നിർദ്ധന രോഗികളുടെ ഏക ആശ്രയമായിരുന്ന സർക്കാർ ആശുപത്രികളിൽ ഫലത്തിൽ സൗജന്യ ചികിൽസയും മരുന്നും പരിശോധനയും ഏതാണ്ട് അസ്തമിച്ചിരിക്കുന്നു. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വ്യവസ്ഥകളുടെ പരിധിയിൽപ്പെടുന്ന വളരെ ചെറിയവിഭാഗത്തിനുമാത്രമായി സൗജന്യചികിൽസ പരിമിതപ്പെടുത്തുകയും ബാക്കിയുള്ളവരിൽ വലിയൊരു വിഭാഗത്തെ ഇൻഷ്വറൻസിന്റെ വലയിൽപ്പെടുത്തുകയും അവശേഷിക്കുന്നവർക്ക് സൗജന്യചികിൽസ പൂർണ്ണമായും നിഷേധിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് പൊതുജനാരോഗ്യമേഖലയിൽ നടപ്പാക്കുന്ന നയങ്ങളുടെ ആകെത്തുക.**





**ആ**ധുനിക സംവിധാനങ്ങൾ ഒന്നുമില്ലാതിരുന്ന 1965ൽ മലേറിയയെ ഇല്ലാതാക്കിയ, കുഷ്ഠരോഗത്തെ ഫലപ്രദമായി തടയാൻ ദശാബ്ദങ്ങൾക്കു മുമ്പു തന്നെ കഴിഞ്ഞ കേരളത്തിൽ, ഈ ആധുനികകാലഘട്ടത്തിൽ ഓരോ മഴക്കാലത്തും സാംക്രമികരോഗങ്ങളാൽ നൂറുകണക്കിന് ആളുകൾ മരണപ്പെടുന്നു. വിവിധ പദ്ധതികളുടെ പേരിൽ പണിതുയർത്തുന്ന കെട്ടിടങ്ങളുടെ പേരിൽ വലിയ പബ്ലിസിറ്റി പ്രവർത്തനം നടത്തുന്ന സർക്കാർ പൊതുജനാരോഗ്യമേഖലയെ ആന്തരികമായി ശക്തിപ്പെടുത്താൻ യഥാർത്ഥത്തിൽ കൈക്കൊള്ളേണ്ടുന്ന ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഇന്നുള്ള അടിസ്ഥാനസൗകര്യങ്ങളുടെ പത്തിലൊന്നുപോലും ഇല്ലാതിരുന്ന രണ്ട് ദശാബ്ദം മുമ്പ് സർക്കാർ ആശുപത്രികളിൽ ലഭ്യമായിരുന്ന കിടത്തി ചികിൽസ, പ്രസവ ശുശ്രൂഷ പോലുള്ള സംവിധാനങ്ങൾ വലിയ കെട്ടിടങ്ങളുള്ള താലൂക്ക് ആശുപത്രികളിൽ പോലും ഇന്ന് പേരിനുമാത്രമായിരിക്കുന്നു.

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ ഇന്ന് സാധാരണക്കാരുടെ നിസ്സഹായ നിലവിളികളാൽ മുഖരിതമാണ്. സാധാരണനിലയിലുള്ള പ്രവർത്തനത്തിന് അവശ്യമായി വേണ്ടുന്ന ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എണ്ണത്തിന്റെ പകുതിപോലും സർക്കാരാശുപത്രികളിൽ ഇന്ന് നിയമിക്കപ്പെടുന്നില്ല. തൃപ്തികരമായ ചികിൽസ ലഭിക്കുന്നില്ലെന്ന് ആരോപിച്ച് രോഗികളും ബന്ധുക്കളും രാപകൽ പണിയെടുത്ത് തളർന്നുവീഴുന്ന ഡോക്ടർമാരെയും നേഴ്സുമാരെയും ആക്രമിക്കുന്നു. അത്യാസന്ന നിലയിൽ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് പോലും ചികിൽസ ലഭിക്കാതെ വരുന്നതിന്റെ ഉത്തരവാദികൾ

(ശേഷം 4–ാം പേജിൽ)

## തൊഴിലില്ലായ്മ:
# വെടിയുണ്ടകളേറ്റുവാങ്ങി ബംഗ്ലാദേശിൽ വിദ്യാർത്ഥികളുടെ വീറുറ്റ പോരാട്ടം



ഢാക്കാ സർവകലാശാലയ്ക്കുമുന്നിൽ തടിച്ചുകൂടിയ പതിനായിരക്കണക്കിന് വിദ്യാർത്ഥിപ്രക്ഷോഭകർ.

**ബം**ഗ്ലാദേശിൽ ഒരു ജനകീയ പ്രക്ഷോഭം കൊടുമ്പിരിക്കൊള്ളുകയാണ്. ഭരണവർഗ്ഗത്തെയും അതിന്റെ സേവകരായ ഭരണകക്ഷിയെയും അത് പിടിച്ചുലച്ചുകഴിഞ്ഞു. ദീർഘകാലമായി തുടരുന്ന അവാമി ലീഗ് ഭരണത്തിന്റെ ജനദ്രോഹ നയങ്ങൾകൊണ്ട് പൊറുതിമുട്ടിയ സാധാരണക്കാർ ഒരു പൊട്ടിത്തെറിയുടെ വക്കിലായിരുന്നു. 1971ലെ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയതിന്റെ ഖ്യാതി അവകാശപ്പെടുന്ന അവാമി ലീഗ്, ഷേഖ് ഹസീനയുടെ നേതൃത്വത്തിൽ, ജനാധിപത്യത്തിന്റെ മേലങ്കിയണിഞ്ഞ് പ്രതിഷേധ ശബ്ദങ്ങളെ ക്രൂരമായി അടിച്ചമർത്തുകയായിരുന്നു. ജനരോഷം ഉച്ചസ്ഥായിയിലായതോടെ പ്രതിപക്ഷം മാത്രമല്ല ജനങ്ങളും കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. പാകിസ്ഥാനിൽനിന്ന് വേർപെട്ട് ഒരു സ്വതന്ത്ര പരമാധികാര ബൂർഷ്വാ രാഷ്ട്രമെന്ന നിലയിൽ ബംഗ്ലാദേശ് രൂപംകൊണ്ടതിനുശേഷം 11 തിരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. അതിൽ താരതമ്യേന "സ്വതന്ത്രവും നീതിപൂർവ്വകവുമായി" നടന്നത് 4 എണ്ണം മാത്രമാണ്. മറ്റുള്ളവയൊക്കെ അക്രമവും പ്രതിഷേധങ്ങളും നിറഞ്ഞതും കൃത്രിമം ആരോപിക്കപ്പെട്ടവയുമായിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പ് നിഷ്പക്ഷമായ ഒരു കെയർടേക്കർ ഗവണ്മെന്റിനുകീഴിൽ നടത്തണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവാമി ലീഗ് അത് നിരസിക്കുകയും തിരഞ്ഞെടുപ്പ് സംവിധാനം മിക്കവാറും അവരുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു. ഇതിൽ പ്രകോപിതരായാണ് നല്ലൊരു പങ്ക് ആളുകൾ തിരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിന്നത്. 28 ശതമാനം പേർ മാത്രമാണ് വോട്ടു ചെയ്തത്.

(ശേഷം 2–ാം പേജിൽ)

# ബംഗ്ലാദേശ്: തൊഴിൽ രാഹിത്യവും സർക്കാർതലത്തിലെ അഴിമതിയും വിദ്യാർത്ഥിപ്രക്ഷോഭത്തിന് ആക്കംകൂട്ടി

*(1-ാം പേജിൽ നിന്ന്)*

അങ്ങനെ ജനുവരി 7ന് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടഷേഖ്ഹസീനയുംസംഘവും തുടർച്ചയായി നാലാം തവണയും അധികാരത്തിലെത്തി.

തിരഞ്ഞെടുപ്പ് ഫലം എല്ലാവരും പ്രതീക്ഷിച്ചുതന്നെയായിരുന്നു. എന്നാൽ അനിഷ്ട സംഭവങ്ങളും പിഴവുകളും പല പ്രത്യാഘാതങ്ങളുമുണ്ടാക്കി. ഹസീനയുടെ ജനാധിപത്യ ധ്വംസനങ്ങളും സാമ്പത്തിക പ്രതിസന്ധികളും ഐഎംഎഫിൽ നിന്ന് വമ്പൻ വായ്പയെടുക്കാനുള്ള നീക്കവുമൊക്കെ തിരഞ്ഞെടുപ്പിന് മുമ്പും ശേഷവും അന്താരാഷ്ട്ര തലത്തിൽതന്നെ വലിയ ചർച്ചയായി. ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങളും ചില മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തു. 2014ലും 2018ലും ഹസീന നേടിയ വിജയം ഏകപക്ഷീയമായിരുന്നു. ഭരണകക്ഷിയും ഗവണ്മെന്റും നിയമപരിപാലന സംവിധാനങ്ങളുമൊക്കെച്ചേർന്ന് അവർക്ക് വിജയം സമ്മാനിക്കുകയായിരുന്നു. 2024ലെ തിരഞ്ഞെടുപ്പ്, ഫലത്തിൽ ബംഗ്ലാദേശിനെ ഒരു ഏകകക്ഷി ഭരണത്തിലെത്തിക്കുകയാണുണ്ടായത്. 2022ലും 23ലും നടന്ന സമാധാനപരമായ പ്രതിപക്ഷ സമരങ്ങളെ ക്രൂരമായി അടിച്ചമർത്തുകയും ആയിരക്കണക്കിന് നേതാക്കളെ അറസ്റ്റുചെയ്യുകയുമുണ്ടായി. 1500ലേറെ പേർ തടവിലായി. പ്രതിപക്ഷ പാർട്ടികളുടെ ഓഫീസുകൾ അടച്ചുപൂട്ടി. ഗവണ്മെന്റിനെതിരെ നിലകൊണ്ട 80ലേറെ മനുഷ്യാവകാശ പ്രവർത്തകരെയാണ് കാണാതായത്. ഇന്നും അവരെക്കുറിച്ച് ഒരു വിവരവുമില്ല.

ഇത്തരമൊരു പശ്ചാത്തലം നിലനിൽക്കെയാണ് തൊഴിൽ സംവരണം സംബന്ധിച്ച കോടതിവിധി വരുന്നത്. ഈ വിവാദ വിധിയെ ചുറ്റിപ്പറ്റിയാണ് ഇപ്പോഴത്തെ പ്രക്ഷോഭം പൊട്ടിപ്പുറപ്പെടുന്നത്. ബംഗ്ലാദേശിൽ ഏതാണ്ട് 1 കോടി 80 ലക്ഷത്തോളം ചെറുപ്പക്കാർ തൊഴിൽരഹിതരാണ്. (ബിബിസി 24.07.24) ബിരുദധാരികളിലാണ് തൊഴിലില്ലായ്മ നിരക്ക് കൂടുതൽ. 1971ൽ രാജ്യം സ്വതന്ത്രമായതോടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവർക്ക് 30 ശതമാനം തൊഴിൽ സംവരണം ഏർപ്പെടുത്തിയത് സാഹചര്യം വഷളാക്കിയിരുന്നു. തുടർന്ന് അവരുടെ മക്കൾക്കും ചെറുമക്കൾക്കുമൊക്കെ ഈ ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ ഭേദഗതികൾ കൊണ്ടുവന്നു. അംഗപരിമിതർ, വംശീയ ന്യൂനപക്ഷങ്ങൾ എന്നിവർകൂടി ഉൾപ്പെടുന്നതോടെ സംവരണം 56 ശതമാനമായി. സ്വാതന്ത്ര്യസമര സേനാനികളുടെ സംവരണം അനർഹമായ ആനുകൂല്യം നൽകലായിട്ടാണ് നല്ലൊരു പങ്ക് ആളുകളും കാണുന്നത്. തൊഴിൽ നൽകേണ്ടത് മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന അഭിപ്രായമാണ് നേരായി ചിന്തിക്കുന്നവർക്കുള്ളത്. അവാമി ലീഗുകാർക്ക് ആനുകൂല്യം നൽകാനുള്ള ഒരു ഏർപ്പാടായി ഇത് മാറി. സ്വാതന്ത്ര്യ സമരത്തിൽ പൂർവ്വികർ പങ്കെടുത്തതിന്റെ പേരിൽ പിൻഗാമികൾക്ക് സർക്കാർ ജോലി നൽകുന്നത് വിചിത്രമായ ഏർപ്പാടുതന്നെ. രാജഭരണത്തിൽ അനന്തരാവകാശിക്ക് അധികാരം കൈമാറുന്നതുപോലെയാണിത്. "അവാമി പാർട്ടിയെ പിന്തുണക്കുന്നവർക്ക് തൊഴിൽ നൽകി ഭരണസംവിധാനത്തിൽ സ്വാധീന മുറപ്പിക്കാനുള്ളതാണ് ഈ ക്വാട്ട സമ്പ്രദായം" എന്ന നിരീക്ഷണം ശരിയാണ്.

2018ൽ നടന്ന സമാനമായ പ്രക്ഷോഭത്തിലൂടെ ക്വാട്ട സമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞതാണ്. എന്നാൽ അത് ഭരണഘടനയ്ക്ക് നിരക്കുന്നതല്ലെന്നും സംവരണം പുനഃസ്ഥാപിക്കണമെന്നുമാണ് കഴിഞ്ഞ ജൂൺ മാസത്തിൽ ഹൈക്കോടതി വിധിച്ചത്. ഇത് കാര്യങ്ങൾ കീഴ്മേൽ മറിച്ചു. ജനരോഷം ആളിക്കത്തി. വിദ്യാർത്ഥികളും യുവാക്കളുമൊക്കെ പ്രതിഷേധമാരംഭിച്ചു.




ബംഗ്ലാദേശ് വിദ്യാർത്ഥി പ്രക്ഷോഭത്തിന് ഐക്യദാർഢ്യമർപ്പിച്ചുകൊണ്ട് കൊൽക്കത്തയിൽ എഐഡിഎസ്ഒ ഉൾപ്പെടെയുള്ള നാല് ഇടത് വിദ്യാർത്ഥിസംഘടനകളുടെ നേതൃത്വത്തിൽ നടന്ന റാലി.

ജൂലൈ ആദ്യം ചെറിയ തോതിൽ തുടങ്ങിയ സമരം ക്രമേണ കരുത്താർജ്ജിച്ചു. അവാമി ലീഗിന്റെ വിദ്യാർത്ഥി വിഭാഗമായ ബംഗ്ലാദേശ് ഛാത്ര ലീഗ് (ബിസിഎൽ) പ്രകോപനം സൃഷ്ടിച്ചപ്പോൾ ചില അക്രമസംഭവങ്ങളുമുണ്ടായി. 1971ലെ സ്വാതന്ത്ര്യ സമരത്തെ അട്ടിമറിക്കാൻ പാകിസ്ഥാന്റെ പക്ഷം ചേർന്നവരോട് സമരക്കാരെ ഷേഖ് ഹസീന ഉപമിച്ചത് വളരെ പ്രകോപനപരമായി. സമരം വീറും ദൃഢതയും കൈവരിച്ചു. വിദ്യാർത്ഥികളൊന്നടങ്കം തെരുവിലിറങ്ങി. അവർ തലസ്ഥാനമായ ഡാക്കയിലും മറ്റു നഗരങ്ങളിലും തമ്പടിച്ചു, കീഴടങ്ങാൻ തയ്യാറല്ല എന്ന് പ്രഖ്യാപിച്ചു. സമരം അക്രമാസക്തമായതോടെ ജൂലൈ 18ന് ഗവണ്മെന്റ് ഇന്റർനെറ്റും മൊബൈൽ നെറ്റ്‌വർക്കുമൊക്കെ അടച്ചുപൂട്ടി. നിശാനിയമം പ്രഖ്യാപിക്കുകയും പട്ടാളത്തെ ഇറക്കുകയും ചെയ്തു. ഒരാഴ്ച ഈ സ്ഥിതി തുടർന്നു. വിദ്യാർത്ഥി ഹോസ്റ്റലുകൾ അടച്ചു. 'കണ്ടാലുടൻ വെടിവയ്ക്കാൻ' ഉത്തരവിറക്കി. പൗരാവകാശങ്ങളും ജനാധിപത്യ മര്യാദകളുമൊക്കെ കാറ്റിൽ പറത്തി ഗവണ്മെന്റ് ക്രൂരമായ അടിച്ചമർത്തൽ തുടർന്നു. ഒരു ഒമ്പതാം ക്ലാസുകാരനാണ് വെടിവയ്പിൽ ആദ്യം കൊല്ലപ്പെടുന്നത്. ഹെലികോപ്ടറിൽ നിന്നു പോലും വെടിവയ്പുണ്ടായി.

ബീഗം റുക്കയ യൂണിവേഴ്സിറ്റിയിലെ മിടുക്കനായ വിദ്യാർത്ഥിയായിരുന്ന അബു സയ്ദ്. സിവിൽ സർവീസ് ബിരുദം ലക്ഷ്യം വച്ച് പഠിച്ചിരുന്ന അയാൾ പോലീസിനുമുന്നിൽ നെഞ്ച് വിരിച്ചുനിന്നു. നിമിഷങ്ങൾക്കകം അയാളുടെ ശരീരത്തിൽ ബുള്ളറ്റുകൾ തുളച്ചുകയറി. ഈ അരുംകൊല വലിയ പ്രതിഷേധത്തിന് തിരികൊളുത്തി. ഉജ്ജ്വലമായ വിദ്യാർത്ഥിപ്രക്ഷോഭത്തിലെ ധീരനായ രക്തസാക്ഷിയായി അബു സയ്ദ്. ഇതിനകം 300പേർ കൊല്ലപ്പെട്ടു കഴിഞ്ഞെന്നാണ് റിപ്പോർട്ടുകൾ. ആശുപത്രിയിലെത്തുന്നവരിൽ വെടിയുണ്ടയേറ്റവരെക്കൂടാതെ മൂർച്ചയുള്ള ആയുധങ്ങൾകൊണ്ട് മുറിവേറ്റവരുമുണ്ടെന്ന് ഡോക്ടർമാർ പറയുന്നു. അനേകം പേർ ഇതിനകം ജയിലിലടയ്ക്കപ്പെട്ടു കഴിഞ്ഞു.

ബിരുദധാരികൾക്കുപോലും തൊഴിൽ ലഭിക്കാത്തതും സർക്കാർതലത്തിലെ അഴിമതിയും സംവരണവിരുദ്ധ പ്രക്ഷോഭത്തിന് ആക്കംകൂട്ടി. സാമ്പത്തികവും രാഷ്ട്രീയവുമായ അസംതൃപ്തി മഞ്ഞുമലയുടെ അറ്റംപോലെ പ്രത്യക്ഷപ്പെട്ടതായിരുന്നു യഥാർത്ഥത്തിൽ സംവരണവിരുദ്ധ സമരം.

സമരത്തിന്റെ സമ്മർദ്ദംമൂലം സംഘാടകരുമായി ചർച്ച നടത്താൻ ഗവണ്മെന്റ് നിർബന്ധിതമായി. കോടതിവിധിയിന്മേലുള്ള അപ്പീൽ കേൾക്കുന്നത് ആഗസ്റ്റ് 7ൽ നിന്ന് ജൂലൈ 21ലേക്ക് മാറ്റിയത് പ്രശ്നം പരിഹരിക്കാനുള്ള സർക്കാരിന്റെ താല്പര്യം പ്രകടമാക്കുന്നതായിരുന്നു. 21ന് കോടതി ജനാഭിപ്രായം മാനിച്ച് വിധി തിരുത്തുകയും ചെയ്തു. 93 ശതമാനം നിയമനങ്ങളും മെറിറ്റ് അടിസ്ഥാനത്തിലാക്കി. സ്വാതന്ത്ര്യസമര സേനാനികളുടെ സംവരണം 5 ശതമാനമാക്കി കുറച്ചു. ശേഷിക്കുന്ന 2 ശതമാനം വംശീയ ന്യൂനപക്ഷങ്ങൾക്കും അംഗപരിമിതർക്കുമായി മാറ്റിവച്ചു. സമരത്തിൽ നടന്ന വെടിവയ്പിനെക്കുറിച്ചുംമറ്റും അന്വേഷിക്കാൻ ജുഡീഷ്യൽ കമ്മീഷൻ രൂപീകരിക്കുമെന്നും ഹസീന ഗവണ്മെന്റ് പ്രഖ്യാപിച്ചു. എന്നാൽ സമരക്കാർ പുതിയ ഡിമാന്റുകൾകൂടി മുന്നോട്ടുവച്ചു. ജയിലിലുള്ള സമരക്കാരെ വിട്ടയയ്ക്കുക, കുറ്റവാളികളായ പോലീസ് ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുക, ചില മന്ത്രിമാർ രാജിവയ്ക്കുക, ക്രൂരമായ കൊലപാതകങ്ങളുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുത്ത് പ്രധാനമന്ത്രി പരസ്യമായി ജനങ്ങളോട് മാപ്പുപറയുക തുടങ്ങിയവയായിരുന്നു അവ. ഡാക്ക, ജഹാംഗീർ നഗർ, രാജ്സാഹി യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാരും പ്രോക്ടർമാരും രാജിവയ്ക്കണമെന്നും ബംഗ്ലാദേശ് ഛാത്ര ലീഗ് ഗുണ്ടകൾ സർക്കാർ ഒത്താശയോടെ മാരകായുധങ്ങളുമായി സമരക്കാരെ ആക്രമിച്ച സ്ഥലങ്ങളിൽ അവരെ നിരോധിക്കണമെന്നും മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണമെന്നും കൊല്ലപ്പെട്ടവരുടെയും പരുക്കേറ്റവരുടെയും കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്നും സമരക്കാർ ആവശ്യമുന്നയിച്ചു. ലെഫ്റ്റ് അലയൻസ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കോ-ഓർഡിനേറ്റർ മസൂദ് റാണ പ്രധാനമന്ത്രി ഹസീന രാജി വയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

2018ൽ നടന്ന സംവരണവിരുദ്ധ പ്രക്ഷോഭം പ്രശ്നപരിഹാരത്തിന് വഴിയൊരുക്കിയിരുന്നെങ്കിലും ഇപ്പോഴത്തെ സമരവുമായി അതിനെ താരതമ്യം ചെയ്യാനാകില്ല. അന്നും സമരത്തിൽ വലിയ ജനപങ്കാളിത്തമുണ്ടായിരുന്നു. സമരക്കാരെ വഞ്ചകരായി ചിത്രീകരിച്ചുകൊണ്ട് ഗവണ്മെന്റ് സമരത്തെ അടിച്ചമർത്താൻ ശ്രമിച്ചിരുന്നു. എന്നാൽ നിരന്തരസമരത്തിനൊടുവിൽ ക്വാട്ട സമ്പ്രദായം പിൻവലിച്ചതോടെ സമരം അവസാനിച്ചു. എന്നാൽ ഇപ്പോഴത്തെ സമരത്തിന് പല പ്രധാന വ്യത്യാസങ്ങളുമുണ്ട്. 2018 തിരഞ്ഞെടുപ്പ് വർഷമായിരുന്നു. പ്രതിപക്ഷം അതിൽ പങ്കെടുത്തു. സാമ്പത്തിക സ്ഥിതിയാകട്ടെ ഇന്നത്തേക്കാൾ ഭേദവും. എന്നാൽ ഇന്നത്തേത് പ്രതിപക്ഷം തിരഞ്ഞെടുപ്പ് ബഹിഷ്കരിച്ച് ആറ് മാസം കഴിഞ്ഞ് നടക്കുന്ന സമരമാണ്. സാമ്പത്തിക സ്ഥിതിയാകട്ടെ മോശവും. ജനങ്ങൾ രോഷാകുലരാണ്. വിദ്യാർത്ഥികളും യുവാക്കളും കൂടുതൽ രാഷ്ട്രീയ പ്രബുദ്ധത കൈവരിച്ചിട്ടുണ്ട്. ഇതെല്ലാം ശക്തമായ സമരത്തിന്റെ സാദ്ധ്യതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇപ്പോഴത്തെ കോടതി വിധി മുൻവിധിയോടെയുള്ളതും ഗവണ്മെന്റിന്റെ താല്പര്യം പേറുന്നതുമാണെന്ന ശക്തമായ വിമർശനം സമരക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്.

ബംഗ്ലാദേശിലെ വിദ്യാർത്ഥി പ്രക്ഷോഭത്തോട് ഐക്യദാർഢ്യംപ്രഖ്യാപിച്ചുകൊണ്ട് എഐഡിഎസ്ഒയും മറ്റുചില ഇടതു വിദ്യാർത്ഥി സംഘടനകളും (എസ്എഫ്ഐ ഒഴികെ) പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൽക്കത്തയിലെ ബംഗ്ലാദേശ് ഹൈകമ്മീഷണർ ഓഫീസിനുമുന്നിൽ നടന്ന പ്രതിഷേധ പരിപാടിക്കുനേരെ പോലീസ് അതിക്രമം ഉണ്ടായി. എഐഡിഎസ്ഒ കൽക്കത്ത ജില്ലാസെക്രട്ടറിയടക്കം പല വിദ്യാർത്ഥി നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടു. ദക്ഷിണ പൂർവ്വേഷ്യയിലെ പല വിദ്യാർത്ഥി സംഘടനകളും ചേർന്ന് ബംഗ്ലാദേശ് പ്രക്ഷോഭത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ബംഗ്ലാദേശിലെ പ്രക്ഷോഭത്തെ ഇന്ത്യാവിരുദ്ധമെന്ന് ആർഎസ്എസ്-ബിജെപി മുദ്ര കുത്തുന്നുണ്ടെങ്കിലും അത് അടിസ്ഥാനരഹിതമാണ്.

എല്ലാ ഭീഷണികളെയും അതിജീവിച്ചുകൊണ്ട് ജനങ്ങൾ സംഘടിത പ്രക്ഷോഭത്തിന് തയ്യാറായാൽ ഒരു ഏകാധിപത്യ ഭരണത്തിനും അതിനെ അടിച്ചമർത്താനാവില്ലെന്ന് തെളിയിക്കുകയാണ് ബംഗ്ലാദേശിലെ ഉജ്ജ്വലവും വീറുറ്റതുമായ വിദ്യാർത്ഥി പ്രക്ഷോഭം. ഇവിടെ ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. പെട്ടെന്നുണ്ടാകുന്ന ജനരോഷമാകട്ടെ, കുറച്ചുകാലം നീണ്ടുനിൽക്കുന്ന പ്രക്ഷോഭമാകട്ടെ, അതിനെ നയിക്കാനും വഴികാട്ടാനും ഒരു യഥാർത്ഥ വിപ്ലവ നേതൃത്വം ഇല്ലെങ്കിൽ, അതിന് ലക്ഷ്യം നേടാനാകില്ല. ലോകത്തെയാകെ പ്രചോദിപ്പിച്ച ബംഗ്ലാദേശിലെ ധീരോദാത്തമായ വിദ്യാർത്ഥി പ്രക്ഷോഭവും ഈ യാഥാർത്ഥ്യം ഉൾക്കൊള്ളേണ്ടതുണ്ട്. ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ദാർശനികനും എസ്‌യുസിഐ(സി) യുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഒരു നിരീക്ഷണം ഈ സന്ദർഭത്തിൽ ഓർമിപ്പിക്കട്ടെ: "തൊഴിലാളികളുടെയും കർഷകരുടെയും മറ്റു ചൂഷിത ജനവിഭാഗങ്ങളുടെയും അസംതൃപ്തിയിൽനിന്ന് വിപ്ലവ മുന്നേറ്റം അലയടിച്ചുയരും. സമൂഹത്തിലെ വൈരുദ്ധ്യത്തിന് ആഴം വയ്ക്കുകയും അത് മൂർച്ഛിക്കുകയും ചെയ്യുന്നതോടെ വ്യവസ്ഥിതിയുടെ സമൂല പരിവർത്തനം ഒരാവശ്യകതയായി ഉയർന്നുവരും. വിപ്ലവം അനിവാര്യമാണെന്ന് അത് നമ്മുടെ മനസാക്ഷിയെ ഓർമിപ്പിച്ചുകൊണ്ടിരിക്കും, മാനവികതയെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കും. എന്നാൽ വിപ്ലവം വരില്ല. വിപ്ലവ വേലിയേറ്റം പിൻവാങ്ങിക്കൊണ്ടിരിക്കും. വിപ്ലവമുന്നേറ്റങ്ങൾ വഴിതെറ്റും. പ്രതിലോമത്വം വീണ്ടും വീണ്ടും ആധിപത്യം ചെലുത്തും. വിപ്ലവം നയിക്കാൻ പ്രാപ്തമായ ഒരു വിപ്ലവ പാർട്ടി ഉയർന്നുവരുന്നതുവരെ വിപ്ലവത്തിന്റെ സൂര്യോദയം നമുക്ക് ദർശിക്കാനാവില്ല." *(തിരഞ്ഞെടുത്ത കൃതികൾ, വോള്യം 3)* ബംഗ്ലാദേശിലെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ചങ്കുറ്റവും നിശ്ചയദാർഢ്യവും ധീരതയും രക്തച്ചൊരിച്ചിലും ജീവത്യാഗവുമൊന്നും വ്യഥാവിലാകില്ലെന്നും ശരിയായ പാതയിലൂടെ മുന്നേറാൻ അതവർക്ക് പ്രചോദനമാകുമെന്നും നമുക്ക് പ്രത്യാശിക്കാം. ഈ പ്രതീക്ഷയോടെ അവർക്ക് വിപ്ലവാഭിവാദ്യങ്ങളർപ്പിക്കാം.■

# ജനങ്ങളെ വഞ്ചിച്ച് മുതലാളിത്തസേവ നടത്തുന്ന കേന്ദ്രബജറ്റ്

**കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമൻ തന്റെ ഏഴാമത്തെയും മൂന്നാം മോദി സർക്കാരിന്റെ ആദ്യത്തെയും ബജറ്റ് അവതരിപ്പിച്ചിരിക്കുന്നു. ലോക്സഭയിൽ അവതരിപ്പിച്ച കേന്ദ്രബജറ്റ് അങ്ങേയറ്റം നിരാശാജനകവും മുതലാളിവർഗ്ഗത്തിന്റെ താത്പര്യങ്ങൾ മാത്രം പേറുന്നതും, ജനത്തിന്റെ കണ്ണിൽ പൊടിയിടുന്നതും, അടിസ്ഥാന പ്രശ്നങ്ങൾ അവഗണിക്കുന്നതുമാണെന്ന് പറയേണ്ടിവരുന്നു.**

**ബ**ജറ്റ് എന്നത് കേവലം വരവുചെലവു കണക്കുകളല്ല. രാജ്യത്തിന്റെ സാമ്പത്തികദിശയും അതുവഴി പൗരജീവിതവും നിർണ്ണയിക്കുന്ന പ്രധാനപ്രക്രിയ കൂടിയാണ്. ഏതൊരു ബജറ്റിനെയും വിലയിരുത്തേണ്ടത് അത് ആർക്കുവേണ്ടി, അതായത് ഏതുവിഭാഗത്തിനു വേണ്ടിയുള്ളതാണ് എന്ന് മനസ്സിലാക്കിക്കൊണ്ടാകണം. രാജ്യത്തെ പൗരസമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെന്നും അതിനുള്ള പരിഹാരം എങ്ങനെ കാണുന്നു എന്നതും ബജറ്റിനെ വിലയിരുത്തുമ്പോൾ പരിഗണിക്കണം.

എന്താണ് ഇന്ന് രാജ്യം നേരിടുന്ന പ്രധാനവിഷയങ്ങൾ? കമ്പോളപ്രതിസന്ധി രൂക്ഷമാകുന്നതിന്റെ ഫലമായി വർദ്ധിക്കുന്ന തൊഴിലില്ലായ്മ, അസമത്വം, ദാരിദ്ര്യം, പണപ്പെരുപ്പം തുടങ്ങിയവ സാമ്പത്തികമായും സാമൂഹികമായും ഇന്ന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ജീവിതത്തെ നേരിട്ടു തകർത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇത് പരിഗണിക്കാതെ, തങ്ങളുടെ യജമാനന്മാരായ മുതലാളിമാരുടെ ലാഭം പെരുപ്പിക്കാനുള്ള നടപടികൾ മാത്രം ധാർഷ്ട്യത്തോടെ കൈക്കൊണ്ടുവന്ന ബിജെപിക്ക് ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിലുണ്ടായ തിരിച്ചടി സ്വാഭാവികമായും അവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. എന്നാൽ അതുണ്ടായിട്ടില്ല എന്നതാണ് ഈ ബജറ്റ് കാണിക്കുന്നത്. പുറമേയ്ക്ക് പറയുന്ന പദ്ധതികളിലും വാചകക്കസർത്തിലും, തൊഴിലില്ലായ്മയും ജനത്തിന്റെ ക്രയശേഷിയിലുള്ള ഇടിവിനെയും പരിഹരിക്കാനുള്ള ശ്രമങ്ങളെക്കുറിച്ച് കേൾക്കാമെങ്കിലും, അതെല്ലാം ആത്മാർത്ഥതയില്ലാത്തതും തങ്ങളുടെ മുതലാളിത്തപ്രീണനത്തെ മറച്ചുവെയ്ക്കാനുള്ളതും മാത്രമാണെന്നത് നമുക്ക് എളുപ്പം മനസ്സിലാക്കാം. മറുവശത്ത്, തങ്ങളുടെ അധികാരം നിലനിർത്താനായി വേണ്ടപ്പെട്ട സഖ്യകക്ഷികളെ പ്രീതിപ്പെടുത്താനായി വിഭവവിതരണത്തിലെ പ്രാദേശികസന്തുലനം പോലും അട്ടിമറിച്ചുകൊണ്ടുള്ള പ്രീണനരാഷ്ട്രീയം ബജറ്റിൽ കാണാം.

## തൊഴിൽനൈപുണി എന്ന തട്ടിപ്പ്

മുൻനിലപാടിൽ നിന്നു വ്യത്യസ്തമായി തൊഴിലില്ലായ്മ ഒരു വിഷയമായി ഇത്തവണത്തെ ബജറ്റിൽ പ്രധാനസ്ഥാനം നേടിയിട്ടുണ്ട്. പക്ഷേ തൊഴിലില്ലായ്മയുടെ കാരണമായി സർക്കാർ ആവർത്തിക്കുന്നത് യുവാക്കൾക്ക് വേണ്ടത്ര തൊഴിൽനൈപുണിയില്ല എന്നതാണ്. എത്ര അപഹാസ്യവും സത്യവിരുദ്ധവുമാണിത്! കൊട്ടിഘോഷിക്കുന്ന സാമ്പത്തികവളർച്ചയ്ക്ക് അനുസൃതമായി രാജ്യത്ത് തൊഴിലുകളുണ്ടാകുന്നില്ലെന്നു മാത്രമല്ല, യഥാർത്ഥത്തിലുള്ള കമ്പോളപ്രതിസന്ധിയും ജിഎസ്ടി പോലുള്ള തെറ്റായ നയങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തൊഴിൽനഷ്ടവുമാണ് തൊഴിലില്ലായ്മയ്ക്ക് കാരണമെന്ന് യാഥാർത്ഥ്യബോധമുള്ള സാമ്പത്തികവിദഗ്ദ്ധരെല്ലാം ചൂണ്ടിക്കാട്ടിയതാണ്. മാതൃകാ തൊഴിൽദാതാവാകേണ്ട സർക്കാരുകളാകട്ടെ, നിയമനനിരോധനമേർപ്പെടുത്തിയും കരാർതൊഴിലിനെ പ്രോത്സാഹിപ്പിച്ചും പൊതുമേഖലയിലെ ലക്ഷക്കണക്കിന് ഒഴിവുകളെ തൊഴിൽരഹിതർക്ക് നിഷേധിക്കുന്നു. റെയിൽവേ അടക്കം മിക്ക സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ആൾക്ഷാമത്താൽ വീർപ്പുമുട്ടിയിട്ടും പൊതുമേഖലയിലെ ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ബജറ്റിൽ മിണ്ടാട്ടമില്ല.

യുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനായി പ്രധാനമന്ത്രിയുടെ പേരിലുള്ള രണ്ടു ലക്ഷം കോടിയുടെ പാക്കേജിൽ അഞ്ചു പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യത്തെ പദ്ധതി പ്രകാരം, പുതുതായി സംഘടിതമേഖലയിൽ ജോലിക്ക് കയറുന്ന തൊഴിലാളിക്ക് (എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ അംഗമാകുന്നത് ആധാരമാക്കി) ഒരു മാസത്തെ കൂലി എന്ന നിലയിൽ 15,000 രൂപ വരെ, മൂന്നു തവണകളായി സർക്കാർ നൽകും. 210 ലക്ഷം യുവാക്കൾക്ക് പുതുതായി തൊഴിൽ നൽകാൻ ഇത് സഹായകമാകും എന്നാണ് ബജറ്റിലെ വാദം. രണ്ടാമത്തെ പദ്ധതിയനുസരിച്ച് വ്യവസായമേഖലയിലെ അധികമായി നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം ആദ്യ നാലു വർഷം സർക്കാർ നൽകും. ഇത് തൊഴിൽ നേടുന്ന 30 ലക്ഷം യുവാക്കൾക്ക് ഗുണം ചെയ്യുമെന്ന് ധനമന്ത്രി പ്രത്യാശിക്കുന്നു. മൂന്നാമത്തെ പദ്ധതിയിൽ, എല്ലാ മേഖലയിലെയും അധികതൊഴിലവസരങ്ങളിൽ, ഓരോ അധികതൊഴിലാളിയുടെയും ഇപിഎഫ് നിക്ഷേപത്തിൽ രണ്ടു വർഷത്തേക്ക് പ്രതിമാസം 3000 രൂപവരെ തൊഴിലുടമയ്ക്ക് സർക്കാർ തിരിച്ചുനൽകും. നാലാമത്തെ പദ്ധതി, അഞ്ചു വർഷം കൊണ്ട് 20 ലക്ഷം ചെറുപ്പക്കാർക്ക് നൈപുണ്യവികസനത്തിനുള്ളതാണ്. അഞ്ചാമത്തെ പദ്ധതിയനുസരിച്ച്, ഒരു കോടി ചെറുപ്പക്കാർക്ക് ഏറ്റവും മികച്ച 500 കമ്പനികളിൽ, 12 മാസത്തേക്ക് സർക്കാർ വക അലവൻസോടെ ഇന്റേൺഷിപ്പ് അവസരമൊരുക്കാനുള്ളതാണ്.

തൊഴിലില്ലായ്മ പരിഹരിക്കാനെന്ന പേരിൽ പൊതുഖജനാവിലെ പണം വീണ്ടും മുതലാളിമാരുടെ കൈകളിലേക്ക് കൈമാറാനുള്ള തട്ടിപ്പു മാത്രമല്ലേ ഈ പദ്ധതികൾ? പ്രൊവിഡന്റ് ഫണ്ടിൽ അംഗത്വമെടുക്കുന്നതാണ് പുതിയ തൊഴിൽ നൽകിയതിന്റെ മാനദണ്ഡമായി പരിഗണിക്കുന്നത്. പ്രൊവിഡന്റ് ഫണ്ടിൽ ആളെ ചേർത്താൽ ചെലവ് മുതലാളിമാരല്ല, പകരം സർക്കാർ വഹിക്കും എന്നതല്ലാതെ വ്യാപകമായി പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള യാതൊരു മാന്ത്രികവിദ്യയും ഇതിലില്ല. പിന്നെ ഇന്റേൺഷിപ്പ് എന്ന തട്ടിപ്പ്. ഇപ്പോൾതന്നെ പല കോഴ്സുകളും പൂർത്തിയാക്കാൻ ഇന്റേൺഷിപ്പുകൾ നിർബന്ധമാക്കുന്നു. ഏതെങ്കിലുമൊക്കെ സ്ഥാപനങ്ങളിൽ കയറിക്കൂടി ഇത് പൂർത്തിയാക്കാൻ വിദ്യാർത്ഥികളും നിർബന്ധിതരാകുന്നു. നിലവിൽ തന്നെ ചില മേഖലകളിൽ ഇന്റേൺഷിപ്പ് ചെയ്യിക്കാൻ സർക്കാർ സാമ്പത്തികസഹായം നൽകിക്കൊണ്ട് ആ രീതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. അത് സ്വകാര്യമേഖലയിൽ വ്യാപകമാക്കുന്നതാണ് പദ്ധതി. കഷ്ടിച്ച് പഠനം പൂർത്തിയാക്കിയിറങ്ങിയ ഒരാളെ ഒരു വർഷത്തേക്ക് ഒരു സ്ഥാപനത്തിൽ ഇന്റേൺ ആയി എടുക്കുമ്പോൾ അതിനു വളരെ തുച്ഛമായ കൂലിയേ വേണ്ടിവരുന്നുള്ളൂ. അതിന്റെ പകുതി സർക്കാർ നൽകുകയും ചെയ്യും. തൊഴിലുടമ അവസാനം നൽകുന്ന സർട്ടിഫിക്കറ്റ്, കോഴ്സ് പൂർത്തിയാക്കാനടക്കം ആവശ്യമായതിനാൽ കടലാസിലെ മാനദണ്ഡം എന്തു തന്നെയായാലും, പറയുന്ന ജോലിയൊക്കെ അങ്ങനെയൊരാൾ ചെയ്യേണ്ടിവരും. ഓരോ വർഷവും ഇങ്ങനെ പുതിയ ബാച്ച് ഇന്റേണുകളെ ലഭിക്കും. ആരെയും സ്ഥിരപ്പെടുത്തേണ്ടതില്ല. പിഎഫോ മറ്റ് ആനുകൂല്യങ്ങളോ നൽകേണ്ടതില്ല. കരാർ തൊഴിലിലും ലാഭകരമായ മാതൃക. വമ്പിച്ച തൊഴിൽചൂഷണത്തിനു വഴിവെയ്ക്കുന്ന ഈ രീതിയാണ് സർക്കാർ ഇന്ന് മുൻകൈയെടുത്ത് പ്രോത്സാഹിപ്പിക്കുന്നത്, അതും പൊതുപണമുപയോഗിച്ച്! ഇന്റേണുകളായി ഇങ്ങനെ ലാഭത്തിൽ അധ്വാനശക്തി ലഭിക്കുമ്പോൾ, ഉയർന്ന പ്രാവീണ്യം ആവശ്യമില്ലാത്ത തൊഴിലുകൾക്ക് ഒരു മുതലാളി എന്തിന് പുതിയ സ്ഥിരം തൊഴിലാളികളെ എടുക്കണം. ഉണ്ടാകുമായിരുന്ന തൊഴിലുകൾ കൂടി ഇല്ലാതാക്കുന്ന ഈ പരിപാടിയാണ് സർക്കാർ കൊട്ടിഘോഷിക്കുന്നത്. ഒരു പ്രൊഫഷണൽ കോഴ്സുമായി ബന്ധപ്പെട്ട തൊഴിൽമേഖലയെ പ്രായോഗികമായി പഠിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാലത്തേക്ക് അവസരമൊരുക്കൽ മാത്രമാകണം ഇന്റേൺഷിപ്പുകൾ. അല്ലാതെ അവരെക്കൊണ്ട് മാസങ്ങളോളം പണിയെടുപ്പിക്കാനാകരുത്. പഠനത്തിനല്ലാതെ പണിയെടുപ്പിക്കണമെങ്കിൽ അവരെ ആദ്യം സ്ഥിരം ജോലിക്കാരാക്കുക. അല്ലാതെ മുതലാളിമാർക്കു മാത്രം പ്രയോജനപ്പെടുന്ന ഈ ചൂഷണം അനുവദിക്കാൻ പാടില്ല.

അതുപോലെ തന്നെയാണ് തൊഴിൽനൈപുണി വികസിപ്പിക്കാനെന്ന പേരിൽ നടത്തുന്ന പ്രഹസനവും. തൊഴിൽ നൽകാനില്ലാത്തതാണ് തൊഴിലില്ലായ്മയുടെ അടിസ്ഥാന കാരണം. അത് അംഗീകരിക്കുന്നതിനു പകരം തൊഴിലന്വേഷകരുടെ പോരായ്മ മൂലമാണ് അവർക്ക് തൊഴിലില്ലാതാകുന്നത് എന്ന മിഥ്യാധാരണ പരത്തുകയാണ് സർക്കാരും മുതലാളിത്തലോകവും. ഒരു പ്രൊഫഷണൽ കോഴ്സ് വിജയകരമായി പഠിച്ച് പൂർത്തിയാക്കിയിറങ്ങിയ ഒരു വിദ്യാർത്ഥിക്ക് ആ മേഖലയിൽ ജോലി ചെയ്യാനുള്ള നൈപുണികൾ ഇല്ല എന്നാണ് പറയുന്നതെങ്കിൽ അത് ആ വിദ്യാർത്ഥിയുടെ കുഴപ്പമാണോ? അതോ, അയാൾ തന്റെ പഠനം കൊണ്ടു നേടിയ തൊഴിൽവൈദഗ്ദ്യം കൊണ്ട് നേടാവുന്ന ജോലികൾ രാജ്യത്തില്ല എന്നാണോ? എങ്കിൽ യാതൊരു പ്രയോജനവുമില്ലാത്ത അത്തരം കോഴ്സുകൾ എന്തിനു തുടരണം? ഇവിടെ ഒരു കാര്യം ചൂണ്ടിക്കാട്ടാം. 2008ന് മുമ്പുവരെ ഐടി മേഖലയിൽ വളരെയധികം തൊഴിലാളികളെ ആവശ്യമുണ്ടായിരുന്നു. എന്നാൽ എഞ്ചിനീയറിങ്ങോ അനുബന്ധ കോഴ്സുകളോ പൂർത്തിയാക്കിയ അത്രയും ആളുകൾ ലഭ്യമല്ലാതിരുന്ന അക്കാലത്ത് കമ്പനികൾ വ്യാപകമായി ആളുകളെ ജോലിക്കെടുത്തിരുന്നു. ഇന്നു പറയുന്ന 'നൈപുണികൾ' ഇല്ലാത്തതൊന്നും അന്ന് പ്രശ്നമേ ആയിരുന്നില്ല. ആദ്യമായി ജോലിക്കെടുക്കുന്ന ആളുകൾക്ക് തങ്ങളുടെ സ്ഥാപനത്തിലെ ജോലിക്ക് ആവശ്യമായ പരിശീലനം അതത് സ്ഥാപനങ്ങൾതന്നെ നൽകിയിരുന്നു. ഇന്ന് ജോലികൾ കുറഞ്ഞു, എന്നാൽ പഠനം പൂർത്തിയാക്കുന്നവരുടെ എണ്ണത്തിൽ വലിയ വർധനയുണ്ടായി. അല്ലാതെ അഭ്യസ്തവിദ്യരുടെ 'നൈപുണിയും' തൊഴിൽലഭ്യതയും തമ്മിൽബന്ധമില്ല. പ്രവൃത്തിപരിചയമുള്ളവരും പുതിയ തൊഴിൽ കണ്ടെത്താൻ ബുദ്ധിമുട്ടുമ്പോൾ അത് ഈ നൈപുണിയുടെ കുറവു കൊണ്ടാകില്ലല്ലോ!

രൂക്ഷമാവുന്ന മുതലാളിത്ത പ്രതിസന്ധിയുടെ ഫലമാണ് തൊഴിലില്ലായ്മയും തൊഴിൽനഷ്ടവുമെന്ന വസ്തുത അംഗീകരിക്കാൻ മുതലാളിത്തവും അവരുടെ വിനീതദാസരായ ഭരണകൂടവും തയ്യാറാകില്ല. തൊഴിലില്ലാത്ത യുവതയോട് എന്തെങ്കിലും ആത്മാർത്ഥത മോദി സർക്കാരിനുണ്ടായിരുന്നെങ്കിൽ ആൾക്ഷാമം കൊണ്ട് വീർപ്പുമുട്ടുന്ന പൊതുമേഖലയിലെ ലക്ഷക്കണക്കിന് ഒഴിവുകളിൽ പകുതിയെങ്കിലും യുദ്ധകാലാടിസ്ഥാനത്തിൽ നികത്താനുള്ള നടപടിയെടുക്കണമായിരുന്നു. അഗ്നിവീർ അടക്കമുള്ള കരാർ തൊഴിലുകൾ അവസാനിപ്പിച്ച് സ്ഥിരനിയമനങ്ങൾ നടത്താൻ തയ്യാറാകണമായിരുന്നു. ബജറ്റിൽ പ്രഖ്യാപിച്ച, മുതലാളിമാരുടെ കീശവീർപ്പിക്കാൻ മാത്രമുള്ള, തട്ടിപ്പുപദ്ധതികൾക്കു മാറ്റിവെച്ച പണം പുതിയ തൊഴിലുകൾ പൊതുമേഖലയിൽ സൃഷ്ടിക്കാൻ ഉപയോഗിക്കണമായിരുന്നു. എന്നാൽ മോദി സർക്കാരിന്റെ ഒരേയൊരു പരിഗണന മുതലാളിത്ത യജമാനന്മാരുടെ താത്പര്യം മാത്രമാണെന്ന് അവർ വീണ്ടും തെളിയിച്ചിരിക്കുന്നു.

## ബജറ്റിലെ വിഭജനരാഷ്ട്രീയത്തിന്റെ മറവിലെ ജനവഞ്ചന

58,900 കോടി രൂപയുടെ പദ്ധതികളാണ് ബീഹാറിനായി മാത്രം ബജറ്റിൽ അവതരിപ്പിച്ചത്. എന്നാൽ ഇതൊക്കെ ബീഹാറിലെ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിതപ്രശ്നങ്ങളെ നേരിടാനുള്ളവയാണോ? 26,000 കോടി റോഡ് പദ്ധതികൾക്ക്, 21,400 കോടിയുടെ വൈദ്യുതി നിലയം, 11,500 കോടി പ്രളയപ്രതിരോധത്തിന് എന്നിങ്ങനെയാണ് പദ്ധതി. ബീഹാർ ആവശ്യപ്പെട്ട പ്രത്യേകപദവി ഇല്ല. ബീഹാറിന് വാരിക്കോരി നൽകി എന്ന് ബിജെപിക്കും സഖ്യകക്ഷിയായ ജനതാദൾ യുണൈറ്റഡിനും മേനിനടിക്കാം എന്നല്ലാതെ ബീഹാറിലെ സാധാരണജനത്തിനോ കർഷകർക്കോ ഇതിൽ നിന്ന് എന്തു നേട്ടമാണ് ഉണ്ടാകുന്നത്? വാസ്തവത്തിൽ നേട്ടം ആർക്കാണ്? ബിജെപിക്കു വേണ്ടപ്പെട്ട കുത്തകമുതലാളിമാരുടെ പ്രിയപ്പെട്ട മേഖലകളാണ് റോഡ് നിർമ്മാണവും വൈദ്യുതിയുമെന്നത് പരസ്യമായ രഹസ്യമാണ്. ഈ പദ്ധതികൾ ആത്യന്തികമായി ആർക്കാണ് പ്രയോജനം ചെയ്യുകയെന്നത് ഊഹിക്കാവുന്നതേയുള്ളൂ. ബീഹാറിലെ പ്രാദേശിക കോൺട്രാക്ടർമാർക്കും ഭരണകക്ഷിക്കും അനുബന്ധഘടകങ്ങൾക്കും ഇതിന്റെ സാമ്പത്തികനേട്ടമുണ്ടാകും. ജന

(ശേഷം 4–ാം പേജിൽ)

## സർക്കാരാശുപത്രികളിൽ സംഭവിക്കുന്നതെന്ത് ?

# കേരളത്തിലെ ആരോഗ്യരംഗത്തെ അടിമുടി പൊളിച്ചെഴുതി എൻആർഎച്ച്എം

(1–ാം പേജിൽ നിന്ന്)

ഡോക്ടർമാരല്ല മറിച്ച് സർക്കാരാണെന്നത് വളരെ തന്ത്രപൂർവ്വം മറച്ചുവയ്ക്കുന്നു. അതിനാൽ അത്യാഹിത വിഭാഗങ്ങളും വാർഡുകളും ഒക്കെ സംഘർഷഭരിതമാകുന്നത് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സർവ്വസാധാരണമായിരിക്കുന്നു. ഡോക്ടർമാരെയും രോഗികളെയും തമ്മലടിപ്പിച്ച് സ്വന്തം തടി രക്ഷിക്കുന്ന ചെന്നായ ബുദ്ധിയാണ് പിണറായി സർക്കാർ കാട്ടുന്നത്. സർക്കാർ തലത്തിൽ ഔദ്യോഗികമായി ഒരു വിശദീകരണം പോലും നൽകാതെയാണ് സിഎച്ച്സി മുതൽ താഴേക്ക് കിടത്തി ചികിൽസാ സൗകര്യമുണ്ടായിരുന്ന ഒട്ടനവധി ആശുപത്രികളിൽ ഒറ്റയടിക്ക് അത് പിൻവലിച്ചത്. സൗജന്യചികിൽസ നിഷേധിക്കാനും നിർദ്ധനരെ പിഴിഞ്ഞ് കോടികൾ സമ്പാദിക്കാനുമുള്ള കൊടിയ ചതിയായിരുന്നു ആരോഗ്യ ഇൻഷ്വറൻസെന്ന് ഇന്ന് ജനങ്ങൾ ഞെട്ടലോടെ തിരിച്ചറിയുന്നു. ഏറ്റവും കുറഞ്ഞത് സർക്കാർ ആശുപത്രികളിൽ മരുന്നെങ്കിലും ഉറപ്പാക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ട സർക്കാരാണ് 'ആർദ്രം' 'ആരോഗ്യകിരണം' 'ഹൃദ്യം' 'താലോലം' 'സുകൃതം' ഇങ്ങിനെ സുന്ദര പദങ്ങളുടെ അകമ്പടിയോടെയുള്ള പദ്ധതികളുടെ പേരിൽ ജനങ്ങളെ കബളിപ്പിക്കുന്നത്.

### കൊടുംകൊള്ളയുടെ കേന്ദ്രങ്ങളായി മാറിയ സർക്കാരാശുപത്രികൾ

പണം നൽകാതെ ഒരു ചികിൽസയും ഇന്ന് സർക്കാർ ആശുപത്രിയിൽ കിട്ടുന്നില്ല. ആശുപത്രിയിലേക്ക് കയറുമ്പോൾ മുതൽ പിരിവു തുടങ്ങുന്ന ഒപി ടിക്കറ്റ്, ലാബ് പരിശോധന, എക്സ്-റേ, സ്കാൻ തുടങ്ങി മരുന്നുവരെ എല്ലാം പണം കൊടുത്താൽ മാത്രം കിട്ടുന്ന സേവനങ്ങളായി മാറിയിരിക്കുന്നു. പാർക്കിങ്ങിന്റെ പേരിലുള്ള ഫീസുമുണ്ട്.



കീച്ചേരി ആശുപത്രി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലാമെഡിക്കൽ ഓഫീസിന് മുൻപിൽ നടന്ന ബഹുജന ധർണ്ണ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.അരവിന്ദാക്ഷൻ ഉദ്ഘാടനം ചെയ്യുന്നു.

തലച്ചോറിൽ രക്തം കട്ടപിടിച്ച രോഗവുമായി ഗുരുതരമായ അവസ്ഥയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയ തിരുവല്ല സ്വദേശിയായ ഒരു ദരിദ്ര പട്ടികജാതി കുടുംബത്തിലെ വീട്ടമ്മയുടെ ബന്ധുക്കളോട് ആശുപത്രി അധികൃതർ ഫീസ് ആയി ആവശ്യപ്പെട്ടത് 5 ലക്ഷം രൂപയാണ്! പണം വാങ്ങിയ ശേഷമാണ് അവർക്ക് ചികിത്സ ലഭിച്ചത്. വീണ് പരിക്കേറ്റ വൃദ്ധയായ ഒരു അമ്മയുടെ സർജറിക്ക് അതേ ആശുപത്രിയിൽ ആവശ്യപ്പെട്ടത് രണ്ട് ലക്ഷം രൂപ ! പണമില്ലാതെ മടങ്ങി പോകാൻ ഒരുങ്ങിയ ബന്ധുക്കളോട് 20,000 രൂപ എങ്കിലും അടച്ചാൽ ചികിത്സ നൽകാമെന്ന് പറഞ്ഞ് വിലപേശുന്ന സ്ഥിതിയിൽ എത്തി!. ബോധരഹിതയായ ഒരു രോഗിയുമായി മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിൽ എത്തിയപ്പോൾ അവിടെയുള്ളത് ഒരേയൊരു ജൂനിയർ ഡോക്ടർ! രോഗിയുടെ ഷുഗർ പരിശോധിക്കാൻ വേണ്ടി രക്തം എടുക്കാനുള്ള ഒരു ഉപകരണം പോലും അവിടെയില്ല. മണിക്കൂറുകൾ കഴിഞ്ഞിട്ടും യാതൊരു ചികിത്സയും ലഭിക്കാതെ സ്വകാര്യ ആശുപത്രിയിലേക്ക്കൊണ്ടുപോകാൻ ഡിസ്ചാർജ് ആവശ്യപ്പെട്ടപ്പോൾ, 'നിങ്ങൾക്കിത് ആദ്യമേ ചെയ്തുകൂടായിരുന്നോ? എന്നാണ് ആ ഡോക്ടർ ചോദിച്ചത്. പട്ടികടിയേറ്റ ഒരു കുഞ്ഞുമായി ആശുപത്രിയിൽ എത്തിയ രക്ഷിതാക്കൾ ആന്റി റാബിസ് കുത്തിവെപ്പിന് 6000 രൂപ കൊടുക്കേണ്ടി വന്നത് അടുത്ത നാളുകളിലാണ്. ജനകീയ ഇടപെടലുകളിലൂടെ ആരോഗ്യ മേഖലയെ വാനോളം ഉയർത്തി എന്ന് വീമ്പിളക്കുന്ന ഇടതു പക്ഷക്കാരുടെ ഭരണത്തിലാണ് ഈ ദുരവസ്ഥ ഉണ്ടായിരിക്കുന്നത്. 'സ്വകാര്യ ആശുപത്രികളിൽ വലിയ തുകകൾ മുടക്കി ജനങ്ങൾ ചികിത്സിക്കുന്നുണ്ട്, എന്നതിനാൽ മെഡിക്കൽ കോളേജിലും മറ്റും ചികിത്സയ്ക്ക് എത്തുന്നവരിയിൽ നിന്നും പണം വാങ്ങാ'മെന്ന് കഴിഞ്ഞ ബജറ്റ് അവതരണം വേളയിൽ ധനമന്ത്രി പറഞ്ഞതിന്റെ തുടർച്ചയാണ് ഈ 'സംഭാവന' വാങ്ങൽ. സംഭാവന എന്നാണ് പറയപ്പെടുന്നതെങ്കിലും വിലപേശി വാങ്ങുക, കുത്തിന് പിടിച്ചുവാങ്ങുക എന്നതാണ് നയമെന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾ സൂചിപ്പിക്കുന്നു.

ചികിത്സ ലഭിക്കാതെ മരിച്ച അമ്മയുടെ മൃതദേഹവുമായി ഒരു മകൻ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്ക് മുന്നിൽകുത്തിയിരുന്ന് പ്രതിഷേധിച്ചസംഭവം ഉണ്ടായത് സമീപകാലത്തായിരുന്നു.

(ശേഷം 5–ാം പേജിൽ)

# കേന്ദ്രബജറ്റ്: കമ്പോള പ്രതിസന്ധിയും ജിഎസ്ടി പോലുള്ള നയങ്ങൾ സൃഷ്ടിക്കുന്ന തൊഴിൽ നഷ്ടവുമാണ് തൊഴിലില്ലായ്മയ്ക്ക് കാരണം

(3–ാം പേജിൽ നിന്ന്)

ത്തിന് എന്തുകിട്ടുമെന്നത് കാത്തിരുന്നു കാണണം. ഇനി ടിഡിപിയെ പ്രീതിപ്പെടുത്താനായി രണ്ടാമത് പ്രത്യേക പരിഗണന നൽകിയ ആന്ധ്രാപ്രദേശിന്റെ കാര്യമെടുക്കാം. ചന്ദ്രബാബു നായിഡുവിന്റെ മുടങ്ങിപ്പോയ സ്വപ്നപദ്ധതിയായ അമരാവതി തലസ്ഥാനനഗര നിർമ്മാണത്തിനായി 15,000 കോടിയുടെ സഹായം കേന്ദ്രസർക്കാർ വഴി വാങ്ങാനം ചെയ്തിരിക്കുന്നു. കൂടാതെ പൊള്ളാവരം ജലസേചന പദ്ധതിയും പിന്നാക്കമേഖലകൾക്കുള്ള പ്രത്യേക ഗ്രാന്റുകളും. ഇവിടെയും നിർമ്മാണ പദ്ധതികളാണ് എന്നത് ശ്രദ്ധിക്കുക. ആന്ധ്രയിലെ ജനത്തിന്റെ ഏറ്റവും പ്രധാനവിഷയമാണോ അമരാവതി? ഇത്തരം നിർമ്മാണപദ്ധതികളുടെ നേട്ടം ആർക്കാണ്? അതായത്, ഇവിടെ രാഷ്ട്രീയനേട്ടത്തിനായി ചില സംസ്ഥാനങ്ങൾക്ക് വാരിക്കോരി നൽകുന്നു എന്ന പ്രതീതിയുണ്ടാക്കുകയും, യഥാർത്ഥത്തിൽ അതിന്റെ മറവിൽ ദേശീയവും പ്രാദേശികവുമായ മുതലാളിത്ത കുത്തകകളുടെ താത്പര്യം നിറവേറ്റുകയും ഭരണകൂടത്തിലെ പ്രമുഖർക്ക് അതിന്റെ പങ്ക്പറ്റാൻ അവസരമൊരുക്കുകയും മാത്രമാണിവിടെ. ഇത് തിരിച്ചറിയേണ്ടതുണ്ട്.

കൂടാതെ, ഇത്തരം നടപടികളിലൂടെ വിഭവവിതരണത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരവും ബോധപൂർവ്വം നടപ്പിലാക്കുന്നു. പ്രാദേശികമായി ഇതുണ്ടാക്കുന്ന വിഭജനവും അസന്തുലിതാവസ്ഥയും സർക്കാരിന് അറിയാത്തതല്ലല്ലോ. അതേപോലെ തന്നെ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനു കീഴിലുണ്ടായിരുന്ന പല പദ്ധതികൾക്കുമുള്ള തുകയിൽ കുറവുവരുത്തുന്നു. ഇതൊക്കെ എന്താണ് അർത്ഥമാക്കുന്നത്? മതത്തിന്റെയും ഭാഷയുടെയും പ്രദേശത്തിന്റെയും പേരിലുള്ള വിഭജനങ്ങളെ ആളിക്കത്തിച്ച് നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന ബിജെപിയുടെ ഹീനമായ രാഷ്ട്രീയത്തിന്റെ പ്രതിഫലനമല്ലേ ബജറ്റിലും കാണുന്നത് എന്ന് സംശയിക്കേണ്ടി വരുന്നു.

### ജനദുരിതങ്ങൾക്കുമേലെ മുതലാളിത്തതാത്പര്യം മാത്രം കാണുന്ന ബജറ്റ്

കാർഷികമേഖലയെ സഹായിക്കാൻ വേണ്ട പദ്ധതികളില്ല. കർഷകർ ദീർഘകാലമായി ആവശ്യപ്പെടുന്ന താങ്ങുവിലകൾ അടക്കം പരിഗണിച്ചിട്ടില്ല. ചെറുകിട-ഇടത്തരം സംരംഭങ്ങളെ വളരെയധികം പ്രോത്സാഹിപ്പിക്കുമെന്ന വാചാടോപം ഉണ്ട്. എന്നാൽ മേഖലയെ തകർക്കുന്ന ജിഎസ്ടി, വ്യാപാരമേഖലയിലെ കുത്തകവൽക്കരണം, ഇതിലൊന്നും മിണ്ടാട്ടമേയില്ല. ഈ മേഖലയ്ക്കായി മുദ്ര ലോണിന്റെ പരിധി 20 ലക്ഷമായി ഉയർത്തിയിട്ടുണ്ടത്രേ! കൂടുതൽ വായ്പകളല്ല, രാജ്യത്തെ വമ്പൻ കോർപ്പറേറ്റുകളുടെ ഒപ്പം പിടിച്ചു നിൽക്കാനായി ക്രിയാത്മകമായ നടപടികളും പിന്തുണയുമാണ് ഈ മേഖലയ്ക്ക് ആവശ്യം. ഭവന നിർമ്മാണ മേഖലയ്ക്കായി 10 ലക്ഷം കോടി രൂപയാണ് ബജറ്റ് പ്രഖ്യാപിച്ചത്. പിഎം ആവാസ് യോജന വഴിയുള്ള വായ്പകളുടെ പലിശ സബ്സിഡിക്കാണ് ഇതിൽനല്ലൊരു പങ്ക്. ഭവനനിർമ്മാണവും റോഡ് നിർമ്മാണവുമടക്കമുള്ള നിർമ്മാണപദ്ധതികൾക്കാണ് ബജറ്റിൽ മുൻഗണന. ഭക്ഷ്യവസ്തുക്കളുടെയടക്കം വിലക്കയറ്റവും തൊഴിലില്ലായ്മയും വരുമാനനഷ്ടവും കൊണ്ട് പൊറുതിമുട്ടുന്ന ഇന്ത്യയിലെ സാധാരണക്കാരിൽ ബഹുഭൂരിപക്ഷത്തിനും സ്വന്തമായൊരു വീട് എന്നത് ഇന്നും സ്വപ്നം മാത്രമാണ്. അവർക്ക് പരിഹരിക്കേണ്ട പ്രശ്നങ്ങളിൽ ഒന്നാം സ്ഥാനത്തല്ല ഹൈവേയുടെയും മറ്റ് വലിയ പദ്ധതികളുടെയും നിർമ്മാണം. പണമില്ലാത്തതുകൊണ്ട് സാധാരണക്കാരന്റെ ഭവനനിർമ്മാണം പലയിടത്തും പാതിവഴിയിൽ നിൽക്കുന്നത് നമ്മൾ നേരിട്ടുകാണുന്നുണ്ട്. അതുകൊണ്ടു തന്നെ സിമന്റ് പോലെയുള്ള നിർമ്മാണ വസ്തുക്കൾക്ക് പൊതുവിപണിയിൽ ഡിമാന്റ് കുറയും. എന്നാൽ കാർട്ടൽസ്വഭാവത്തിൽപ്രവർത്തിക്കുന്ന സിമന്റുൽപ്പാദന കുത്തകകളാകട്ടെ വില കുറയ്ക്കാൻ തയ്യാറാകില്ല. എന്നാൽ സർക്കാർ തന്നെ വമ്പൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇവർക്ക് കൃത്രിമമായി വിപണിയുണ്ടാവുകയാണ്. ഒപ്പം വായ്പാധിഷ്ഠിത നിർമ്മാണങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നു. സിമന്റ് കമ്പനികൾക്ക് വില കുറയ്ക്കേണ്ടതുമില്ല, വിപണി ഉറപ്പാക്കുകയും ചെയ്യുന്നു. മോദിയുടെ ഉറ്റസുഹൃത്തായ അദാനി, കഴിഞ്ഞ കുറച്ചു വർഷം കൊണ്ടുമാത്രം അനവധി ഏറ്റെടുക്കലുകൾ നടത്തി ഇന്ത്യയിലെ സിമന്റ് ഉത്പാദകരിൽ രണ്ടാം സ്ഥാനത്തെത്തി എന്നതും നമ്മൾ ചേർത്തുവായിക്കണം. ഇന്ത്യയിലെ സിമന്റ് ഉത്പാദനം തന്നെ അദാനി, ബിർല എന്നീ രണ്ടു കുത്തകകളിലേക്ക് അതിവേഗം ചുരുങ്ങുന്നു. ഈ കുത്തകകളുടെ താത്പര്യം ഒന്നു മാത്രമല്ലേ സർക്കാരുകൾക്ക് നിർമ്മാണപദ്ധതികളോടുള്ള ഈ അമിതപ്രതിപത്തിയുടെ കാരണം?

ജനത്തിന്റെ കണ്ണിൽ പൊടിയിട്ടുകൊണ്ട് തങ്ങളുടെ യജമാനന്മാരായ മുതലാളിമാർക്കു വേണ്ടി മോദി സർക്കാർ ചെയ്യുന്ന സേവനത്തിന്റെ രൂപരേഖ മാത്രമാണ് ഈ ബജറ്റ്. ആദായനികുതിയിലും ചില ഉത്പന്നങ്ങളുടെ നികുതിയിലും നാമമാത്ര കുറവു വരുത്തിയാൽ ഇല്ലാതാകുന്നതല്ല ഇന്ന് ഈ നാട്ടിൽ സാധാരണക്കാരൻ അനുഭവിക്കുന്ന സാമ്പത്തികദുരിതം. മറുവശത്ത് സഹസ്രകോടികൾ പൊടിച്ച് ധൂർത്ത് കാണിക്കുന്ന കുബേരന്മാർക്ക് യാതൊരു നികുതിഭീതിയുമില്ല. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ മാത്രം. ജനത്തോട് യാതൊരു ആത്മാർത്ഥതയും പുലർത്താതെ അവരെ വഞ്ചിച്ചുകൊണ്ട് മുതലാളിത്തസേവ മാത്രം ചെയ്യുന്ന ഈ കാപട്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്, തള്ളിക്കളയേണ്ടതുണ്ട്. ■

### സർക്കാരാശുപത്രികളിൽ സംഭവിക്കുന്നതെന്ത് ?

# ആരോഗ്യ പരിപാലന ഉത്തരവാദിത്തം കൈയൊഴിയാനും സൗജന്യ ചികിൽസ നിഷേധിക്കാനും ലക്ഷ്യമിട്ട് ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കി

(4–ാം പേജിൽ നിന്ന്)

സർക്കാർ ആശുപത്രികളിൽ ഒരിടത്തും ആവശ്യാനുസരണം ഡോക്ടർമാരില്ല. മെഡിക്കൽ കോളേജുകളിൽ പോലും ഡോക്ടർമാരുടെ എണ്ണം വളരെ കുറവ്. ഒ.പി.ടിക്കറ്റ് എടുത്ത് ഡോക്ടറെ കാണുന്നതിനു പോലും മണിക്കൂറുകളോളം കാത്തു നിൽക്കേണ്ടി വരുന്നു. ഡോക്ടറെ കണ്ടാൽ തന്നെ വിലയേറിയ മരുന്നുകൾ പുറമെനിന്ന് വാങ്ങുകയേ തരമുള്ളൂ. സൗജന്യ പരിശോധനകളില്ല. ആശുപത്രികളിൽ എത്തുന്ന പലരും ചികിത്സ കിട്ടാതെ മടങ്ങേണ്ട ഗതികേടാണ് ഉള്ളത്.

1965ലെ സ്റ്റാഫ് പാറ്റേൺ ജനസംഖ്യാനുപാതികമായി പരിഷ്കരിക്കാൻ ഇന്നും സർക്കാരുകൾ തയ്യാറായിട്ടില്ല. സ്റ്റാഫിന്റെ എണ്ണത്തിലുള്ള അപര്യാപ്തതമൂലം കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് ഏറ്റവും അവശ്യമായ പരിചരണം പോലും ലഭിക്കുന്നില്ല. ഒരേ ബെഡ്ഡ് നമ്പരിൽ മൂന്നും നാലും രോഗികൾ അഡ്മിറ്റ് ചെയ്യപ്പെടുന്നു. ഉൾക്കൊള്ളാവുന്നതിന്റെ രണ്ടും മൂന്നും ഇരട്ടി രോഗികൾ ഓരോ വാർഡിലും ഉണ്ടാകുന്നതുമൂലം, നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ രോഗികളെ ഒരേസമയം പരിചരിക്കാൻ ജീവനക്കാർ നിർബന്ധിതരാകുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്നവരിൽ വലിയ പങ്കും അതീവ ഗുരുതരമായ രോഗങ്ങളാൽ വലയുന്നവരാണ്. അവർക്ക് അവശ്യമായ പരിചരണം നൽകാൻ ജീവനക്കാർക്ക് കഴിയാതെ വരുന്നു. ഒന്നിലേറെ രോഗികൾ ഒരേ സമയം ഗുരുതരാവസ്ഥയിൽ എത്തിയാൽ അടിയന്തിര പരിചരണം ലഭിക്കാതെ രോഗികൾ മരിക്കാൻ പോലും ഇടയാകുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആശുപത്രിയിലെ ജീവനക്കാർക്കെതിരായി ജനരോഷം തിരിച്ചുവിട്ട് യഥാർത്ഥ കാരണക്കാരായ ഭരണാധികാരികൾ വിദഗ്ധമായി രക്ഷപ്പെടുന്നു. ഇത്തരം സംഭവങ്ങൾ സർക്കാർ ആശുപത്രികൾക്കെതിരായ വാർത്തകളായി മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ആശുപത്രികളെയും ജീവനക്കാരെയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. സർക്കാർ ആശുപത്രിയിൽ എത്തുന്നവരെ നിരുത്സാഹപ്പെടുത്തുക എന്ന താൽപര്യം ഇതിന്റെ എല്ലാം പിന്നിലുണ്ട്.

### ആരോഗ്യമേഖലയുടെ ജനാധിപത്യ സമീപനത്തെ കുഴിച്ചുമൂടുന്നു

രാജഭരണ കാലത്ത് തുടക്കം കുറിച്ചതാണ് കേരളത്തിലെ ആരോഗ്യപരിപാലന സംവിധാനം. ക്ഷേമ രാഷ്ട്ര സങ്കല്പം ആയിരുന്നു അതിന്റെ അടിസ്ഥാനം സർവ്വദേശീയമായിത്തന്നെ അത്തരം ഒരു ഭരണ സമീപനം അക്കാലത്ത് നിലനിന്നിരുന്നു. രാജവാഴ്ചയെ പിന്തള്ളി ജനാധിപത്യ മുന്നേറ്റങ്ങൾ ലോകമെമ്പാടും വളർന്നു വന്നതിനാലും 1917 നടന്ന റഷ്യൻ വിപ്ലവത്തെ തുടർന്ന് സ്ഥാപിതമായ സോവിയറ്റ് സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ, ജനക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ മുതലാളിത്ത ലോകത്തും ജനങ്ങളെ ആകർഷിച്ചിരുന്നു എന്നതിനാലും ആ കാഴ്ചപ്പാട് പിന്തുടർന്നു കൊണ്ടുള്ള ക്ഷേമ രാഷ്ട്ര സങ്കല്പം പിന്തുടരുവാൻ ഭരണാധികാരികളെ പ്രേരിപ്പിച്ചിരുന്നു.

താഴെ തലങ്ങളിലുള്ള പ്രാദേശിക ആശുപത്രികളിൽ കിടത്തി ചികിത്സ ഇല്ലാതാകുമ്പോൾ, അവിടങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരും മറ്റ് സംവിധാനങ്ങളും ഇല്ലാതാകുമ്പോൾ, രോഗികൾ എല്ലാവരും ഉയർന്ന റഫറൽ ആശുപത്രികളിലേക്ക് പോകാൻ നിർബ്ബന്ധിതരാകും. സ്വാഭാവികമായും അവിടങ്ങളിൽ അനിയന്ത്രിതമായി തിരക്ക് വർദ്ധിക്കുകയും ഏറ്റവും അർഹരായ രോഗികൾക്ക് പോലും ചികിത്സ ലഭിക്കാതെ വരികയും ചെയ്യും. ഇനി ചികിത്സ ലഭിക്കുന്നവർ ഫീസ് നൽകേണ്ട സാഹചര്യം കൂടി ഉണ്ടാകുമ്പോൾ സ്വകാര്യ ആശുപത്രികളിലേക്ക് പോകുന്നതാണ് നല്ലത് എന്ന് ജനങ്ങൾ സ്വയം തീരുമാനിക്കും. ഇതാണ് ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടി ഏർപ്പെടുത്തിയിരുന്ന ആനുകൂല്യങ്ങൾ ഒന്നും ഫലത്തിൽ അർഹരായ ആളുകൾക്ക് ലഭിക്കാത്ത വിധത്തിലാണ് നടപടിക്രമങ്ങൾ. ചെറിയ ചികിത്സാ ആനുകൂല്യങ്ങൾക്ക് വേണ്ടി പോലും മെഡിക്കൽ കോളേജ് ആശുപത്രിയുടെ വിവിധ കൗണ്ടറുകളിൽ കയറിയിറങ്ങി, മണിക്കൂറുകളോളം രോഗിയോടൊപ്പമുള്ളവർ ക്യൂവിൽ ചിലവഴിക്കേണ്ട സാഹചര്യമാണ് ഉള്ളത്. സങ്കീർണമായ നടപടിക്രമങ്ങളാണ് ആനുകൂല്യങ്ങൾ ആവശ്യമായവർ പൂർത്തീകരിക്കേണ്ടത്. രോഗിക്കോ രോഗിയോടൊപ്പം കൂട്ടുനിൽക്കുന്ന ആൾക്കോ ഇത്തരം ആവശ്യങ്ങൾക്ക് വേണ്ടി സമയം ചെലവഴിക്കാൻ ആവില്ല. പാവപ്പെട്ട തൊഴിലാളി കുടുംബങ്ങളിൽ നിന്ന് വരുന്നവർക്ക് ഇതു പ്രായോഗികമല്ലാതെ വരികയും പലപ്പോഴും ഇക്കാരണത്താൽ തന്നെ ആളുകൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ വരികയും ചെയ്യുന്നു. പരിമിതമായ ആനുകൂല്യത്തിനുവേണ്ടിയുള്ള യാചനയുമായി കൗണ്ടറുകൾ തോറും കയറിനിരങ്ങി അക്ഷരാർത്ഥത്തിൽ ശരണംകെടുന്ന ഒരു നിർദ്ധനനായ രോഗി അനുഭവിക്കുന്ന നിന്ദയും അപമാനവും വാക്കുകൾകൊണ്ട് വിവരിക്കാനാവില്ല. ഇൻഷ്വറൻസ് തുറന്നത് ഈ അപമാനത്തിന്റെ മാർഗ്ഗമാണ്. അന്തസ്സാർന്ന ചികിൽസയുടെ മാർഗ്ഗമല്ല.

ആകർഷകങ്ങളായ പേരുകളിൽ വിവിധ പദ്ധതികൾ കൊണ്ടുവരുന്നത് സൗജന്യ ചികിൽസ ആസൂത്രിതമായി ഇല്ലാതാക്കുന്നതിനു വേണ്ടി മാത്രമാണ്. സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖല അടിമുടി ഭദ്രവും കാര്യക്ഷമവുമാണെങ്കിൽ പിന്നെ പ്രത്യേക പദ്ധതികളുടെ ആവശ്യമെന്താണ്? സർക്കാർ ആശുപത്രിയിൽ കാൻസർ രോഗികൾക്ക് സൗജന്യ ചികിൽസ ഉറപ്പാണെങ്കിൽ അവർക്കുവേണ്ടിയെന്ന പരസ്യത്തോടെയുള്ള സുകൃതം എന്ന വേറിട്ട പദ്ധതിയുടെ ലക്ഷ്യമെന്താണ്? കാൻസർ രോഗികൾക്കുള്ള സൗജന്യചികിൽസക്ക് ചില വ്യവസ്ഥകൾ വച്ച് വലിയൊരു വിഭാഗം രോഗികളെ ചികിൽസയിൽ നിന്ന് പുറത്താക്കാനുള്ള പദ്ധതി മാത്രമാണ് 'സുകൃതം'. ഫലത്തിൽ ദുഷ്കൃതം തന്നെ. ഇതുതന്നെയാണ് 'താലോല'വും 'ആരോഗ്യകിരണ'വും 'ഹൃദ്യ'വുമെല്ലാം. സൗജന്യചികിൽസക്ക് വ്യവസ്ഥകൾ വച്ച് വലിയൊരു വിഭാഗത്തിന് ചികിൽസ നിഷേധിക്കാനുള്ള കുടില പദ്ധതികളാണ് ഇവയെല്ലാം. അതിന്റെ പേരാകട്ടെ, 'ആർദ്ര'മെന്നും 'സുകൃത'മെന്നും 'കരുണ'യെന്നുമൊക്കെയുള്ള പുതുമൊഴികളും. എത്ര വഞ്ചനാപരമായാണ് ഇടതു സർക്കാർ ജനങ്ങളോട് പെരുമാറുന്നത് എന്നതിന്റെ തികഞ്ഞ സാക്ഷ്യമാണ് ഈ പദ്ധതികൾ.




സർക്കാർ ആശുപത്രികളിൽ മരുന്നും ചികിത്സയും പരിശോധനകളും പൂർണമായും സൗജന്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് നടന്ന മാർച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)കൊല്ലം ജില്ലാ സെക്രട്ടറി ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.




സർക്കാർ ആശുപത്രിയിൽ സൗജന്യചികിത്സ പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജൂലൈ 20ന് ആരോഗ്യവകുപ്പമന്ത്രിയുടെ പത്തനംതിട്ട ഓഫീസിലേയ്ക്ക് നടന്ന ബഹുജന മാർച്ച്. മാർച്ചിന് മുന്നോടിയായി ജില്ലാ ജനറൽ ആശുപത്രിയുടെ മുന്നിൽ ധർണ നടന്നു.

### ചികിൽസയെ കൊള്ള വരുമാനത്തിന്റെ മാർഗ്ഗമാക്കിയ ആരോഗ്യ ഇൻഷുറൻസ്

ഇനിമേൽ പൗരന് ചികിൽസ നൽകേണ്ടത് സർക്കാരിന്റെ ചുമതലയല്ല, ആരോഗ്യം അവനവന്റെമാത്രം ചുമതലയാണ് എന്ന പൊതുബോധം സൃഷ്ടിച്ചുകൊണ്ടാണ് രോഗമെന്ന ദുരിതാവസ്ഥയെ വിപണിയാക്കുന്ന ശക്തികൾ രംഗപ്രവേശം ചെയ്യുന്നത്. ആരോഗ്യ ഇൻഷ്വറൻസ് അത്തരമൊരു ബിസിനസ് രംഗമാണ്. ഇന്ത്യയിൽ ആരോഗ്യ ഇൻഷ്വറൻസ് വലിയ പ്രചാരം നേടിയ വിപണിയായിരുന്നില്ല. വികസിത രാജ്യങ്ങളിൽ ഈ രംഗത്ത് കുത്തകകളുടെ ആധിപത്യം വന്നതോടെ അവിടുത്തെ ചികിൽസാരംഗം എവ്വിധമാണ് തകർന്നതെന്ന് നിരവധി അന്തർദ്ദേശീയ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എൻആർഎച്ച്എം നടപ്പാക്കിയത്. 'പൊതു-സ്വകാര്യ പങ്കാളിത്തം' എൻആർഎച്ച്എമ്മിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഭാവിയിൽ പിടിപെട്ടേക്കാവുന്ന രോഗത്തെക്കുറിച്ചുള്ള ഭയം, അതിനുവേണ്ടിവരുന്ന ഭീമമായ ചികിൽസാ ചിലവിനെ സംബന്ധിച്ച ഭീതി തുടങ്ങിയവമൂലം ആശങ്കയിലാകുന്ന ജനങ്ങൾ ആരോഗ്യ ഇൻഷ്വറൻസിൽ അഭയം പ്രാപിക്കാൻ നിർബന്ധിതരാകുന്നു.

സർക്കാർ ചുമതലയിൽ നടക്കേണ്ട ഒരു ക്ഷേമ നടപടിയെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വ്യക്തമായും, സർക്കാർ ക്ഷേമ പ്രവർത്തനത്തിൽ നിന്നും പിന്മാറുന്നു എന്ന നഗ്നമായ പ്രഖ്യാപനമാണ്. പണമില്ലാത്തത് മൂലം പാവപ്പെട്ടവന് ചികിത്സ മുടങ്ങുന്ന സാഹചര്യത്തിന് ഉള്ള പരിഹാരം എന്ന നിലയിലാണ് ഇത് കൊണ്ടുവന്നത്. വ്യവസ്ഥാപിത രാഷ്ട്രീയ പാർട്ടികളുടെയോ മുന്നണികളുടെയോ ഭാഗത്തുനിന്ന് യാതൊരു എതിർപ്പും കൂടാതെ വളരെ ന്യായമായ ഒരു കാര്യം എന്ന നിലയിലാണ് 2008ൽ ഇത് നടപ്പാക്കപ്പെട്ടത്. ദരിദ്രരായ ആളുകൾക്ക് വേണ്ടിയുള്ള ഇൻഷ്വറൻസ് പ്രീമിയം സർക്കാർ അടയ്ക്കുമെന്നതായിരുന്നു വ്യവസ്ഥ. അങ്ങനെ മുടക്കുന്ന മുതൽ ആരോഗ്യ മേഖലയിൽ സർക്കാർ നേരിട്ട് മുടക്കിയാൽ യാതൊരു സാങ്കേതിക തടസ്സവും കൂടാതെ ജനങ്ങൾക്ക് ചികിത്സ ലഭിക്കുമായിരുന്നു. എന്നാൽ ഈ പദ്ധതി വന്നതിലൂടെ പൊതു ഖജനാവിലെ പണം ഇൻഷ്വറൻസ് കമ്പനികൾക്ക് നൽകുന്ന സ്ഥിതി വന്നു. പണം മുടക്കി ആരോഗ്യ ഇൻഷ്വറൻസിൽ ചേരാൻ കഴിയുന്ന ആളുകൾ കുറവായിരുന്നതിനാൽ ഈ പദ്ധതിയിൽ അധികം ആളുകൾ ചേരുകയും ഉണ്ടായില്ല. പലവിധ സാങ്കേതിക കാരണങ്ങളാൽ ജനങ്ങൾക്ക് അത് പ്രയോജനപ്പെടാത്ത സാഹചര്യവും ഉണ്ടായി. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ചികിൽസയ്ക്ക് ഏകീകൃതമായ നിരക്ക് ഇല്ലാത്തതിനാലും സർക്കാർ നിശ്ചയിച്ച ഫീസ് അംഗീകരിക്കാൻ ആശുപത്രി മുതലാളിമാർ തയ്യാറാകാതിരുന്നതിനാലും ഈ പദ്ധതി തുടക്കത്തിലെ പ്രതിസന്ധിയിലായി. പിന്നീട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനിന്നിരുന്ന പദ്ധതിയോടൊപ്പം കേന്ദ്ര സർക്കാരിന്റെ 'ആയുഷ്മാൻ ഭാരത്', കാരുണ്യ ലോട്ടറി വിൽപ്പനയിലൂടെ നടപ്പാക്കിയിരുന്ന 'കാരുണ്യ ബെനവലന്റ് സ്കീം' തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് 'കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി' എന്ന പേരിൽ നടപ്പാക്കി. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞ് സർക്കാർ ഇപ്പോൾ ഇൻഷ്വറൻസ് ക്ലെയിം നൽകുന്നത് നിർത്തി വച്ചിരിക്കുന്നു. ചുരുക്കത്തിൽ ഈ പദ്ധതികൾ എല്ലാം പൊളിയുകയും ജനങ്ങൾ സമ്പൂർണ അരക്ഷിതാവസ്ഥയിൽ ആകുകയും ചെയ്തിരിക്കുന്നു! ഈ പദ്ധതികൾ എല്ലാം തകർന്നു കൊണ്ടിരിക്കുന്നത് യാദൃച്ഛികമല്ല. കേവലം കെടുകാര്യസ്ഥതയോ പിടിപ്പുകേടോ അല്ല. അറിവില്ലായ്മ മൂലമുള്ള അശാസ്ത്രീയമായ മാനേജ്മെന്റ് രീതിയിലൂടെ സ്വാഭാവികമായി വന്നതാണ് എന്നും കരുതാൻ പറ്റില്ല. ഒരു മഹാസംവിധാനത്തെ തകർക്കുന്നതിന് വേണ്ടിയുള്ള കൃത്യമായ തിരക്കഥയുടെ നടപ്പാക്കൽ ആയിരുന്നു ഇതെല്ലാം.

(ശേഷം 11–ാം പേജിൽ)

# ക്രിമിനൽ നീതിന്യായവ്യവസ്ഥയിലെ പുതിയ നിയമങ്ങൾ ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ കാര്യപരിപാടി

**ആഗസ്റ്റ് 11ന് പാർലമെന്റിന്റെ മൺസൂൺ സമ്മേളനത്തിന്റെ അവസാന മണിക്കൂറുകളിലാണ് നിലവിലുള്ള ക്രിമിനൽ നിയമങ്ങൾ(ഐപിസി)ക്ക്പകരമായി മൂന്ന് പുതിയ ബില്ലുകൾ കേന്ദ്രആഭ്യന്തരമന്ത്രി അമിത് ഷാ അവതരിപ്പിക്കുന്നത്. "കൊളോണിയൽ കാലത്തെ പഴയനിയമം മാറ്റേണ്ടതുണ്ടെന്നും പുതിയ ബിൽ ഇന്ത്യയുടെ നീതിന്യായ സംവിധാനത്തെ ഒന്നാകെ അഴിച്ചുപണിയുമെന്നും പുതിയ നിയമങ്ങൾ ഇന്ത്യൻ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതാണെന്നും" ആഭ്യന്തര മന്ത്രി അവകാശപ്പെടുകയുണ്ടായി. ഈ ബില്ലുകൾ നിയമങ്ങളായി ജൂലൈ 1ന് പ്രാബല്യത്തിൽ വരികയും ചെയ്തു.**

പുതിയ ബില്ലുകൾ യഥാക്രമം, ഭാരതീയ ന്യായസംഹിത ബിൽ 2023(1866ലെ ഇന്ത്യൻ പീനൽകോഡിന് പകരം), ഭാരതീയ നാഗരിക് സുരക്ഷാ സംഹിത ബിൽ 2023(1973ലെ ക്രിമിനൽ നടപടിക്രമങ്ങൾക്കുപകരം), ഭാരതീയ സാക്ഷ്യബിൽ 2023(1872ലെ ഇന്ത്യൻ എവിഡൻസ് ആക്ടിനുപകരം) ഇവയാണ്. ഈ നിയമങ്ങൾക്കെല്ലാം സംസ്കൃതപേരുകളാണ് നൽകിയിരിക്കുന്നത്. പഴഞ്ചൻ നിയമങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുന്നുവെന്ന് അവകാശപ്പെട്ടുകൊണ്ട് നടപ്പിലാക്കിയിരിക്കുന്ന പുതിയ നിയമങ്ങളുടെ പിന്നിലെ താൽപര്യം എന്താണ്? പുതിയ നിയമങ്ങൾ മുമ്പുണ്ടായിരുന്നതിനെക്കാൾ കർശനമാണ്. നീതി നടപ്പിലാക്കുന്ന കാര്യത്തിലല്ല, പൗരന്മാരെ സർവശക്തനായ മുതലാളിത്ത ഭരണകൂടത്തിനുമുമ്പിൽ ഭയഭക്തിയോടെ വണങ്ങാനും അനുസരിപ്പിക്കാനും ഈ നിയമങ്ങൾ യാതൊരു ദാക്ഷിണ്യവും ഇല്ലാതെ ശ്രമിക്കുന്നു. എല്ലാ മേഖലകളിലും ജനങ്ങളെ അടിച്ചമർത്തുന്നവയാണ് പുതിയ നിയമങ്ങൾ.

ഈ ബില്ലുകൾ അവതരിപ്പിച്ച നാൾമുതൽ വിവാദങ്ങളും തല പൊക്കിത്തുടങ്ങി. ബില്ലുകൾക്കെതിരെയുള്ള ഏറ്റവും പ്രധാനപ്പെട്ട എതിർപ്പ്, അത് തയ്യാറാക്കുന്നതിൽ ന്യായാധിപ സമൂഹത്തിൽനിന്നോ ബാർ അസോസിയേഷനിൽനിന്നോ പൊതുസമൂഹത്തിൽനിന്നോ മറ്റ് പിന്നാക്ക വിഭാഗങ്ങളിൽനിന്നോ ഉള്ള ആരുംതന്നെ ഭാഗഭാക്കായിരുന്നില്ല എന്നതാണ്. പൊതുജനങ്ങളിൽനിന്ന് അഭിപ്രായം ആരായുന്ന പ്രക്രിയയും നടന്നില്ല. തികച്ചും സ്വേച്ഛാപരമായും ഏകാധിപത്യ പ്രവണതയോടെയും ഭരിക്കുന്നതിൽ കുപ്രസിദ്ധരായ ബിജെപി ഏകപക്ഷീയമായി തയ്യാറാക്കിയിരിക്കുന്ന ബില്ലുകളാണിവ. പൊതുജനതാൽപര്യത്തിന് വിരുദ്ധമായ ഒട്ടേറെ വകുപ്പുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## രാജ്യദ്രോഹക്കുറ്റം റദ്ദാക്കിയോ?

പുതിയ ന്യായസംഹിത ബില്ലുകളിൽനിന്ന് കൊളോണിയൽ കാലത്തെ രാജ്യദ്രോഹത്തെ സംബന്ധിക്കുന്ന നിയമങ്ങൾ എടുത്തുമാറ്റിയിട്ടുണ്ടെന്നാണ് ബിജെപി അവകാശപ്പെടുന്നത്. എന്നാൽ ഐപിസി 1860ലെ 124എയ്ക്ക് പകരമായി വരുന്ന ഭാരതീയ ന്യായസംഹിതയിലെ 150-ാം വകുപ്പ് പഴയതിനെക്കാൾ ഭീകരമാണ്. എല്ലാ മൗലികാവകാശങ്ങളും അത് ഒറ്റയടിക്ക് ഇല്ലായ്മ ചെയ്തിരിക്കുന്നു.

ഇന്ത്യയിലെ നിയമത്തിനനുസരിച്ച് രൂപംകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റിനെതിരെ അസംതൃപ്തിയുള്ളതോ, ആ അസംതൃപ്തി പ്രകടിപ്പിക്കുന്നതോ ആയ ഏതൊരാൾക്കെതിരെയും നടപടിയെടുക്കാൻ ഈ വകുപ്പ് ഗവൺമെന്റിന് അധികാരം നൽകുന്നു. മാത്രവുമല്ല, ഭാരതത്തിന്റെ പരമാധികാരത്തെയോ അഖണ്ഡതയെയോ ഐക്യത്തെയോ അപകടപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും ശിക്ഷിക്കപ്പെടണം എന്നും അതിൽ പറയുന്നു. പരമാധികാരത്തെയോ അഖണ്ഡതയെയോ ഐക്യത്തെയോ അപകടപ്പെടുത്തുക എന്നാൽ എന്താണെന്നതിന് കൃത്യമായ നിർവചനമില്ല. അത് തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വ്യാഖ്യാനിക്കാൻ ഭരണകൂടത്തിനും ഗവൺമെന്റിനും സാധിക്കും.

പഴയ ഐപിസി 124 എയുമായി ഇതിനെ താരതമ്യം ചെയ്തുനോക്കുക. ഇന്ത്യയിൽ നിയമപ്രകാരം സ്ഥാപിതമായ ഗവൺമെന്റിനോട് വാക്കാലോ, എഴുത്താലോ, അടയാളങ്ങൾകൊണ്ടോ, ദൃശ്യമായ പ്രകടനങ്ങൾ വഴിയോ മറ്റോ വിദ്വേഷമോ അവഹേളനമോ ഉണ്ടാക്കുന്നതും അതിനെതിരെ അസംതൃപ്തി വളർത്താൻ ശ്രമിക്കുന്നതും പിഴയോടുകൂടെ ജീവപര്യന്തം തടവിന്, അല്ലെങ്കിൽ മൂന്നുവർഷംവരെ നീളുന്ന തടവുശിക്ഷയോ അതോടൊപ്പം പിഴയും ശിക്ഷയായി ലഭിക്കാം. ഇതിലെ അസംതൃപ്തി എന്ന വാക്കിന് പുതിയ നിയമത്തിൽ ഗവൺമെന്റിനോടുള്ള കൂറില്ലായ്മയും ശത്രുതയും കൂട്ടിച്ചേർത്തിരിക്കുന്നു. അഥവാ പുതിയ നിയമപ്രകാരം ഗവൺമെന്റ് നടപടികൾക്കെതിരെയുള്ള ജനാധിപത്യപരമായ പ്രതിഷേധങ്ങളെപ്പോലും കുറ്റകൃത്യമായി വ്യാഖ്യാനിക്കാനുള്ള രീതിയിലാണ് പുതിയനിയമം.

പുതിയ നിയമത്തിലെ 116എ വകുപ്പ് ഒരു ഭീകരവാദിക്ക് നൽകിയിരിക്കുന്ന വിശദീകരണം, ആയുധങ്ങളോ സ്ഫോടകവസ്തുക്കളോ വികസിപ്പിച്ചെടുക്കുകയോ, നിർമ്മിക്കുകയോ, കൈവശംവയ്ക്കുകയോ, കരസ്ഥമാക്കുകയോ, കൊണ്ടുപോകുകയോ, വിതരണം ചെയ്യുകയോ, ഉപോയാഗിക്കുകയോ ചെയ്യുന്ന ആൾ എന്നാണ്. ആണവവസ്തുക്കളോ, അണുവികിരണമുണ്ടാക്കുന്ന പദാർത്ഥങ്ങളോ, അല്ലെങ്കിൽ തീ പിടിക്കുകയോ, വെള്ളപ്പൊക്കത്തിന് കാരണമാകുന്ന വസ്തുക്കളോ കൈകാര്യം ചെയ്യുന്ന ആൾ. അതായത് എവിടെയെങ്കിലും വെള്ളപ്പൊക്കമോ തീപിടുത്തമോ അല്ലെങ്കിൽ ഒരു അപകടം നടന്ന് ഒരു പൊട്ടിത്തെറിയോ(ഉദാഹരണത്തിന് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിക്കുക) സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ട ആളുകളെ ഭീകരവാദിയായി മുദ്രകുത്തി ശിക്ഷിക്കാം.

നമ്മുടെ നാട്ടിൽ പരിമിതമായെങ്കിലും നിലനിന്നിരുന്ന ജനാധിപത്യ അവകാശങ്ങളുംകൂടെ കവർന്നെടുക്കുകയാണ് പുതിയ നിയമസംഹിതകൾ. ഇതുവഴി ജനങ്ങളോട് പരസ്യമായ യുദ്ധപ്രഖ്യാപനമാണ് സർക്കാർ നടത്തുന്നത്. നിയമങ്ങളിലെ വാക്കുകൾ അസ്പഷ്ടമാകുന്നതിനനുസരിച്ച് സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് തങ്ങൾക്കിഷ്ടപ്പെട്ട രീതിയിൽ വ്യാഖ്യാനിക്കാൻ അവസരമുണ്ടാകുമെന്ന് 1993ൽ യുഎൻഒ ചൂണ്ടിക്കാട്ടിയിരുന്നു. എങ്ങനെവേണമെങ്കിലും വ്യാഖ്യാനിക്കാവുന്ന ഇത്തരം നിയമങ്ങൾ, പോലീസിനും മിലിട്ടറിക്കും, തങ്ങൾക്ക് അനഭിമതരായവരെ തുറുങ്കിലടയ്ക്കാൻ അവസരം നൽകും. രാജ്യദ്രോഹ നിയമം റദ്ദാക്കിയിട്ടില്ലെന്നുമാത്രമല്ല അവ്യക്തതയുള്ള പദപ്രയോഗങ്ങളിലൂടെ അതിനെ കൂടുതൽ അപകടകരമാക്കിയിരിക്കുകയാണ് പുതിയ നിയമസംഹിതയിൽ.

പഴയ പീനൽകോഡിൽ 511വകുപ്പുകൾ ഉണ്ടായിരുന്നസ്ഥാനത്ത് പുതിയ ഭാരതീയ ന്യായ സംഹിതയിൽ 356വകുപ്പുകൾ മാത്രമാണ് ഉള്ളത്. എന്നാൽ വിശദമായി പരിശോധിച്ചാൽ പഴയ നിയമത്തിന്റെ 80%വും പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. കൊളോണിയൽ നിയമത്തെ മാറ്റി അതിനെ ഭാരതീയവത്ക്കരിക്കുന്നു എന്ന ഗവൺമെന്റിന്റെ അവകാശവാദം പൊള്ളയാണ്. ഐപിസിയിലെ 520-ാം വകുപ്പ് അപകീർത്തിപ്പെടുത്തുന്നതിനെതിരെയുള്ള നിയമമാണ്. അതിങ്ങനെയാണ്: മറ്റൊരാളെ അപകീർത്തിപ്പെടുത്തുന്നയാൾക്ക് രണ്ടുവർഷം വരെ വെറുംതടവോ പിഴയോ അതോ രണ്ടും ഒരുമിച്ചോ ലഭിക്കാം. പുതിയ ബില്ലിലെ 354-ാം വകുപ്പിലും ഇതേ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ശിക്ഷയുടെകൂടെ സാമൂഹ്യസേവനവും കൂട്ടിച്ചേർത്തിരിക്കുന്നു എന്നുമാത്രം.

നീതിനിർവഹണ പ്രക്രിയ കഴിഞ്ഞാൽ ചുരുങ്ങിയ സമയത്തിനുള്ളിൽതന്നെ നീതി നടപ്പിലാക്കണം, സ്വന്തം നിരപരാധിത്വം തെളിയിക്കാനുള്ള എല്ലാ അവസരങ്ങളും കുറ്റാരോപിതന് ലഭിച്ചിരിക്കണം, മാത്രവുമല്ല നീതി നിർവഹണത്തിന്റെ പ്രക്രിയയിൽ കുറ്റംതെളിയിക്കപ്പെടുന്നതുവരെ കുറ്റാരോപിതനെ അല്ലെങ്കിൽ കുറ്റാരോപിതയെ നിരപരാധിയായിട്ടാണ് പരിഗണിക്കേണ്ടത് എന്നിവ ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിരിക്കുന്ന നീതിന്യായ സംവിധാനത്തിന്റെ അടിസ്ഥാനതത്വങ്ങളാണ്. അന്തർദ്ദേശീയ മനുഷ്യാവകാശ ചാർട്ടറിന്റെ 11-ാം വകുപ്പിൽ ഇവ എഴുതിച്ചേർത്തിട്ടുണ്ട്. എന്നാൽ പുതിയ ന്യായസംഹിതകൾ പിന്തുടരുന്നത് എങ്ങനെയെങ്കിലും ശിക്ഷ നടപ്പിലാക്കാനുള്ള പഴയ മതവിചാരണകളുടെ വ്യഗ്രതയാണ്. അതായത് ഗവൺമെന്റിനെ എതിർത്തു എന്ന പേരിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്താൽ പിന്നെ വിചാരണ ഒരു പ്രഹസനം മാത്രമായിരിക്കും. അയാൾക്ക് ശിക്ഷ ലഭിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല.

ഐപിസി 1860ൽ 302-ാം വകുപ്പ് മനപ്പൂർവമുള്ള നരഹത്യയെ കുറിച്ചായിരുന്നു. ഇപ്പോൾ അക്കൂട്ടത്തിലേയ്ക്ക് കള്ളവും പിടിച്ചുപറിയും കൂട്ടിച്ചേർത്തിട്ടുണ്ട്. അത്തരം കുറ്റങ്ങൾക്ക് കടുത്ത ശിക്ഷ ലഭിക്കാം എന്നർത്ഥം. ഐപിസി 420-ാം വകുപ്പ് വഞ്ചനാക്കുറ്റത്തെക്കുറിച്ചായിരുന്നു. ഇതിന്റെ കുറഞ്ഞ ശിക്ഷ ഒരു വർഷത്തിൽനിന്ന് ആറുമാസമായി വെട്ടിച്ചുരുക്കിയിട്ടുണ്ട്.

ന്യായസംഹിതയിലെ 69-ാംവകുപ്പ് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചുള്ളതാണ്. ആരെങ്കിലും കപടമായ മാർഗ്ഗങ്ങളിലൂടെയോ അല്ലെങ്കിൽ വിവാഹം കഴിക്കാൻ ഉദ്ദേശിക്കാതെ വിവാഹവാഗ്ദാനം നൽകിയോ ഒരു സ്ത്രീയുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെട്ടാൽ അത്തരം വേഴ്ച ബലാത്സംഗക്കുറ്റത്തിന്റെ പരിധിയിൽ വരുന്നതല്ല എങ്കിലും പത്തുവർഷംവരെ തടവും ഒപ്പം പിഴയും അടയ്ക്കേണ്ടിവരും. കപടമായ എന്നതിന് നിർവചനം തൊഴിലോ പ്രൊമോഷനോ നൽകുമെന്ന കപടമായ വാഗ്ദാനം, സ്വന്തം വ്യക്തിവിവരങ്ങൾ മറച്ചുവച്ചുകൊണ്ട് വിവാഹത്തിന് പ്രേരിപ്പിക്കുക എന്നിവയാണ്.

നിയമത്തിൽ ഈ പദാവലി വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്ന തരത്തിൽ കൃത്യമായ ലക്ഷ്യത്തോടെയാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യത്യസ്ത മതവിഭാഗങ്ങളിലെ വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ വ്യക്തിവിവരങ്ങൾ മറച്ചുവച്ചു എന്ന് ആരോപിച്ച് ശിക്ഷാർഹമാക്കാൻ ഇത് പഴുതൊരുക്കുന്നുണ്ട്. പ്രത്യേകിച്ച് ഹിന്ദു മുസ്ലീം ബന്ധങ്ങളെ നിരുത്സാഹപ്പെടുത്താൻ ഇത്തരം നിയമങ്ങൾ ഉപയോഗിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. മാത്രവുമല്ല, ഈ നിയമത്തിൽ മന:പൂർവമായി ഉണ്ടാക്കിയിട്ടുള്ള അവ്യക്തതയും വിവേചനപരമായ ഭാഷയും നമ്മുടേതുപോലുള്ള ഒരു പുരുഷമേധാവിത്വ സമൂഹത്തിൽ സ്ത്രീകളുടെ സ്വാതന്ത്ര്യം കൂടുതൽ പരിമിതപ്പെടുത്താൻ ഇടയാക്കും. 2002ലെ ഗുജറാത്ത് കലാപകാലത്ത് ബിൽക്കീസ് ബാനുവിനെ ക്രൂരമായി കൂട്ടബലാത്സംഗം ചെയ്ത കൊടുംകുറ്റവാളികളെ കാലാവധി തീരുംമുമ്പ് വിട്ടയച്ചത് നാം കണ്ടതാണ്. വനിതാഗുസ്തി താരങ്ങളെ ലൈംഗികമായി ചൂഷണംചെയ്ത ഗുസ്തി ഫെഡറേഷന്റെ പ്രസിഡന്റായിരുന്ന ബിജെപി എംപിയെ ഫലത്തിൽ കുറ്റവിമുക്തനാക്കിയതും നാം കണ്ടു. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് അനുസരിച്ച് നമ്മുടെ രാജ്യത്ത് ഓരോ മണിക്കൂറിലും സ്ത്രീകൾക്കെതിരെയുള്ള 49 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ പെൺഭ്രൂണഹത്യയിലൂടെ ഇല്ലാതെയാക്കപ്പെട്ടത് അമ്പതുലക്ഷം പെൺകുഞ്ഞുങ്ങളാണ്. അപ്പോൾ നിയമത്തിലെ വാചകങ്ങൾ മാറ്റിയതുകൊണ്ടുമാത്രം കാര്യമില്ല.

## സുരക്ഷാസംഹിത

ക്രിമിനൽ പ്രൊസീജിയർ ആക്ടിലെ 478 വകുപ്പുകൾക്ക് പകരമായി വന്നിരിക്കുന്ന ഭാരതീയ സുരക്ഷാ സംഹിത 2023ൽ 533 വകുപ്പുകളാണ് ഉള്ളത്. 55വകുപ്പുകൾ അധികം. 175 വകുപ്പുകൾ മാറ്റിയിട്ടുണ്ട്. 8പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. 22 എണ്ണം പൂർണമായി ഒഴിവാക്കിയിട്ടുമുണ്ട്. ചില സുപ്രധാന വകുപ്പുകൾ നമുക്കൊന്ന് പരിശോധിച്ചുനോക്കാം.

സുരക്ഷാ സംഹിതയുടെ 256(3) വകുപ്പ് പറയുന്നു: കുറ്റം ആരോപിക്കപ്പെട്ടയാൾ ഏതെങ്കിലും സാക്ഷിയെ വിസ്തരിക്കണമെന്നോ, പുതിയ രേഖകൾ പരിശോധിക്കണമെന്നോ ആവശ്യപ്പെട്ടാൽ അത് നീതിനിർവഹണത്തെ തടസ്സപ്പെടുത്തുമെന്ന് ജഡ്ജി വിലയിരുത്തിയാൽ ആ അപേക്ഷ നിരസിക്കാവുന്നതാണ്. അതായത് ഒരു സാക്ഷിയെ വിസ്തരിക്കാൻ കുറ്റാരോപിതന് അനുവാദം ലഭിക്കണം എന്നില്ല. സ്വന്തം നിരപരാധിത്വം തെളിയിക്കാനുള്ള ഒരു കുറ്റാരോപിതന്റെ അവകാശം ജഡ്ജിക്ക്

(ശേഷം 7-ാം പേജിൽ)

# പുതിയ നിയമങ്ങൾ മുതലാളിത്ത ഭരണകൂടത്തോട് അന്ധമായ വിധേയത്വം പുലർത്തുന്ന പൗരന്മാരെ സൃഷ്ടിക്കുന്നു

(6-ാം പേജിൽ നിന്ന്)

തീർത്തും ഏകപക്ഷീയമായ ഈ വിവേചനാധികാരത്തിലൂടെ എടുത്തുകളയാം. ജനാധിപത്യ അവകാശങ്ങളുടെ നഗ്നമായ ലംഘനമാണ് ഇത്.

187-ാം വകുപ്പ് നോക്കുക. കുറ്റാരോപിതനെ 90 ദിവസത്തോളം കസ്റ്റഡിയിൽ വെക്കാനുള്ള അവസരമാണ് ഈ വകുപ്പ് പോലീസിന് നൽകുന്നത്. ക്രിമിനൽ നടപടി കോഡ് പ്രകാരം പോലീസ് കസ്റ്റഡി കാലയളവായ 15 ദിവസം ഒരുമിച്ചായിരുന്നു അനുവദിച്ചിരുന്നത്. എന്നാൽ ബിഎൻഎസ്എസ് പ്രകാരം 15 ദിവസ പോലീസ് കസ്റ്റഡി ഘട്ടങ്ങളായി നൽകാൻ അനുവദിക്കുന്നു. എന്നു മാത്രമല്ല പ്രതിയെ അറുപത് ദിവസത്തിനുള്ളിൽ പോലീസ് കസ്റ്റഡിയിൽ സ്വീകരിച്ചാലുംമതി. പോലീസ് ആവശ്യപ്പെട്ടും പ്രകാരം പ്രതിയെ വിട്ടുകൊടുക്കാൻ അറുപത് ദിവസത്തോളം ജുഡീഷ്യൽ കസ്റ്റഡിയിൽ വെക്കണമെന്നർത്ഥം. അത്രയും നാൾ പ്രതിക്ക് ജാമ്യം കിട്ടില്ല. ആരോപിക്കപ്പെട്ട കുറ്റകൃത്യവും, കുറ്റത്തിന് നൽകാവുന്ന പരമാവധി ശിക്ഷാ കാലവും കണക്കിലെടുത്ത് പോലീസ് കസ്റ്റഡിക്കാലം ദീർഘിപ്പിച്ചു നൽകാനുള്ള അവകാശവും സുരക്ഷാസംഹിത മജിസ്ട്രേറ്റിന് നൽകുന്നു.

ഒരാളെയും പതിനഞ്ചുദിവസത്തിൽ കൂടുതൽ പോലീസ് കസ്റ്റഡിയിൽ വിടരുതെന്ന് 1992ൽ സുപ്രീംകോടതി വ്യക്തമാക്കിയതാണ്(1992,3 SCC141). അവിടെയാണ് തൊണ്ണൂറുദിവസംവരെ ഏത് കസ്റ്റഡിയിലും വിടാൻ ഏത് മജിസ്ട്രേറ്റിനും ഉത്തരവിടാമെന്ന് പുതിയ നിയമം പറയുന്നത്. തൊണ്ണൂറുദിവസം പോലീസ് കസ്റ്റഡിയിൽ കിടന്നാൽ പോലീസിന് ഏതുകുറ്റവും ആരുടെ തലയിലും കെട്ടിവയ്ക്കാം.

ഇനി 43(3)-ാം വകുപ്പ് നോക്കുക: ഒരു പോലീസ് ഓഫീസർക്ക് കുറ്റകൃത്യത്തിന്റെ ഗൗരവം പരിഗണിച്ച് കുറ്റാരോപിതന്റെ കൈകൾ അറസ്റ്റ് ചെയ്യുന്ന സമയത്ത് വിലങ്ങ് വയ്ക്കാവുന്നതാണ്. കുറ്റാരോപിതൻ കസ്റ്റഡിയിൽനിന്ന് രക്ഷപ്പെട്ട സ്ഥിരം കുറ്റവാളിയാണെങ്കിലോ, സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട ആളാണെങ്കിലോ, നിയമവിരുദ്ധമായി ആയുധം കൈവശം വച്ച ആളാണെങ്കിലോ, കൊലപാതകം, ബലാത്സംഗം, ഭീകരപ്രവർത്തനങ്ങൾ, ആസിഡ് ആക്രമണം, കള്ളനാണയത്തിന്റെയോ കറൻസിനോട്ടുകളുടെയോ നിർമ്മാണം, മനുഷ്യക്കടത്ത്, രാജ്യത്തിനെതിരെ പ്രവർത്തിക്കുക, രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഐക്യത്തിനും പരമാധികാരത്തിനുമെതിരെ പ്രവർത്തിക്കുക എന്നിവയിലേതെങ്കിലും ഉൾപ്പെട്ടതാണെങ്കിൽ ഇങ്ങനെവിലങ്ങുവയ്ക്കാവുന്നതാണ്. 1978ൽത്തന്നെ വിലങ്ങ് ഉപയോഗിക്കുന്നത് വിലക്കിക്കൊണ്ട് സുപ്രീംകോടതി വിധിയുണ്ടായിരുന്നു. കഴിഞ്ഞുപോയ കാലത്തെ ഇത്തരം കാടൻ രീതികൾ നമ്മുടെ ഭരണഘടനയുടെ വാക്കുകൾക്കും ഉള്ളടക്കത്തിനും കടകവിരുദ്ധമാണ് എന്ന് അന്ന് സുപ്രീംകോടതി അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വിലക്കിയിരുന്നു. അതിനെ മറികടക്കുകയാണ് പുതിയ നിയമസംഹിത.

സുരക്ഷാസംഹിതയിലെ 173-ാം വകുപ്പാണ് ഏറെ അപകടകരം. പ്രാഥമികാന്വേഷണംപോലും നടത്താതെ ഒരാളെ ഏത് കേസിന്റെ പേരിലും അറസ്റ്റ് ചെയ്യാനും തടവിൽ വയ്ക്കാനും ഇത് പോലീസിന് അധികാരം നൽകുന്നു. 193-ാം വകുപ്പ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥന് കോടതിയുടെ മുൻകൂർ അനുവാദമില്ലാതെ തന്നെ അന്വേഷണം തുടരാനും അനുവാദമുണ്ട്.

കരിനിയമങ്ങളായ എംസിഒസിഎയിലും യുഎപിഎയിലും എഫ്ഐആർ ഫയൽ ചെയ്യുന്നതിനുമുമ്പ് സീനിയർ പോലീസ് ഓഫീസറുടെ അംഗീകാരം തേടണമെന്നുണ്ട്. മാത്രവുമല്ല, നിശ്ചിതറാങ്കിന് മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് മാത്രമേ അന്വേഷിക്കാനും അനുമതിയുള്ളൂ. എന്നാൽ പുതിയ നിയമത്തിൽ അത്തരം നിയന്ത്രണങ്ങൾ ഇല്ല. അറസ്റ്റ് ചെയ്ത സ്ഥലം, അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേര് എന്നിവ രേഖപ്പെടുത്തണമെന്ന് മാത്രമേ പുതിയ നിയമത്തിൽ അനുശാസിക്കുന്നുള്ളൂ. അറസ്റ്റ് ചെയ്യപ്പെട്ട ആൾക്ക് നാൽപ്പത്തിയെട്ട് മണിക്കൂറിനകം വൈദ്യപരിശോധന നടത്തണമെന്നും പറയുന്നുണ്ട്. എന്നാൽ സ്വന്തമായി വക്കീലിനെ ഏർപ്പെടുത്താൻ ഇയാൾക്ക് കഴിയില്ലെങ്കിൽ നിയമസഹായം ലഭ്യമാക്കണമെന്ന കാര്യം പുതിയനിയമത്തിൽ ഇല്ല. സുരക്ഷാസംഹിതയുടെ 33-ാം വകുപ്പും കുഴപ്പം പിടിച്ചതാണ്. ഇത് പ്രകാരം കുറ്റകൃത്യത്തെക്കുറിച്ച് വിവരം ലഭിച്ചവെന്നതിന്റെ പേരിൽ ആരെയും തടവിലിടാൻ പോലീസിന് സാധിക്കും.



## സാക്ഷ്യസംഹിത

പഴയ തെളിവുനിയമത്തിലെ 170 വകുപ്പുകൾക്ക് പകരം പുതിയ സാക്ഷ്യസംഹിതയിൽ 167 വകുപ്പുകളാണ് ഉള്ളത്. ഇരുപത്തിമൂന്ന് വകുപ്പുകളിൽ മാറ്റമുണ്ട്. പുതിയതായി ഒരു വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. അഞ്ചെണ്ണം ഒഴിവാക്കിയിട്ടുണ്ട്.

115-ാം വകുപ്പ് പറയുന്നു. ഇതിന്റെ രണ്ടാം ഉപവിഭാഗത്തിൽപെട്ട കുറ്റം ആരോപിക്കപ്പെട്ട വ്യക്തി, ആ വ്യക്തി ഏതെങ്കിലും തരത്തിലുള്ള നിരോധിത മേഖലയിലാണെങ്കിൽ, അല്ലെങ്കിൽ കലാപബാധിത മേഖലയിലാണെങ്കിൽ അയാൾ കുറ്റം ചെയ്തിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. അയാത് താൻ നിരപരാധിയാണെന്ന് തെളിയിക്കേണ്ട ബാധ്യത കുറ്റം ആരോപിക്കപ്പെട്ട വ്യക്തിക്കാണ്. എന്നാൽ നിയമത്തിന്റെ അടിസ്ഥാനതത്വങ്ങൾ പറയുന്നത് ആരെങ്കിലും മറ്റൊരാൾക്കെതിരെ ആരോപണമുന്നയിച്ചാൽ അത് തെളിയിക്കേണ്ട ബാധ്യത ആരോപണമുന്നയിക്കുന്ന ആൾക്കാണ് എന്നാണ്. എന്നാൽ ഇത്തരം അടിസ്ഥാന തത്വങ്ങളെ അട്ടിമറിക്കുന്നതും പല കരിനിയമങ്ങളും ഉൾപ്പെടുന്നതുമാണ് പുതിയ നിമയസംഹിതകൾ. വിചാരണ നടപടികൾ ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി നടത്താമെന്നും ഇത് അനുശാസിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയുള്ള വിചാരണ പലതരത്തിൽ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

## ഉപസംഹാരം

പുതിയ നിയമങ്ങളെക്കുറിച്ച് ഒട്ടനവധി ആശങ്കകൾ നിയമവിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഫാസിസ്റ്റ് സ്വേച്ഛാധിപത്യ ഭരണത്തിനുള്ള പദ്ധതിയാണ് ഇതെന്ന് വ്യക്തമാണ്. വരികൾക്കുള്ളിലും വരികൾക്കിടയിലും കൂടുതൽ അധികാരം എക്സിക്യൂട്ടീവിന്റെ കൈകളിൽ കേന്ദ്രീകരിക്കുകയും നീതിനിർവഹണ സംവിധാനത്തിൽ കോടതികളുടെ പങ്ക് കുറച്ചുകൊണ്ടുവരുന്നതും കാണാം. ഗവൺമെന്റ് പറയുന്നത് നിയമത്തിന്റെ കാര്യത്തിൽ അവസാനവാക്ക് നിയമനിർമ്മാതാക്കൾക്കായിരിക്കണം എന്നാണ്. എന്നാൽ നിയമനിർമ്മാതാക്കളുടെ പരമാധികാരത്തിന്റെ ഉറവിടം ജനങ്ങളാണ് എന്നകാര്യം മറക്കരുത്.

തിരഞ്ഞെടുപ്പ് പ്രക്രിയ താരതമ്യേന സ്വതന്ത്രവും നീതിപൂർവകവുമായിരുന്നപ്പോൾ ഒരു പരിധിവരെ ജനങ്ങളോട് ഉത്തരവാദിത്തമുള്ള ആളുകൾ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. ഇപ്പോൾ തിരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്നത് പണവും ഗുണ്ടകളും മാധ്യമങ്ങളും അധികാരകേന്ദ്രങ്ങളും ചേർന്നാണ്. ഇന്ത്യൻ പാർലമെന്റിൽ 251പേർക്കെതിരെ ക്രിമിനൽ കേസുകൾ ഉണ്ട്. അതിൽതന്നെ 170ഓളം പേർക്കെതിരെയുള്ള കേസുകൾ കൊലപാതകം, ബലാത്സംഗം തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെ വളരെ ഗൗരവസ്വഭാവമുള്ളതാണ്. (*ബിസിനസ് സ്റ്റാൻഡേർഡ്*, 6-6-2024) തിരഞ്ഞെടുപ്പ് കഴിഞ്ഞാലും പണം വാങ്ങി കൂറുമാറുന്നവരും, നയപരമായ കാര്യങ്ങളിൽ ചർച്ച നടക്കാത്തതും, ഓർഡിനൻസുകൾ വഴി നിയമങ്ങൾ കൊണ്ടുവരുന്നതും എല്ലാം സാധാരണയായിമാറിയിരിക്കുന്നു. ഇത്തരമൊരു പാർലമെന്റിൽനിന്ന് ഇതുപോലെയുള്ള വഞ്ചനനിറഞ്ഞതും ജനങ്ങളെ അടിച്ചമർത്താനുള്ളതുമായ നിയമങ്ങളല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കാൻ കഴിയുക.

ഈ മാറ്റങ്ങൾ മുതലാളിത്തത്തിന്റെ വികാസത്തിനനുസരിച്ച് വന്നതാണ്. മുതലാളിത്തം സ്വതന്ത്രമത്സരങ്ങളുടെ കാലത്തുനിന്നും കുത്തകകളുടെ കാലത്തേയ്ക്ക് വികസിച്ചതോടെ അത് മൂലധനത്തിന്റെ കേന്ദ്രീകരണത്തിലേയ്ക്ക് നയിച്ചു. മൂലധനവും അതിൽ നിന്നുണ്ടാകുന്ന സാമ്പത്തിക അധികാരവും ഏതാനും കുത്തക മുതലാളിമാരുടെ കൈകളിൽ കേന്ദ്രീകരിക്കുകയും ബഹുഭൂരിപക്ഷംവരുന്ന ജനവിഭാഗങ്ങൾ ദരിദ്രരാകുകയും അതോടൊപ്പംതന്നെ നിസ്സഹായരായി മാറുകയും ചെയ്തു. അധികാരം എക്സിക്യൂട്ടീവിന്റെ(നിയമനിർമാതാക്കളുടെയും നിയമം നടപ്പിലാക്കുന്നവരുടെയും) കൈകളിൽ കേന്ദ്രീകരിക്കുന്നത് മൂലധനത്തിന്റെ കേന്ദ്രീകരണത്തോടെയാണ്. ജനാധിപത്യത്തിന്റെ മൂന്നാം തൂണായ നീതിന്യായ വ്യവസ്ഥയ്ക്ക് താരതമ്യേനയുണ്ടായിരുന്ന സ്വാതന്ത്ര്യം നഷ്ടമായി. പല നിയമജ്ഞരും ഇതിൽ അസന്തുഷ്ടരാണ്. ഈ പുതിയ നിയമങ്ങളും മൃഗീയമായ അധികാരം എക്സിക്യൂട്ടീവിന്റെ കൈകളിലേയ്ക്ക് കേന്ദ്രീകരിക്കാനും പ്രതിഷേധത്തിന്റെ സ്വരങ്ങളെല്ലാം ഇല്ലായ്മ ചെയ്യാനും ഉദ്ദേശിച്ചുള്ളതാണ്. നമ്മുടെ നാട്ടിൽ അവശേഷിക്കുന്ന ജനാധിപത്യ മര്യാദകളും ചട്ടങ്ങളും രീതികളും കഴിച്ചുമൂടി, പാർലമെന്റിന്റെ പിന്തുണയോടെ തന്നെ ഫാസിസത്തിന്റെ കരാളഹസ്തങ്ങൾ പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്.

1978ൽ പാർലമെന്റ് മൃഗീയ ഭൂരിപക്ഷത്തോടെ പാസ്സാക്കിയ നിയമങ്ങളെക്കുറിച്ചുള്ള കേസിൽ പ്രശസ്ത നിയമജ്ഞനായ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ ഉൾപ്പെടുന്ന അഞ്ചംഗപാനൽ ഇങ്ങനെ നിരീക്ഷിച്ചു. സ്വകാര്യമായി, പൊതുജനങ്ങളെ ഒന്നുമറിയിക്കാതെ, ഒരു മുറിയിൽവച്ചുണ്ടാക്കുന്ന നിയമങ്ങൾക്ക്, ജനങ്ങളുടെ ജീവനും സ്വത്തും സ്വാതന്ത്ര്യവും ഒരു പ്രമേയം പാസ്സാക്കി അട്ടിമറിക്കാൻ കഴിയുന്നു എന്നത് സംസ്കാരമുള്ള ഒരു മനുഷ്യനും അംഗീകരിക്കാൻ കഴിയില്ല. ഇത് മനസ്സാക്ഷിയെ ഞെട്ടിക്കുന്നു. ആ നിരീക്ഷണം ഇന്ന് മരണാസന്ന മുതലാളിത്തത്തെ സേവിക്കുന്ന ബിജെപിയെ സംബന്ധിച്ചിടത്തോളം എത്രയോ അർത്ഥവത്താണ്.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാപകനും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാട്ടുന്നു, വികസിതമോ അവികസിതമോ എന്നില്ലാതെ എല്ലാ മുതലാളിത്ത രാജ്യങ്ങളിലും, ഭരണകൂടത്തിലും അതിന്റെ ഭരണനിർവഹണ സംവിധാനത്തിലും വിവിധ രൂപങ്ങളിൽ ഫാസിസം ആവിർഭവിച്ചുകൊണ്ടിരിക്കുകയാണ്(*തിരഞ്ഞെടുത്ത കൃതികൾ, വോള്യം 1*) ഫാസിസമെന്നാൽ പ്രധാനമായും സമ്പദ്ഘടനയുടെ കേന്ദ്രീകരണം, രാഷ്ട്രീയാധികാരം ഭരണകൂടത്തിന്റെ കൈകളിലേയ്ക്ക് കേന്ദ്രീകരിക്കൽ, ഭരണനിർവഹണത്തിലെ അയവില്ലാത്ത കാർക്കശ്യം, ഒപ്പം കുത്തകകളുടെയും ഭരണകൂടത്തിന്റെയും താൽപര്യങ്ങൾ താദാത്മ്യപ്പെടുന്നതിലേയ്ക്കും സാംസ്കാരികമായ ചിട്ടപ്പെടുത്തലിലേയ്ക്കും നയിക്കുന്നതുമാണ്. (*തിരഞ്ഞെടുത്ത കൃതികൾ വോള്യം 2*) ഈ മൂന്ന് പുതിയ നിയമങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്. ■

## വയനാട് ഉരുൾപൊട്ടൽ...

(1-ാം പേജിൽ നിന്ന്)

സംസ്ഥാനത്തെ നടുക്കിയ ഈ ദുരന്തത്തിൽ പശ്ചിമഘട്ട മലനിരകളുടെ ഓരങ്ങളിലും അടിവാരത്തുമൊക്കെ വസിക്കുന്നവരാകെ ആശങ്കാകുലരാണ്. ഏതുസമയത്തും ജീവനും വസ്തുവകകളുമൊക്കെ നഷ്ടപ്പെടാമെന്നതാണ് സ്ഥിതി. ദുരന്തത്തിൽ പെട്ടവരെ രക്ഷിക്കുവാനും ആവശ്യമായ സഹായങ്ങളെത്തിക്കുവാനും അധികാരികൾ സത്വരശ്രദ്ധ പുലർത്തണം. അതോടൊപ്പം ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളെടുക്കാനും ശാസ്ത്രീയമായ സംരക്ഷണ നടപടികൾ ദീർഘവീക്ഷണത്തോടെ കൈക്കൊള്ളാൻ അധികാരികൾ തയ്യാറാകണം.

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കടുത്ത വരൾച്ച, വെള്ളപ്പൊക്കം, പേമാരി തുടങ്ങിയവയ്യൊക്കെ സംസ്ഥാനം ആവർത്തിച്ചിരയായിക്കൊണ്ടിരിക്കുകയാണ്. പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കുന്നതിന് പിന്നിൽ മനുഷ്യന്റെ തെറ്റായ ഇടപെടൽ കാരണമാകുന്നുവെന്ന് വി.എൻ. ഗാഡ്ഗിൽ അടക്കം പല വിദഗ്ധരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ മുന്നറിയിപ്പുകൾ അവഗണിക്കുന്നതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് സാധാരണക്കാരായ ജനങ്ങളാണ്. അതീവ പ്രാധാന്യത്തോടെ ഇത്തരം വിഷയങ്ങളിൽ ശരിയായ നിലപാടെടുക്കാനും ഉത്തരവാദിത്തബോധത്തോടെ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും സംസ്ഥാന സർക്കാർ തയ്യാറാകണം. കേന്ദ്രഗവൺമെന്റിന്റെ പിന്തുണയും സഹായങ്ങളും ഇക്കാര്യത്തിലുണ്ടാകാൻ ജനപ്രതിനിധികളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരുമിച്ച് നിൽക്കണം. സേവനസന്നദ്ധരായ മുഴുവനാളുകളെയും ഉൾക്കൊള്ളുന്ന വിശാലമായ ദുരന്ത നിവാരണ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കണം. ദുരന്തങ്ങൾ മനുഷ്യനിർമ്മിതമാകുമ്പോൾ, അതിൽ അധികാരികൾ പ്രതിസ്ഥാനത്തു വരുമ്പോൾ അത് അക്ഷന്തവ്യമായ അപരാധമാകുന്നു. മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിക്കും സംരക്ഷണം ഒരുക്കേണ്ടത് അധികാരികളുടെ ഉത്തരവാദിത്തമാണെന്ന് മറക്കാതിരിക്കുക. ■

*സൈദ്ധാന്തിക പാഠങ്ങൾ*

# കമ്മ്യൂണിസത്തിന്റെ തത്വങ്ങൾ: ഫ്രെഡറിക് എംഗൽസ്

**മഹാനായ എംഗൽസിന്റെ ചരമവാർഷിക ദിനമായ ആഗസ്റ്റ് 5 ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകൾ സമുചിതം ആചരിക്കുകയാണ്. ഈ സന്ദർഭത്തിൽ മാർക്സിസത്തിന്റെ അടിസ്ഥാന പാഠങ്ങളെ സംബന്ധിച്ചുള്ള ചോദ്യങ്ങളും അവയ്ക്ക് എംഗൽസ് നൽകുന്ന ലളിതവും കൃത്യവുമായ ഉത്തരങ്ങളുമടങ്ങുന്ന ഒരു ലേഖനം പ്രസിദ്ധീകരിക്കുകയാണ്.**



ഫ്രെഡറിക് എംഗൽസ്
28 നവംബർ 1820 – 5 ആഗസ്റ്റ് 1895

**ചോദ്യം : കമ്മ്യൂണിസം എന്നാൽ എന്താണ്?**

ഉത്തരം: തൊഴിലാളിവർഗ്ഗ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണ് കമ്മ്യൂണിസം.

**ചോദ്യം : തൊഴിലാളിവർഗ്ഗം എന്നാൽ എന്താണ്?**

ഉത്തരം: സമൂഹത്തിലെ ഏതു വർഗ്ഗമാണോ, ഏതെങ്കിലും മൂലധനത്തിൽ നിന്ന് കിട്ടുന്ന ലാഭം കൊണ്ടല്ലാതെ പൂർണമായും സ്വന്തം അധ്വാനം വിൽക്കുന്നതുവഴി മാത്രം ഉപജീവനമാർഗ്ഗം സമ്പാദിക്കുന്നത് അതാണ് തൊഴിലാളിവർഗ്ഗം. അതിന്റെ സുഖവും ദുഃഖവും ജീവിതവും മരണവും അതിന്റെ നിലനിൽപ്പാകെത്തന്നെ ആശ്രയിച്ചിരിക്കുന്നത് അധ്വാനത്തിനുള്ള ആവശ്യകതയെയാണ്. അതായത് ബിസിനസിന്റെ നല്ല കാലവും ചീത്ത കാലവും മാറിമാറി വരുന്നതിനെയും അനിയന്ത്രിതമായ മത്സരത്തിൽ നിന്നുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെയും ആണ്. പ്രോലിറ്റേറിയറ്റ് അഥവാ പ്രോലിറ്റേറിയന്മാരുടെ വർഗ്ഗം. ഒറ്റവാക്കിൽ പറഞ്ഞാൽ പത്തൊമ്പതാം നൂറ്റാണ്ടിലെ പണിയാളവർഗ്ഗമാണ്.

**ചോദ്യം : പ്രോലിറ്റേറിയന്മാർ എല്ലാകാലത്തും ഉണ്ടായിരുന്നില്ലെന്നല്ലേ ഇതിനർത്ഥം?**

ഉത്തരം: അതെ. പാവങ്ങളും പണിയെടുക്കുന്ന വർഗ്ഗങ്ങളും എക്കാലത്തും നിലനിന്നിട്ടുണ്ട്. പണിയെടുക്കുന്ന വർഗ്ഗങ്ങൾ സാധാരണഗതിയിൽ പാവങ്ങളുമായിരുന്നു. എന്നാൽ മത്സരം എക്കാലത്തും സ്വതന്ത്രവും അനിയന്ത്രിതവും ആയിരുന്നിട്ടില്ലെന്നതുപോലെ തന്നെ മുകളിൽ പറഞ്ഞ സാഹചര്യങ്ങളിൽ ജീവിക്കുന്ന തരത്തിലുള്ള പാവങ്ങൾ, തൊഴിലാളികൾ, അതായത് പ്രോലിറ്റേറിയന്മാർ എല്ലാ കാലത്തും ഉണ്ടായിരുന്നില്ല.

**ചോദ്യം : പ്രോലിറ്റേറിയറ്റ് (തൊഴിലാളി വർഗ്ഗം) എങ്ങനെ ആവർഭവിച്ചു?**

ഉത്തരം: കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇംഗ്ലണ്ടിൽ നടന്നതും അതിനുശേഷം ലോകത്തിലെ എല്ലാ പരിഷ്കൃത രാജ്യങ്ങളിലും ആവർത്തിച്ചതുമായ വ്യാവസായിക വിപ്ലവത്തിന്റെ ഫലമായിട്ടാണ് തൊഴിലാളിവർഗ്ഗം ഉയർന്നുവന്നത്. ആവിയന്ത്രത്തിന്റെയും പലതരം നൂൽനൂൽപ്പ് യന്ത്രങ്ങളുടെയും മറ്റനേകം യന്ത്രോപകരണങ്ങളുടെയും കണ്ടുപിടുത്തമാണ് ഈ വ്യാവസായിക വിപ്ലവത്തെ നിലവിൽ കൊണ്ടുവന്നത്. വളരെ വിലപിടിച്ചതും അതുകൊണ്ടുതന്നെ വലിയ മുതലാളിമാർക്ക് മാത്രം വാങ്ങാൻ കഴിഞ്ഞതുമായ ആ യന്ത്രങ്ങൾ അന്നേവരെ നിലനിന്നിരുന്ന ഉത്പാദന രീതിയെയാകെ മാറ്റിമറിച്ചു. അന്നേവരെ ഉണ്ടായിരുന്ന തൊഴിലാളികളെ അവ പുറന്തള്ളി. കാരണം തൊഴിലാളികൾക്ക് തങ്ങളുടെ മോശപ്പെട്ട ചർക്കകളും കൈത്തറികളും കൊണ്ടു നിർമ്മിക്കാൻ കഴിഞ്ഞതിനേക്കാൾ വിലകുറഞ്ഞതും മെച്ചപ്പെട്ടതുമായ ചരക്കുകളെ യന്ത്രങ്ങൾ ഉത്പാദിപ്പിച്ചു. അങ്ങനെ ഈ യന്ത്രങ്ങൾ വ്യവസായത്തെ അപ്പാടെ വലിയ മുതലാളിമാരുടെ കൈകളിൽ ഏൽപ്പിച്ചു കൊടുക്കുകയും തൊഴിലാളികളുടെ തുച്ഛമായ സ്വത്തിന് (പണി ആയുധങ്ങളും കൈത്തറികളും മറ്റും) വിലയില്ലാതാവുകയും ചെയ്തു. താമസിയാതെ സർവ്വതും മുതലാളിമാരുടെ വകയായി. തൊഴിലാളികൾക്ക് യാതൊന്നും ശേഷിച്ചില്ല. ഇങ്ങനെയാണ് തുണി ഉല്പാദനരംഗത്ത് ഫാക്ടറി സമ്പ്രദായം ഏർപ്പെടുത്തിയത്. യന്ത്രോപകരണങ്ങളും ഫാക്ടറി സമ്പ്രദായവും ഏർപ്പെടുത്തുന്നതിന് ഒരിക്കൽ ഉത്തേജനം കിട്ടിയതോടെ ഫാക്ടറി സമ്പ്രദായം അതിവേഗം മറ്റെല്ലാ വ്യവസായ ശാഖകളെയും കടന്നാക്രമിച്ചു – വിശേഷിച്ച് തുണി, പുസ്തകമുദ്രണം, കളിമൺ പാത്രങ്ങളുടെയും ലോഹപദാർത്ഥങ്ങളുടെയും നിർമ്മാണം എന്നീ വ്യവസായങ്ങളെ. അധ്വാനം നിരവധി തൊഴിലാളികൾക്കിടയിലായി കൂടുതൽ കൂടുതൽ വിഭജിക്കപ്പെട്ടു. മുമ്പ് മുഴുവൻ ഉൽപന്നവും നിർമ്മിച്ചിരുന്ന തൊഴിലാളി ഇപ്പോൾ അതിന്റെ ഒരു ഭാഗം മാത്രമേ നിർമ്മിച്ചുള്ളൂ. ഈ തൊഴിൽ വിഭജനത്തിന്റെ ഫലമായി ഉത്പന്നങ്ങൾ കൂടുതൽ വേഗത്തിലും വിലകുറച്ചും നിർമ്മിക്കാൻ കഴിഞ്ഞു. അത് ഓരോ തൊഴിലാളിയുടെയും അധ്വാനത്തെ വളരെയേറെ ലളിതവും നിരന്തരം ആവർത്തിക്കുന്നതുമായ യാന്ത്രിക പ്രവൃത്തിയായി ചുരുക്കി. ഒരു യന്ത്രത്തിന് അത്രതന്നെയെന്ന് മാത്രമല്ല അതിലേറെ എത്രയോ നന്നായി ചെയ്യാവുന്ന പ്രവൃത്തിയാണിത്. അങ്ങനെ, നൂൽ നൂൽപ്പ് – നെയ്ത്ത് വ്യവസായത്തെപോലെതന്നെ ഈ വ്യവസായ ശാഖകൾ എല്ലാം ഒന്നൊന്നായി ആവിശക്തിയുടെയും യന്ത്രോപകരണങ്ങളുടെയും ഫാക്ടറി സമ്പ്രദായത്തിന്റെയും ആധിപത്യത്തിന് കീഴിലായി. എന്നാൽ, അതുവഴി അവയെല്ലാം വൻകിട മുതലാളിമാരുടെ കൈകളിൽ വന്നുവീഴുകയാണ് ഉണ്ടായത്. ഇവിടെയും തൊഴിലാളികൾക്ക് സ്വാതന്ത്ര്യത്തിന്റെ അവസാന ലാഞ്ഛനയും നഷ്ടപ്പെട്ടു. ക്രമേണ ശരിക്കുള്ള നിർമ്മാണത്തൊഴിലിന് (മാനുഫാക്ചറിംഗ്) പുറമേ കൈത്തൊഴിലുകളും ഫാക്ടറി സമ്പ്രദായത്തിന്റെ മേധാവിത്വത്തിന് അടിപ്പെട്ടു. കാരണം, വളരെയേറെ ചെലവ് ചുരുക്കിയും തൊഴിലാളികൾക്കിടയിൽ അധ്വാനം വിഭജിച്ചുകൊടുത്തും വലിയ വർക്ക്ഷോപ്പുകൾ പണിതുകൊണ്ട് ഇവിടെയും വലിയ മുതലാളിമാർ ചെറിയ കൈവേലക്കാരെ കൂടുതൽ കൂടുതൽ തള്ളിമാറ്റി. പരിഷ്കൃത രാജ്യങ്ങളിൽ അധ്വാനത്തിന്റെ ഏതാണ്ട് എല്ലാ ശാഖകളും ഫാക്ടറി സമ്പ്രദായത്തിന് കീഴിൽ നടത്തിവരാനും ആ ശാഖകളിൽ ഒട്ടുമിക്കതിനും വ്യവസായം കൈത്തൊഴിലിനെയും നിർമ്മാണതൊഴിലിനെയും തള്ളി പുറത്താക്കാനും ഇടയായത് ഇങ്ങനെയാണ്. ഇതിന്റെ ഫലമായി മുമ്പത്തെ ഇടത്തരം വർഗങ്ങൾ, വിശേഷിച്ച് ചെറുകിട കൈ വേലക്കാരായ മേസ്തിരിമാർ, അധികമധികം നാശത്തിലേക്ക് തള്ളിവിടപ്പെട്ടിരിക്കുന്നു. തൊഴിലാളികളുടെ മുമ്പത്തെ സ്ഥിതി പാടേ മാറിയിരിക്കുന്നു. മറ്റെല്ലാ വർഗ്ഗങ്ങളെയും ക്രമേണ വിഴുങ്ങിക്കൊണ്ട് രണ്ടു പുതിയ വർഗ്ഗങ്ങൾ നിലവിൽ വന്നിരിക്കുന്നു. അതായത്;

I. വലിയ മുതലാളിമാരുടെ വർഗ്ഗം. എല്ലാ പരിഷ്കൃത രാജ്യങ്ങളിലും എല്ലാ ഉപജീവനോപാധികളും ആ ഉപജീവനോപാധികൾ ഉത്പാദിപ്പിക്കാൻ ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും ഉപകരണങ്ങളും (യന്ത്രോപകരണങ്ങൾ, ഫാക്ടറികൾ മുതലായവ) ഏതാണ്ട് പൂർണ്ണമായും അവരുടെ വകയാണ്. ഈ വർഗ്ഗമാണ് ബൂർഷ്വാവർഗ്ഗം അഥവാ ബൂർഷ്വാസി.

II. യാതൊന്നും സ്വന്തമായിട്ടില്ലാത്തവരും അതുകൊണ്ട് അവശ്യം വേണ്ട ജീവനോപാധികൾ ലഭിക്കുന്നതിന് പകരമായി തങ്ങളുടെ അധ്വാനം ബൂർഷ്വാകൾക്ക് വിൽക്കാൻ നിർബന്ധിതരായിട്ടുള്ളവരുമായ ആളുകളുടെ വർഗ്ഗം. ഈ വർഗ്ഗത്തെ തൊഴിലാളിവർഗ്ഗം അഥവാ പ്രോലിറ്റേറിയറ്റ് എന്ന് വിളിക്കുന്നു.

**ചോദ്യം : തൊഴിലാളികൾ ബൂർഷ്വാകൾക്ക് ഇങ്ങനെ അധ്വാനം വിൽക്കുന്നത് ഏത് സാഹചര്യങ്ങളിലാണ്?**

ഉത്തരം: മറ്റേതൊരു ചരക്കിനെയും പോലെ അധ്വാനവും ഒരു ചരക്കാണ്. മറ്റേതൊരു ചരക്കിന്റെയും വിലയെ നിർണയിക്കുന്ന നിയമങ്ങൾ തന്നെ അതിന്റെ വിലയെയും നിർണയിക്കുന്നു. വൻകിട വ്യവസായത്തിന്റെ ആധിപത്യത്തിൻകീഴിലായാലും സ്വതന്ത്ര മത്സരത്തിന്റെ ആധിപത്യത്തിൻ കീഴിലായാലും (രണ്ടും ഒന്നു തന്നെയാണെന്ന് നാം വഴിയെ കാണുന്നതാണ്) ഒരു ചരക്കിന്റെ വില, ശരാശരി എടുത്താൽ, എപ്പോഴും ആ ചരക്കിന്റെ ഉത്പാദന ചിലവിന് തുല്യമായിരിക്കും. അതുകൊണ്ട് അധ്വാനത്തിന്റെ വിലയും അധ്വാനത്തിന്റെ ഉത്പാദന ചെലവിന് തുല്യമാണെന്ന് വരുന്നു. തൊഴിലാളിയെ അധ്വാനത്തിന് പ്രാപ്തനാക്കാനും തൊഴിലാളി വർഗ്ഗം നാശമടയാതിരിക്കാനും ആവശ്യമായ ഉപജീവനോപാധികളുടെ തുകയാണ് കൃത്യമായും അധ്വാനത്തിന്റെ ഉത്പാദന ചെലവിൽ അടങ്ങിയിരിക്കുന്നത്. എന്നുവെച്ചാൽ ഇതിന് വേണ്ടിവരുന്നതിലും കൂടുതലായി യാതൊന്നും തൊഴിലാളിക്ക് തന്റെ അധ്വാനത്തിന് പ്രതിഫലമായി ലഭിക്കുകയില്ലെന്ന് അർത്ഥം. ജീവൻ നിലനിർത്താൻ ഏറ്റവും ചുരുങ്ങിയത് ഏറ്റവും കുറഞ്ഞത് എത്ര വേണോ അതായിരിക്കും അധ്വാനത്തിന്റെ വില അഥവാ കൂലി. ബിസിനസ് ചിലപ്പോൾ മോശവും ചിലപ്പോൾ മെച്ചവും ആയിരിക്കും. അതുകൊണ്ട് ഫാക്ടറി ഉടമയ്ക്ക് തന്റെ ചരക്കിന് ഒരു സമയത്ത് കൂടുതലും വേറൊരു സമയത്ത് കുറച്ചും കിട്ടുന്നു എന്നതുപോലെ തന്നെ തൊഴിലാളിക്ക് ചിലപ്പോൾ കൂടുതലും ചിലപ്പോൾ കുറച്ചുമായിരിക്കും കിട്ടുന്നത്. എങ്കിലും നല്ല കാലമായാലും ചീത്തക്കാലമായാലും ഫാക്ടറി ഉടമയ്ക്ക് തന്റെ ചരക്കിന് ശരാശരി കിട്ടുന്നത് അതിന്റെ ഉത്പാദന ചെലവിനേക്കാൾ കൂടുതലോ കുറവോ ആയിരിക്കുകയില്ല എന്നതുപോലെതന്നെ തൊഴിലാളിക്ക് ശരാശരി കിട്ടുന്നത് കുറഞ്ഞ (മിനിമം) കൂലിയേക്കാൾ കൂടുതലോ കുറവോ ആയിരിക്കുകയില്ല. അധ്വാനത്തിന്റെ എല്ലാ ശാഖകളെയും വൻകിട വ്യവസായം എത്രകണ്ട് കൂടുതൽ ഏറ്റെടുക്കുന്നു അത്രകണ്ട് കൂടുതൽ കർശനമായി കൂലിയെ സംബന്ധിച്ച ഈ സാമ്പത്തിക നിയമം നടപ്പാക്കപ്പെടുന്നതാണ്.

**ചോദ്യം : വ്യാവസായിക വിപ്ലവത്തിന് മുമ്പ് എന്തെല്ലാം പണിയാള വർഗ്ഗങ്ങളാണ് നിലവിൽ ഉണ്ടായിരുന്നത്?**

ഉത്തരം: സമൂഹത്തിന്റെ വ്യത്യസ്ത വികാസ ഘട്ടങ്ങൾക്കനുസരിച്ച് പണിയാള വർഗ്ഗങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുകയും സ്വത്തുടമ വർഗ്ഗങ്ങളും ഭരണാധികാരി വർഗ്ഗങ്ങളുമായി വ്യത്യസ്ത ബന്ധങ്ങൾ വച്ചുപുലർത്തുകയും ചെയ്തുവന്നു. പ്രാചീനകാലത്ത് പണിയാളർ തങ്ങളുടെ ഉടമകളുടെ അടിമകളായിരുന്നു. പല പിന്നോക്ക രാജ്യങ്ങളിലും യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ തെക്കൻ ഭാഗത്ത് പോലും അവർ ഇന്നും അങ്ങനെയാണ്. മധ്യ യുഗങ്ങളിൽ അവർ ഭൂവുടമകളായ പ്രഭു വർഗ്ഗത്തിന്റെ അടിയാളർ ആയിരുന്നു. ഹംഗറിയിലും പോളണ്ടിലും റഷ്യയിലും അവർ ഇന്നും അങ്ങനെയാണ്. മധ്യയുഗത്തിലും വ്യാവസായിക വിപ്ലവം നടക്കുന്നതുവരെയും പട്ടണങ്ങളിൽ പെറ്റിബൂർഷ്വാ യജമാനന്മാരുടെ കീഴിൽ പണിയെടുക്കുന്ന കൈവേലക്കാരുണ്ടായിരുന്നു. നിർമ്മാണ തൊഴിൽ വളർന്നുവന്നതോടെ നിർമ്മാണ തൊഴിലാളികൾ ക്രമേണ രംഗത്തുവന്നു. ഏറെക്കുറെ വലിയ മുതലാളിമാരാണ് ഇപ്പോൾ അവരെ പണിക്ക് വച്ചിരിക്കുന്നത്.

**ചോദ്യം : തൊഴിലാളി അടിമയിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നത് ഏത് വിധത്തിലാണ്?**

ഉത്തരം: അടിമ എക്കാലത്തേക്കുമായി വിൽക്കപ്പെടുന്നു. തൊഴിലാളിക്ക് ദിവസം തോറും മണിക്കൂർതോറും സ്വയം വിൽക്കേണ്ടി വരുന്നു. ഒരു നിശ്ചിത യജമാനന്റെ സ്വത്തായ ഓരോ പ്രത്യേകം പ്രത്യേകം അടിമയ്ക്കും യജമാനന്റെ താല്പര്യത്തിന് വേണ്ടി മാത്രമാണെങ്കിലും എത്ര തന്നെ

(ശേഷം 9–ാം പേജിൽ)

### സൈദ്ധാന്തിക പാഠങ്ങൾ

# മാർക്സിസം എന്ന മഹത്തായ ദർശനത്തിന് രൂപംനൽകാൻ മാർക്സിനൊപ്പം ജീവിതം ഉഴിഞ്ഞുവച്ച പ്രതിഭാശാലിയായിരുന്ന എംഗൽസ്

(8–ാം പേജിൽ നിന്ന്)

മോശപ്പെട്ടത് ആണെങ്കിലും ഉപജീവനത്തിന് ഉറപ്പുണ്ട്. ഓരോ പ്രത്യേകം പ്രത്യേകം തൊഴിലാളിയും ബൂർഷ്വാ വർഗ്ഗത്തിന്റെ ഒന്നടങ്കം സ്വത്താണെന്ന് പറയാം. ആർക്കെങ്കിലും ആവശ്യമുള്ളപ്പോൾ മാത്രമേ അവന്റെ അധ്വാനത്തെ വാങ്ങുന്നുള്ളൂ. ആ നിലയ്ക്ക് അവന്റെ ഉപജീവനത്തിന് ഉറപ്പില്ല. തൊഴിലാളിവർഗ്ഗത്തിന് മൊത്തത്തിൽ മാത്രമേ ഈ ഉപജീവനത്തിന് ഉറപ്പുള്ളൂ. അടിമ നിൽക്കുന്നത് മത്സരത്തിന് വെളിയിലാണ്. തൊഴിലാളി നിൽക്കുന്നത് അതിനകത്താണ്. അതിന്റെ എല്ലാ ചാഞ്ചാട്ടങ്ങളും അവന് അനുഭവപ്പെടുന്നു. അടിമയെ കണക്കാക്കുന്നത് ഒരു സാധനമായിട്ടാണ്. സിവിൽ സമൂഹത്തിലെ അംഗമായിട്ടല്ല. തൊഴിലാളിയെ വീക്ഷിക്കുന്നത് ഒരു വ്യക്തിയെന്ന നിലയ്ക്കാണ്. സിവിൽ സമൂഹത്തിലെ അംഗമെന്ന നിലയ്ക്കാണ്. അങ്ങനെ അടിമ തൊഴിലാളിയെക്കാൾ മെച്ചപ്പെട്ട ജീവിതം നയിച്ചെന്നു വരാം. എങ്കിലും തൊഴിലാളി സമൂഹത്തിന്റെ കൂടുതൽ ഉയർന്ന ഒരു വികാസഘട്ടത്തിൽ പെട്ടവനാണ്. അടിമയെക്കാൾ ഉയർന്ന പടിയിലാണ് അവൻ നിൽക്കുന്നത്. എല്ലാ സ്വകാര്യ സ്വത്തുടമ ബന്ധങ്ങളിലും വെച്ച് അടിമത്ത ബന്ധത്തെ മാത്രം തകർത്തുകൊണ്ട് അടിമ മോചനം നേടുകയും അങ്ങനെ ഒരു തൊഴിലാളിയായി തീരുകയും ചെയ്യുന്നു. പൊതുവിൽ സ്വകാര്യ സ്വത്തിനെത്തന്നെ ഇല്ലാതാക്കിക്കൊണ്ട് മാത്രമേ തൊഴിലാളിക്ക് മോചനം നേടാൻ കഴിയൂ.

**ചോദ്യം : തൊഴിലാളി അടിയാളനിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് ഏതു വിധത്തിലാണ്?**

ഉത്തരം: ഒരു ഉത്പാദനോപകരണം, ഒരു തുണ്ട് ഭൂമി, അടിയാളന്റെ കൈവശത്തിലും ഉപയോഗത്തിലും ഉണ്ട്. അതിന് പകരമായി അവൻ ഉൽപ്പന്നത്തിന്റെ ഒരംശം ഏൽപ്പിക്കുകയോ പണിയെടുക്കുകയോ ചെയ്യുന്നു. തൊഴിലാളിയാകട്ടെ, മറ്റൊരാളുടെ വകയായ ഉൽപാദന ഉപകരണങ്ങൾ വച്ച് പണിയെടുക്കുകയും ഉൽപ്പന്നത്തിന്റെ ഒരംശം പകരമായി അവനു കിട്ടുകയും ചെയ്യുന്നു. അടിയാളൻ കൊടുക്കുന്നു. തൊഴിലാളിക്ക് കൊടുക്കപ്പെടുന്നു. അടിയാളന് ഉപജീവനത്തിനുറപ്പുണ്ട്, തൊഴിലാളിക്ക് അതില്ല. അടിയാളൻ മത്സരത്തിനു പുറത്തും തൊഴിലാളി അതിനകത്തും നിൽക്കുന്നു. പട്ടണത്തിലേക്ക് ഓടിപ്പോയി അവിടെ ഒരു കൈവേലക്കാരനായി തീരുകയോ തന്റെ ഭൂവുടമയ്ക്ക് അധ്വാനവും ഉൽപ്പന്നങ്ങളും കൊടുക്കുന്നതിനു പകരം പണം കൊടുത്ത് അതുവഴി ഒരു വെറും പാട്ടക്കാരൻ ആവുകയോ അതുമല്ലെങ്കിൽ തന്റെ ഫ്യൂഡൽ പ്രഭുവിനെ അടിച്ചോടിച്ചിട്ട് താൻ തന്നെ സ്വത്തുടമയാവുകയോ ചെയ്തിട്ടാണ് -ചുരുക്കിപ്പറഞ്ഞാൽ സ്വത്തുടമ വർഗ്ഗത്തിന്റെ അണികളിലും മത്സരത്തിലും ഒരു വഴിക്ക് അല്ലെങ്കിൽ മറ്റൊരു വഴിക്ക് പ്രവേശിച്ച കൊണ്ടാണ്- അടിയാളൻ മോചനം നേടുന്നത്. മത്സരവും സ്വകാര്യ സ്വത്തും എല്ലാ വർഗ്ഗവൈജാത്യങ്ങളും അവസാനിപ്പിച്ചുകൊണ്ടാണ് തൊഴിലാളി മോചനം നേടുന്നത്.

**ചോദ്യം : തൊഴിലാളി, നിർമ്മാണ തൊഴിലിലെ വേലക്കാരനിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് ഏതുവിധത്തിലാണ്?**

ഉത്തരം: പതിനാറാം നൂറ്റാണ്ടുതൊട്ട് പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള കാലത്തെ നിർമ്മാണത്തൊഴിലാളി ഒട്ടുമുക്കാലും എല്ലായിടത്തും തന്റെ ഉൽപാദന ഉപകരണത്തിന്റെ – തന്റെ തറിയുടെയും കുടുംബത്തിലെ ചർക്കയുടെയും – ഉടമയായിരുന്നു. കൂടാതെ ഒഴിവുസമയത്ത് കൃഷി ചെയ്തുപോന്ന ചെറിയൊരു തുണ്ട് ഭൂമിയും അവനു സ്വന്തമായിട്ടുണ്ടായിരുന്നു. തൊഴിലാളിക്ക് ഇതൊന്നുമില്ല. ഏതാണ്ട് പൂർണ്ണമായും നാട്ടിൻപുറത്ത് തന്നെയാണ് നിർമ്മാണ തൊഴിലാളിയുടെ താമസം. തൊഴിലാളിയാകട്ടെ ഒട്ടുമുക്കാലും താമസിക്കുന്നത് വലിയ പട്ടണങ്ങളിലാണ്. അവനും തൊഴിലുടമയും തമ്മിൽ തനി പണബന്ധമാണുള്ളത്. വൻകിട വ്യവസായം നിർമ്മാണ തൊഴിലാളിയെ അവന്റെ പഴയ സാഹചര്യങ്ങളിൽ നിന്ന് പിഴുതുമാറ്റുന്നു. സ്വന്തമായിട്ട് അപ്പോഴും കൈവശമുള്ള സ്വത്ത് നഷ്ടപ്പെട്ട അവൻ ഒരു തൊഴിലാളിയായിതീരുന്നു.

**ചോദ്യം : വ്യാവസായിക വിപ്ലവത്തിന്റെയും സമൂഹം ബൂർഷ്വായും തൊഴിലാളിയുമായി വിഭജിക്കപ്പെട്ടതിന്റെയും അടിയന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു ?**

ഉത്തരം: ഒന്നാമത് യന്ത്രാധ്വാനം വ്യാവസായിക ഉൽപ്പന്നങ്ങളുടെ വില നിരന്തരം കുറച്ചുകൊണ്ട് കായികാധ്വാനത്തിൽ അധിഷ്ഠിതമായ നിർമ്മാണ തൊഴിലിന്റെയോ വ്യവസായത്തിന്റെയോ പഴയ സമ്പ്രദായത്തിന് എല്ലാ രാജ്യങ്ങളിലും സമ്പൂർണ്ണ നാശം സംഭവിച്ചു. ചരിത്ര വികാസത്തിൽനിന്ന് ഇതേവരെ ഏറെക്കുറെ ഒറ്റപ്പെട്ടു നിന്നിരുന്നതും നിർമ്മാണ തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയ വ്യവസായത്തോട് കൂടിയതുമായ എല്ലാ അർദ്ധകിരാത രാജ്യങ്ങളും അങ്ങനെ ബലാൽക്കാരമായി അവയുടെ ഏകാന്തതയിൽ നിന്ന് പുറത്തേക്ക് കൊണ്ടുവരപ്പെട്ടു. അവ ഇംഗ്ലീഷുകാരുടെ വിലകുറഞ്ഞ ചരക്കുകൾ വാങ്ങുകയും സ്വന്തം നിർമ്മാണ തൊഴിലാളികളെ നശിക്കാനനുവദിക്കുകയും ചെയ്തു. പരസഹസ്രം വർഷങ്ങളായി വളർച്ചമുട്ടികിടന്നിരുന്ന രാജ്യങ്ങൾ – ഉദാഹരണത്തിന് ഇന്ത്യ – അടിമുടി വിപ്ലവകരമായി മാറ്റപ്പെട്ടത് ഇങ്ങനെയാണ്. ചൈനപോലും ഇപ്പോൾ ഒരു വിപ്ലവത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് ഇംഗ്ലണ്ടിൽ ഇന്ന് കണ്ടുപിടിച്ച ഒരു യന്ത്രം ഒരു വർഷത്തിനുശേഷം ചൈനയിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെപിഴപ്പുമുട്ടിക്കുംഎന്നസ്ഥിതിയുളവാക്കുന്നു. ഇങ്ങനെ വൻകിട വ്യവസായം ലോകത്തുള്ള എല്ലാ ജനതകളെയും പരസ്പരം ബന്ധപ്പെടുത്തുകയും ചെറിയ പ്രാദേശിക കമ്പോളങ്ങളെല്ലാം ഒരൊറ്റ ലോകകമ്പോളമായി ഒന്നിച്ചുചേർക്കുകയും എല്ലായിടത്തും നാഗരികതയ്ക്കും പുരോഗതിക്കും വഴിതെളിക്കുകയും ചെയ്തിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങളിൽ നടക്കുന്ന എന്തും മറ്റെല്ലാ രാജ്യങ്ങളിലും പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. ഉദാഹരണത്തിന് ഇംഗ്ലണ്ടിലെയോ ഫ്രാൻസിലെയോ തൊഴിലാളികൾ ഇന്ന് മോചനം നേടുന്ന പക്ഷം അത് മറ്റെല്ലാ രാജ്യങ്ങളിലും വിപ്ലവങ്ങൾക്ക് ഇടവരുത്താതിരിക്കില്ല. അവ ഇന്നല്ലെങ്കിൽ നാളെ അവിടങ്ങളിലെ തൊഴിലാളികളുടെയും മോചനത്തിന് വഴിതെളിക്കുന്നതാണ്.

രണ്ടാമത്, എവിടെവിടെ വൻകിട വ്യവസായം നിർമ്മാണ തൊഴിലിന്റെ സ്ഥാനം എടുത്തുവോ അവിടെല്ലാം വ്യാവസായിക വിപ്ലവം ബൂർഷ്വാസിയെയും അതിന്റെ സമ്പത്തിനെയും അധികാരത്തെയും പരമാവധി വളർത്തുകയും അതിനെ രാജ്യത്തെ ഒന്നാമത്തെ വർഗ്ഗമാക്കുകയും ചെയ്തു. ഇത് സംഭവിച്ചിടത്തെല്ലാം ബൂർഷ്വാസി രാഷ്ട്രീയ അധികാരം സ്വന്തം കൈയിലെടുക്കുകയും അതുവരെ ഭരണം നടത്തിയിരുന്ന വർഗ്ഗങ്ങളെ – പ്രഭു വർഗ്ഗത്തെയും ഗിൽഡുകളിൽ പെട്ട നഗരവാസികളെയും – ആ രണ്ടു കൂട്ടരുടെയും പ്രതിനിധിയായ രാജവാഴ്ചയെയും –അടിച്ചു പുറത്താക്കുകയും ചെയ്തു എന്നതാണ് ഇതിൽ നിന്നുളവായ ഫലം. അവകാശനിർണ്ണയമുള്ള ഭൂസ്വത്തുക്കൾ, അഥവാ ഭൂസ്വത്തുക്കൾ വിൽക്കരുതെന്ന നിരോധനങ്ങൾ അവസാനിപ്പിച്ചുകൊണ്ടും കുലീന വർഗ്ഗത്തിന്റെ വിശേഷ അവകാശങ്ങൾ എടുത്തുകളഞ്ഞുകൊണ്ടുമാണ് ബൂർഷ്വാസി കുലീനവർഗ്ഗത്തിന്റെ അതായത് പ്രഭുവർഗ്ഗത്തിന്റെ അധികാരം തകർത്തത്. എല്ലാ ഗിൽഡുകളും കൈവേലക്കാരുടെ വിശേഷാവകാശങ്ങളും നിർത്തലാക്കിക്കൊണ്ടാണ് ബൂർഷ്വാസി ഗിൽഡുകളിലെ നഗരവാസികളുടെ അധികാരം തകർത്തത്. അവ രണ്ടിന്റെയും സ്ഥാനത്ത് അത് സ്വതന്ത്ര മത്സരത്തെ- അതായത് ഏതു വ്യവസായ ശാഖ വേണമെങ്കിലും നടത്തിക്കൊണ്ടുപോകാൻ ആർക്കും അവകാശമുള്ളതും ആവശ്യമായത്ര മൂലധനത്തിന്റെ കുറവൊഴിച്ച് മറ്റൊന്നുംതന്നെ അയാളെ ഇക്കാര്യത്തിൽ തടസ്സപ്പെടുത്താത്തതുമായ ഒരു സാമൂഹ്യ വ്യവസ്ഥയെ- ഏർപ്പെടുത്തി. അതുകൊണ്ട് കൈവശമുള്ള മൂലധനം അസമമായേടത്തോളം മാത്രമേ മേലാൽ സമൂഹത്തിലെ അംഗങ്ങൾ തമ്മിൽ അസമത്വം ഉണ്ടായിരിക്കൂ എന്നും മൂലധനമാണ് നിർണായക ശക്തിയെന്നും അക്കാരണത്താൽ മുതലാളിമാർ അഥവാ ബൂർഷ്വാസി സമൂഹത്തിലെ ഒന്നാമത്തെ വർഗ്ഗമായി കഴിഞ്ഞിരിക്കുന്നു എന്നുമുള്ള ഒരു പരസ്യ പ്രഖ്യാപനമാണ് സ്വതന്ത്ര മത്സരത്തിന്റെ ഏർപ്പെടുത്തൽ. എന്നാൽ വൻകിട വ്യവസായത്തിന്റെ ആരംഭഘട്ടത്തിൽ സ്വതന്ത്ര മത്സരം കൂടിയേ കഴിയൂ. കാരണം ആ സാമൂഹ്യവ്യവസ്ഥയിൽ മാത്രമേ വൻകിട വ്യവസായത്തിന് വളരാനൊക്കൂ. അങ്ങനെ പ്രഭു വർഗ്ഗത്തിന്റെയും ഗിൽഡുകളിലെ നഗരവാസികളുടെയും സമൂഹ അധികാരം തകർത്ത ശേഷം ബൂർഷ്വാസി അവരുടെ രാഷ്ട്രീയ അധികാരത്തെയും തകർത്തു. സമൂഹത്തിലെ ഒന്നാമത്തെ വർഗ്ഗമായി തീർന്നതിനു ശേഷം ബൂർഷ്വാസി രാഷ്ട്രീയ രംഗത്തും ഒന്നാമത്തെ വർഗ്ഗമാണെന്ന് സ്വയം പ്രഖ്യാപിച്ചു. പ്രാതിനിധ്യ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ടാണ് അത് അങ്ങനെ ചെയ്തത്. നിയമത്തിന്റെ മുമ്പിലുള്ള ബൂർഷ്വാസമത്വത്തിലും സ്വതന്ത്ര മത്സരത്തിന്റെ നിയമപരമായ അംഗീകരണത്തിലും അധിഷ്ഠിതമായ പ്രസ്തുത സമ്പ്രദായം യൂറോപ്യൻ രാജ്യങ്ങളിൽ നടപ്പിൽ വരുത്തിയത് വ്യവസ്ഥാപിത രാജവാഴ്ചയുടെ രൂപത്തിലാണ്. ആ വ്യവസ്ഥാപിത രാജവാഴ്ചകളുടെ കീഴിൽ കുറെ മൂലധനം കൈവശമുള്ളവർക്ക് മാത്രമേ – അതായത് ബൂർഷ്വാകൾക്ക് മാത്രമേ – വോട്ടവകാശം ഉള്ളൂ. ആ ബൂർഷ്വാ വോട്ടർമാർ ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. ആ ബൂർഷ്വാ ജനപ്രതിനിധികൾനികുതിചുമത്താതിരിക്കാനുള്ള അവകാശം ഉപയോഗിച്ച് ബൂർഷ്വാ ഗവൺമെന്റിനെ തിരഞ്ഞെടുക്കുന്നു.



**പ്രാചീനകാലത്ത് പണിയാളർ തങ്ങളുടെ ഉടമകളുടെ അടിമകളായിരുന്നു. മധ്യ യുഗങ്ങളിൽ അവർ ഭൂവുടമകളായ പ്രഭുവർഗ്ഗത്തിന്റെ അടിയാളരായിരുന്നു. വ്യാവസായിക വിപ്ലവം നടക്കുന്നതുവരെയും പട്ടണങ്ങളിൽ പെറ്റിബൂർഷ്വാ യജമാനന്മാരുടെ കീഴിൽ പണിയെടുക്കുന്ന കൈവേലക്കാരുണ്ടായിരുന്നു. നിർമ്മാണ തൊഴിൽ വളർന്നുവന്നതോടെ നിർമ്മാണ തൊഴിലാളികൾ ക്രമേണ രംഗത്തുവന്നു. ഏറെക്കുറെ വലിയ മുതലാളിമാരാണ് ഇപ്പോൾ അവരെ പണിക്ക് വച്ചിരിക്കുന്നത്.**

മൂന്നാമത്, വ്യാവസായിക വിപ്ലവം ബൂർഷ്വാസിയെ വളർത്തിക്കൊണ്ടുവന്നിടത്തോളംതന്നെ തൊഴിലാളിവർഗ്ഗത്തെയും വളർത്തിക്കൊണ്ടുവന്നു. ബൂർഷ്വാസി ധനം ആർജിക്കുംതോറും തൊഴിലാളികൾ എണ്ണത്തിൽ പെരുകിവന്നു. മൂലധനത്തിനു മാത്രമേ തൊഴിലാളികളെ പണിക്കുവെക്കാൻ കഴിയുകയുള്ളൂ എന്നതുകൊണ്ടും തൊഴിലാളികളെ പണിക്കുവെച്ചാൽ മാത്രമേ മൂലധനം വളരുകയുള്ളൂ എന്നതുകൊണ്ടും മൂലധനത്തിന്റെ വളർച്ചയുടെ തോതിൽതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ വളർച്ചയും നടക്കുന്നു. അതോടൊപ്പം വ്യാവസായിക വിപ്ലവം ബൂർഷ്വാകളെയും തൊഴിലാളികളെയും വ്യവസായം ഏറ്റവും ലാഭകരമായി നടത്താൻ കഴിയുന്ന വലിയ പട്ടണങ്ങളിൽ ഒന്നിച്ചു കൊണ്ടുവരുന്നു. വമ്പിച്ച ജനസഞ്ചയങ്ങളെ ഇങ്ങനെ ഒരൊറ്റ ഇടത്ത് തട്ടിക്കൂട്ടുന്നതുവഴി അത് തൊഴിലാളികളെ സ്വന്തം ശക്തിയെക്കുറിച്ച് ബോധവാന്മാരാക്കുന്നു. മാത്രമല്ല വ്യാവസായിക വിപ്ലവം വികസിച്ചു വരുന്തോറും കായികാധ്വാനത്തെ പുറന്തള്ളുന്ന യന്ത്രങ്ങൾ കൂടുതൽ കണ്ടുപിടിക്കുന്തോറും, മുമ്പ് പറഞ്ഞതുപോലെ വൻകിട വ്യവസായം ഏറ്റവും താണ നിലവാരത്തിലേക്ക് കൂലി കുറച്ചു കൊണ്ടുവരികയും അങ്ങനെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി കൂടുതൽ കൂടുതൽ ദുസ്സഹമാക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു

(ശേഷം 10–ാം പേജിൽ)

*സൈദ്ധാന്തിക പാഠങ്ങൾ*

# മാർക്സിനെ തന്റെ ഗുരുനാഥനായി സ്വീകരിച്ച എംഗൽസ് തൊഴിലാളിവർഗ പ്രസ്ഥാനത്തിലെ നേതൃത്വ സങ്കല്പത്തിന്റെ ഉത്തമ നിദർശനമായി

(ശേഷം 11–ാം പേജിൽ)

വശത്ത് തൊഴിലാളി വർഗ്ഗത്തിന്റെ അസംതൃപ്തി വർദ്ധിച്ച് വരുന്നതിനാലും മറുവശത്ത് അതിന്റെ ശക്തി വർദ്ധിച്ച് വരുന്നതിനാലും വ്യാവസായിക വിപ്ലവം തൊഴിലാളി വർഗ്ഗത്താൽ നടത്തപ്പെടുന്ന ഒരു സാമൂഹ്യ വിപ്ലവത്തിന് കളമൊരുക്കുന്നു.

**ചോദ്യം : വ്യാവസായിക വിപ്ലവത്തിന്റെ മറ്റ് അനന്തരഫലങ്ങൾ എന്തെല്ലാമായിരുന്നു ?**

ഉത്തരം: ആവി യന്ത്രത്തിന്റെയും മറ്റ് യന്ത്രങ്ങളുടെയും രൂപത്തിൽ വൻകിട വ്യവസായം ചെറിയൊരു കാലയളവിലും ചുരുങ്ങിയ ചെലവിലും വ്യാവസായിക ഉത്പാദനം അളവറ്റതോതിൽ വർധിപ്പിക്കാൻ കഴിയത്തക്ക ഉപാധികൾ സൃഷ്ടിച്ചു. ഉൽപാദനം എളുപ്പമായതുകൊണ്ട് വൻകിട വ്യവസായത്തിന്റെ അവശ്യഫലമായ സ്വതന്ത്രമത്സരം താമസിയാതെ അങ്ങേയറ്റം മൂർച്ഛിച്ചു. വളരെയേറെ മുതലാളിമാർ വ്യവസായത്തിലിറങ്ങി. ഉപയോഗിക്കാവുന്നതിൽ കൂടുതൽ സാധനങ്ങൾ വളരെ വേഗം തന്നെ ഉൽപ്പാദിപ്പിക്കപ്പെട്ടു. അതിന്റെ ഫലമായി നിർമ്മിത സാമഗ്രികൾ വിറ്റഴിക്കാൻ കഴിയാതായി. വാണിജ്യ പ്രതിസന്ധി എന്ന് പറയുന്ന സ്ഥിതി സംജാതമായി. ഫാക്ടറികൾക്ക് പ്രവർത്തനം നിർത്തേണ്ടിവന്നു. ഫാക്ടറി ഉടമകൾ പാപ്പരായി 'തൊഴിലാളികൾക്ക് പിഴപ്പുമുട്ടി. കൊടിയ ദുരിതം സർവ്വത്ര നടമാടി. കുറെ കഴിഞ്ഞ് മിച്ചോൽപന്നങ്ങൾ വിറ്റഴിക്കപ്പെട്ടു. ഫാക്ടറികൾ വീണ്ടും കർമ്മനിരതമായി. കൂലി വർദ്ധിച്ചു. ക്രമേണ ബിസിനസ് പൂർവാധികം ഊർജ്ജിതമായി നടക്കാൻ തുടങ്ങി. എന്നാൽ അധികം താമസിയാതെ ചരക്കുകൾ വീണ്ടും ക്രമത്തിലേറെ ഉത്പാദിപ്പിക്കപ്പെട്ടു. മറ്റൊരു പ്രതിസന്ധി ആരംഭിച്ചു. അത് മുമ്പത്തേതിന്റെ ഗതി തന്നെ പിന്തുടർന്നു. ഇങ്ങനെ ഈ നൂറ്റാണ്ടിന്റെ ആരംഭം തൊട്ട് വ്യവസായത്തിന്റെ സ്ഥിതി സമൃദ്ധിയുടെയും പ്രതിസന്ധിയുടെയും കാലഘട്ടങ്ങൾക്കിടയിൽ നിരന്തരം ആടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. ഒട്ടുമുക്കാലും കൃത്യമായി അഞ്ചു മുതൽ ഏഴ് വരെ കൊല്ലങ്ങൾ ഇടവിട്ട് ഇത്തരം പ്രതിസന്ധി ആവർത്തിച്ചു വരികയാണ്. ഓരോ തവണയും അത് തൊഴിലാളികൾക്ക് കൂടുതൽ കൂടുതൽ ദുസ്സഹമായ ദുരിതം വരുത്തിവയ്ക്കുന്നു, പൊതുവിപ്ലവവിക്ഷോഭവും നിലവിലുള്ള വ്യവസ്ഥിതിക്കൊട്ടാകെ ഏറ്റവും വലിയ അപകടവും ഉളവാക്കുന്നു.

**ചോദ്യം : മുറക്ക് ആവർത്തിക്കുന്ന ഈ വാണിജ്യ പ്രതിസന്ധികളിൽനിന്ന് എത്തിച്ചേരാവുന്ന നിഗമനങ്ങൾ എന്തെല്ലാമാണ്?**

ഉത്തരം: ഒന്നാമത്, വൻകിട വ്യവസായം തന്നെയാണ് അതിന്റെ വികാസത്തിലെ പ്രാരംഭഘട്ടങ്ങളിൽ സ്വതന്ത്ര മത്സരം സൃഷ്ടിച്ചതെങ്കിലും ഇപ്പോഴത് സ്വതന്ത്ര മത്സരത്തിനപ്പുറത്തേക്ക് വളർന്നിരിക്കുന്നു. മത്സരവും പൊതുവിൽ വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്ക് വ്യാവസായിക ഉൽപാദനം നടത്തുന്നതും വൻകിട വ്യവസായത്തിന് ഒരു വിലങ്ങായി തീർന്നിരിക്കുന്നു. ആ വിലങ്ങ് പൊട്ടിക്കണം, പൊട്ടിക്കുകയും ചെയ്യും. വൻകിട വ്യവസായം ഇന്നത്തെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കാലത്തോളം ഏഴ് വർഷം കൂടുമ്പോൾ ആവർത്തിക്കുന്ന പൊതു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടു മാത്രമേ അതിനു നിലനിൽക്കാൻ കഴിയൂ. ആ പ്രതിസന്ധി ഓരോ തവണയും നാഗരികതയെ ഒന്നടങ്കം ഭീഷണിപ്പെടുത്തുന്നു. അത് തൊഴിലാളികളെ ദുരിതത്തിന്റെ പടുകുഴിയിലേയ്ക്ക് വലിച്ചെറിയുന്നു. എന്നു മാത്രമല്ല, വളരെയേറെ ബൂർഷ്വാകളെക്കൂടി നശിപ്പിക്കുന്നു. അതുകൊണ്ട് ഒന്നുകിൽ വൻകിട വ്യവസായത്തെ ഉപേക്ഷിക്കണം. അത് സാധ്യമല്ല. അതുകൊണ്ടുതന്നെ പരസ്പരം മത്സരിക്കുന്ന ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഫാക്ടറി ഉടമകൾക്ക് പകരം സമൂഹമൊട്ടാകെ ഒരു നിശ്ചിത പദ്ധതി അനുസരിച്ച്, എല്ലാവരുടെയും ആവശ്യങ്ങൾക്കനുസരിച്ച് വ്യാവസായിക ഉത്പാദനം നടത്തിക്കൊണ്ടുപോകുന്ന തികച്ചും പുതിയൊരു സാമൂഹ്യ സംവിധാനം അത് ആവശ്യമാക്കി തീർക്കുന്നു.

> **സ്വകാര്യ സ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം വ്യവസായത്തിന്റെ വികാസത്തിൽനിന്ന് അനിവാര്യമായും ഉളവാകുന്ന സാമൂഹ്യ വ്യവസ്ഥയുടെയാകെ പരിവർത്തനത്തിന്റെ ഏറ്റവും സംക്ഷിപ്തവും സമഗ്രവുമായ പ്രകാശനമാണ്. അതുകൊണ്ട് സ്വകാര്യ സ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം മുഖ്യ ആവശ്യമായി കമ്മ്യൂണിസ്റ്റുകാർ മുന്നോട്ടുവയ്ക്കുന്നത് തികച്ചും ശരിയാണ്.**



രണ്ടാമത്, സമൂഹത്തിലെ ഓരോ അംഗത്തിനും തികഞ്ഞ സ്വാതന്ത്ര്യത്തോടെ തന്റെ എല്ലാ ശക്തികളും കഴിവുകളും വികസിപ്പിക്കാനും പ്രയോഗിക്കാനും കഴിയുമാറ് ജീവിതത്തിന് ആവശ്യമായ എല്ലാ സാമഗ്രികളും അത്രയധികം ഉത്പാദിപ്പിക്കപ്പെടുന്ന ഒരു സാമൂഹ്യക്രമത്തെ നിലവിൽ കൊണ്ടുവരാൻ വൻകിട വ്യവസായത്തിനും അത് സാധ്യമാക്കി തീർത്തിട്ടുള്ള അപരിമിതമായ ഉൽപാദന വികസനത്തിനും കഴിയുന്നതാണ്. അങ്ങനെ ഇന്നത്തെ സമൂഹത്തിൽ എല്ലാ ദുരിതങ്ങളും എല്ലാ വാണിജ്യ പ്രതിസന്ധികളും ഉളവാക്കുന്നത് വൻകിട വ്യവസായത്തിന്റെ ഏതു ഗുണമാണോ അതേ ഗുണംതന്നെയാണ്, വ്യത്യസ്തമായ ഒരു സാമൂഹ്യ സംവിധാനത്തിനു കീഴിൽ ഈ ദുരിതങ്ങളും വിനാശകരമായ ചാഞ്ചാട്ടങ്ങളും നശിപ്പിക്കുന്നത്.

അങ്ങനെ രണ്ടു കാര്യങ്ങൾ വ്യക്തമായും തെളിയിക്കപ്പെട്ടിരിക്കുന്നു:

1) മേലാൽ ഈ ദോഷങ്ങളെല്ലാം, നിലവിലുള്ള സ്ഥിതിഗതികളുമായി പൊരുത്തപ്പെടാത്തതായിക്കഴിഞ്ഞ സാമൂഹ്യക്രമത്തിന്റെമേൽ പൂർണ്ണമായും ആരോപിക്കാവുന്നതാണ്.

2) പുതിയൊരു സാമൂഹ്യക്രമം സ്ഥാപിക്കുന്നതിലൂടെ ഈ ദോഷങ്ങൾ പൂർണമായും നിർമ്മാർജനം ചെയ്യാൻ ആവശ്യമായ ഉപാധികൾ ഇന്നുതന്നെ നിലവിലുണ്ട്.

**ചോദ്യം : ഈ പുതിയ സാമൂഹ്യക്രമം എത്തരത്തിലുള്ളതായിരിക്കണം?**

ഉത്തരം: ഒന്നാമത്, പുതിയ സാമൂഹ്യക്രമം സാമാന്യമായി വ്യവസായത്തിന്റെയും ഉത്പാദനത്തിന്റെ എല്ലാ ശാഖകളുടെയും നടത്തിപ്പ് പരസ്പരം മത്സരത്തിൽ ഏർപ്പെട്ടുകൊണ്ട് നിൽക്കുന്ന വ്യക്തികളുടെ കൈകളിൽ നിന്നു മാറ്റും. പകരം അത് ആ ഉത്പാദനശാഖകളെയെല്ലാം മുഴുവൻ സമൂഹത്തിന്റെയും പേരിൽ – അതായത് സമൂഹത്തിന്റെ താൽപര്യാർത്ഥവും ഒരു സാമൂഹ്യ പദ്ധതി അനുസരിച്ചും സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയും – നടത്തും. അങ്ങനെ അത് മത്സരം അവസാനിപ്പിച്ച് തൽസ്ഥാനത്ത് സഹകരണം ഏർപ്പെടുത്തും. വ്യക്തികൾ ഒറ്റയ്ക്കൊറ്റയ്ക്ക് വ്യവസായം നടത്തുന്നത് അനിവാര്യമായും സ്വകാര്യ സ്വത്തുടമസ്ഥതയ്ക്ക് വഴിതെളിക്കും എന്നതുകൊണ്ടും മത്സരമെന്നത് സ്വകാര്യ സ്വത്തുടമകളായ വ്യക്തികൾ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന രീതി അല്ലാതെ മറ്റൊന്നുമല്ലാത്തതുകൊണ്ടും, സ്വകാര്യ സ്വത്തുടമസ്ഥതയെ വ്യവസായത്തിന്റെ വ്യക്തിപരമായ നടത്തിപ്പിൽനിന്നും മത്സരത്തിൽനിന്നും വേർതിരിക്കാനാവില്ല. അതുകൊണ്ട് സ്വകാര്യ സ്വത്തുടമസ്ഥതയും അവസാനിപ്പിക്കേണ്ടിവരും. തൽസ്ഥാനത്ത് എല്ലാ ഉൽപാദന ഉപകരണങ്ങളും പൊതുവായി ഉപയോഗിക്കപ്പെടും. എല്ലാ ഉൽപ്പന്നങ്ങളും പൊതുധാരണയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യപ്പെടും. അതായത് പൊതു ഉടമസ്ഥത എന്ന് പറയുന്ന സമ്പ്രദായം ഏർപ്പെടുത്തും. സ്വകാര്യ സ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം വ്യവസായത്തിന്റെ വികാസത്തിൽനിന്ന് അനിവാര്യമായും ഉളവാകുന്ന സാമൂഹ്യ വ്യവസ്ഥയുടെയാകെ പരിവർത്തനത്തിന്റെ ഏറ്റവും സംക്ഷിപ്തവും സമഗ്രവുമായ പ്രകാശനമാണ്. അതുകൊണ്ട് സ്വകാര്യ സ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം മുഖ്യ ആവശ്യമായി കമ്മ്യൂണിസ്റ്റുകാർ മുന്നോട്ടുവയ്ക്കുന്നത് തികച്ചും ശരിയാണ്.

**ചോദ്യം : സ്വകാര്യ ഉടമസ്ഥതയുടെ നിർമ്മാർജ്ജനം മുമ്പ് അസാധ്യമായിരുന്നു എന്നാണോ ഇതിനർത്ഥം?**

ഉത്തരം: അതെ, അസാധ്യമായിരുന്നു. സാമൂഹ്യ ക്രമത്തിൽ ഉണ്ടാകുന്ന ഓരോ മാറ്റവും സ്വത്തുടമ ബന്ധങ്ങളിലുണ്ടാകുന്ന ഓരോ വിപ്ലവവും പഴയ സ്വത്തുടമ ബന്ധങ്ങളുമായി പൊരുത്തപ്പെടാത്തതായിക്കഴിഞ്ഞ പുതിയ ഉത്പാദന ശക്തികൾ സൃഷ്ടിക്കപ്പെടുന്നതിന്റെ അവശ്യഫലമാണ്. സ്വകാര്യ സ്വത്തുടമസ്ഥത തന്നെ ഉത്ഭവിച്ചത് ഇങ്ങനെയാണ്. സ്വകാര്യ സ്വത്തുടമസ്ഥത എക്കാലത്തും നിലവിലുണ്ടായിരുന്നില്ല. മദ്ധ്യ യുഗങ്ങളുടെ അവസാന ഘട്ടത്തിൽ നിർമ്മാണ തൊഴിലിന്റെ രൂപത്തിൽ പുതിയൊരു ഉത്പാദന രീതി രംഗപ്രവേശം ചെയ്തു. അന്ന് നിലവിൽ ഉണ്ടായിരുന്ന ഫ്യൂഡൽ – ഗിൽഡ് സ്വത്തുടമസ്ഥതയുമായി പൊരുത്തപ്പെടാത്തതായിരുന്ന അത്: പഴയ സ്വത്തുടമ ബന്ധങ്ങൾക്കപ്പുറത്തേക്ക് വളർന്നു കഴിഞ്ഞിരുന്ന നിർമ്മാണത്തൊഴിൽ പുതിയൊരു രൂപത്തിലുള്ള സ്വത്തുടമസ്ഥത സൃഷ്ടിച്ചു. അതാണ് സ്വകാര്യ സ്വത്തുടമസ്ഥത. നിർമ്മാണ തൊഴിലിന്റെ കാലഘട്ടത്തിലും വൻകിട വ്യവസായത്തിന്റെ വികാസത്തിന്റെ ആദ്യഘട്ടത്തിലും സ്വകാര്യ സ്വത്തുടമസ്ഥതയല്ലാതെ മറ്റൊരു രൂപത്തിലുള്ള സ്വത്തുടമസ്ഥത സാധ്യമല്ലായിരുന്നു. സ്വകാര്യ സ്വത്തുടമസ്ഥതയെ അടിസ്ഥാനപ്പെടുത്തിയതല്ലാതെ മറ്റൊരു സാമൂഹ്യക്രമം സാധ്യമല്ലായിരുന്നു. എല്ലാവർക്കും നൽകാൻ തികയുന്നതിനു മുമ്പേ സാമൂഹ്യ മൂലധനം വർദ്ധിപ്പിക്കാനും ഉൽപാദന ശക്തികളെ കൂടുതൽ വികസിപ്പിക്കാനുംവേണ്ടി ഉൽപ്പന്നങ്ങളുടെ കുറെ മിച്ചംവയ്ക്കാൻകൂടി ആവശ്യമായത്ര അളവിൽ ഉൽപാദനം നടത്താൻ കഴിയാത്ത കാലത്തോളം സമൂഹത്തിലെ ഉത്പാദന ശക്തികളെ അടക്കിഭരിക്കുന്ന ഒരു മേധാവി വർഗ്ഗവും ദരിദ്രമായ ഒരു മർദ്ദിത വർഗ്ഗവും എപ്പോഴും ഉണ്ടായേ തീരൂ. ഈ വർഗ്ഗങ്ങൾ എത്തരത്തിലുള്ളതാണെന്നത് ഉത്പാദനത്തിന്റെ വികാസഘട്ടത്തെ ആശ്രയിച്ചിരിക്കും. കൃഷിയെ ആശ്രയിച്ചു നിലനിന്ന മധ്യയുഗങ്ങളിൽ നാം കാണുന്നത് ഭൂപ്രഭുവിനെയും അടിയാളനെയും ആണ്. മധ്യയുഗങ്ങളുടെ അവസാനകാലത്ത് നഗരങ്ങളിൽ ഗിൽഡ് മേസ്തിരിയെയും അയാളുടെ കീഴിൽ പണിയെടുക്കുന്ന അപ്രന്റീസുകളെയും ദിവസവേലക്കാരെയും കാണാം. പതിനേഴാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നത് നിർമ്മാണ തൊഴിലുടമകളും നിർമ്മാണ തൊഴിലാളികളുമാണ്. പത്തൊൻപതാം നൂറ്റാണ്ടിലുള്ളത് വൻകിട ഫാക്ടറി ഉടമകളും തൊഴിലാളികളുമാണ്. എല്ലാവർക്കും മതിയായ അളവിൽ ഉൽപാദനം നടത്താനും സ്വകാര്യ ഉടമസ്ഥത ഉത്പാദന ശക്തികൾക്കൊരു വിലങ്ങും പ്രതിബന്ധവും ആയി തീരാനുമാവശ്യമായത്ര വിപുലമായി ഉൽപാദന ശക്തികൾ ഇനിയും വളർന്നിട്ടില്ലെന്ന് വ്യക്തമാണ്. എന്നിരുന്നാലും ഒന്നാമത് വൻകിട വ്യവസായത്തിന്റെ വികസനം ഇതേവരെ കേട്ടുകേൾവി പോലുമില്ലാതിരുന്ന തോതിൽ മൂലധനത്തെയും ഉൽപാദനശക്തികളെയും ഇപ്പോൾ സൃഷ്ടിച്ചിരിക്കുന്നു. ആ ഉൽപാദന ശക്തികളെ ചെറിയൊരു കാലയളവിൽ അവസാനമില്ലാതെ വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ ഇപ്പോൾ നിലവിലുണ്ട്. രണ്ടാമത് ഈ ഉത്പാദന ശക്തികൾ കുറച്ച് ബൂർഷ്വാകളുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. അതേസമയം ജനങ്ങളുടെ വമ്പിച്ച വിഭാഗങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെ അണികളിലേക്ക് കൂടുതൽ കൂടുതൽ വീണുകൊണ്ടിരിക്കുന്നു. ബൂർഷ്വാകളുടെ സമ്പത്ത് പെരുകുന്ന തോതിൽത്തന്നെ ഇവരുടെ സ്ഥിതി കൂടുതൽ കൂടുതൽ ദുരിതപൂർണവും ദുസ്സഹവുമായി വരികയാണ്. മൂന്നാമത്, ഊറ്റമേറിയതും എളുപ്പം വർദ്ധിപ്പിക്കാവുന്നതുമായ ഈ ഉത്പാദന ശക്തികൾ സ്വകാര്യ സ്വത്തുടമസ്ഥതയ്ക്കും അപ്പുറത്തേക്ക് വളരെയേറെ വളർന്നു കഴിഞ്ഞിരിക്കുന്നതിനാൽ അവ സാമൂഹ്യ ക്രമത്തിൽ പ്രബലമായ കോളിളക്കങ്ങൾക്ക് നിരന്തരം ഇടയാക്കുന്നുണ്ട്. ഇങ്ങനെയെല്ലാമുള്ള ഇപ്പോൾ മാത്രമാണ് സ്വകാര്യസ്വത്തുടമസ്ഥതയുടെ നിർമ്മാർജ്ജനം സാധ്യമെന്നു മാത്രമല്ല, തികച്ചും അനുപേക്ഷണീയമായിക്കൂടി വന്നിരിക്കുന്നത്. ■

## സർക്കാരാശുപത്രികളിൽ സംഭവിക്കുന്നതെന്ത് ?

# ആരോഗ്യവും ആരോഗ്യപരിപാലനവും ജനങ്ങളുടെ അവകാശമാണ്; ആരോഗ്യരംഗത്തെ കൊള്ളയ്ക്കെതിരെ ജനങ്ങൾ ഉണരുക

*(5-ാം പേജിൽ നിന്ന്)*

എന്നാണ് മനസിലാക്കേണ്ടത്. കാരണം അടിസ്ഥാന നയം സ്വകാര്യ മൂലധനത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ്; അത് ഇൻഷ്വറൻസ് കമ്പനികളെ ആയാലും സ്വകാര്യ ചികിത്സാവ്യവസായികളെ ആയാലും!

### സൗജന്യമരുന്നും ഗുണനിലവാരവും ഇല്ലാതാക്കിയ മെഡിക്കൽ സർവീസ് കോർപ്പറേഷൻ

സർക്കാരിന്റെ കീഴിൽ ആരോഗ്യ വകുപ്പ് നേരിട്ട് പണം മുടക്കി ആശുപത്രികളിൽ മരുന്നും മറ്റും എത്തിച്ചിരുന്ന സംവിധാനം നിർത്തലാക്കി, മരുന്നുകളുടെ പർച്ചേസിംഗും വിതരണവും മെഡിക്കൽ സർവീസ് കോർപ്പറേഷൻ എന്നൊരു സംവിധാനം രൂപീകരിച്ച് അതിന്റെ നിയന്ത്രണത്തിലാക്കി. പണം മുടക്കുന്നത് സർക്കാർ ആണെങ്കിലും ലാഭ നഷ്ടങ്ങളുടെ മാനദണ്ഡം മുൻനിർത്തി പ്രവർത്തിക്കുന്ന കോർപ്പറേഷന് കീഴിലേക്ക് മരുന്ന് വിതരണത്തിന്റെ ചുമതലയെ എത്തിയപ്പോൾ, മരുന്നുകളുടെ ഗുണനിലവാരം നോക്കുന്നതിനു പകരം ലാഭമുള്ളതും ഗുണനിലവാരം കുറഞ്ഞതുമായ മരുന്നുകൾ വാങ്ങുന്ന രീതി വന്നു. അതുമൂലം ഗവൺമെന്റാശുപത്രികളിൽ നിന്ന് മരുന്ന് കഴിക്കുന്നവരുടെ രോഗങ്ങൾ കുറയാതെ വരികയും ആശുപത്രിയുടെയും ഡോക്ടർമാരുടെയും വരെ വിശ്വാസ്യത നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതിയും വന്നു. ഇതെല്ലാം അത്യന്തികമായി സ്വകാര്യ മൂലധന ശക്തികളുടെ ലാഭത്തിലുള്ള മാർഗ്ഗങ്ങളായി മാറിക്കൊണ്ടിരുന്നു.

### നവലിബറൽ സാമ്പത്തികനയങ്ങളാണ് സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയുടെ തകർച്ചയ്ക്ക് കാരണം

സേവന മേഖലകളെ ഘട്ടം ഘട്ടമായി തകർത്ത് തൽസ്ഥാനത്ത് സ്വകാര്യ മൂലധനത്തിന് പ്രവഹിക്കുവാൻ വഴിയൊരുക്കുക എന്ന ദൗത്യവുമായി ലോകബാങ്ക് വിവിധ മേഖലകളിലേക്ക് പണം കുത്തിയൊഴുക്കിക്കൊണ്ട് പദ്ധതികൾ നടപ്പാക്കി വരുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ കൺമുമ്പിൽ ഉണ്ട്. ആരോഗ്യമേഖലയിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (എൻആർഎച്ച്എം), നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻയുഎച്ച്എം) എന്നീ പദ്ധതികളിലൂടെയും ആണ് ആരോഗ്യ മേഖലയുടെ പുനഃസംഘാടനം നടപ്പാക്കിത്തുടങ്ങിയത്. ഈ രണ്ട് പദ്ധതികളുടെയും കാലാവധി കഴിഞ്ഞ് ഇപ്പോൾ നാഷണൽ ഹെൽത്ത് മിഷൻ(എൻഎച്ച്എം)എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഇതെല്ലാം ലോക ബാങ്ക് പദ്ധതികളാണ്.

എല്ലാ ലോകബാങ്ക് പദ്ധതികളുടെയും പൊതുവായ സമ്പ്രദായം തന്നെയാണ് ഈ പദ്ധതികളിലും കാണുന്നത്. ഘടനാപരമായ പരിഷ്കരണങ്ങളുടെ കർശനമായ വ്യവസ്ഥകൾ പദ്ധതികളുടെ ഭാഗമാണ്. ആ പണം സേവന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയല്ല, മറിച്ച് വലിയ തുകകൾ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും വേണ്ടി ചെലവഴിക്കുക. വൻതോതിൽ പണം മുടക്കിയുള്ള പദ്ധതികളിലൂടെ രാഷ്ട്രീയ നേതാക്കളെയും ഉദ്യോഗസ്ഥരെയും പദ്ധതിയിലേക്ക് ആകർഷിക്കുക. നിലവിലുള്ള സമ്പ്രദായത്തിന്റെ ഉള്ളടക്കവും ക്ഷേമ സ്വഭാവവും തകർക്കത്തക്ക വിധം നയ പരിപാടികളിൽ ഇടപെട്ട് മാറ്റങ്ങൾ കൊണ്ടുവരിക. അധികാരവികേന്ദ്രീകരണത്തിന്റെ പേര് പറഞ്ഞു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൻ കീഴിലേക്ക് ക്ഷേമ സംരംഭങ്ങളെയെല്ലാം മാറ്റുക. യൂസർഫീസാണ് ഈ പരിഷ്കാരങ്ങളുടെ ആകെത്തുക. ഇത്രയും ഗൗരവമേറിയ ചുമതലകൾ നിർവഹിക്കുവാൻ ഉള്ള പ്രാപ്തിയോ സാമ്പത്തിക സ്ഥിതിയോ ഇല്ലാത്ത പഞ്ചായത്തുകൾക്ക് കീഴിൽ ക്ഷേമ പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമല്ലാതെയാക്കുക. ആശുപത്രി നടത്തിപ്പിന്റെ സാമ്പത്തിക ചുമതല പൂർണ്ണമായും പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലേക്ക് എത്തുമ്പോൾ സൗജന്യ ചികിത്സ പൂർണമായും ഇല്ലാതായിത്തീരും. ഫലത്തിൽ ആരോഗ്യ രംഗം അനാഥമാക്കുകയും സ്വകാര്യമേഖലയ്ക്ക് വളരാൻ അനുകൂലമായ സാഹചര്യം ഒരുങ്ങുകയും ചെയ്യും.



ആരോഗ്യ മേഖലയിൽ പുന:സംഘടനത്തിന്റെ നടത്തിപ്പുകാരായി നിലകൊണ്ട ഇടത്-വലത്-ബിജെപി രാഷ്ട്രീയ നേതൃത്വങ്ങൾ കേരള ജനതയോട് ചെയ്തത് മാപ്പർഹിക്കാത്ത അപരാധമാണ്. മാറി മാറി വന്ന സംസ്ഥാന ഭരണത്തിൽ ഇരുന്നുകൊണ്ടും വിവിധ തലങ്ങളിലെ തദ്ദേശഭരണത്തിലെ പങ്കാളിത്തം വച്ചുകൊണ്ടും വികസന സമിതി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി തുടങ്ങിയ പേരുകളിലുള്ള വിവിധ സർക്കാർ കമ്മറ്റികളിലും കൃത്യമായ അനുപാതത്തിൽ ഭാഗഭാക്കുകൾ ആയിക്കൊണ്ടും ഈ മൂന്നു കൂട്ടരും ജനങ്ങളെ നഗ്നമായി വഞ്ചിച്ചു. ഈ പരിഷ്കരണങ്ങളുടെയെല്ലാം ഫലമായുള്ള ആത്യന്തിക ദുരന്തങ്ങളിലേക്ക് കേരളം എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യമാണിത്. ആശുപത്രികളിൽ നിന്നുള്ള വാർത്തകളും നിലവിളികളും പൊട്ടിത്തെറികളും പ്രക്ഷോഭങ്ങളും എല്ലാം സൂചിപ്പിക്കുന്നത് ഇതാണ്.

'ഉച്ചിയിൽ വെച്ചവൻ തന്നെ ഉദകക്രിയയും ചെയ്യുന്നു' എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം കേരള മോഡലിന്റെ പേരിൽ വീമ്പിളക്കിയവർ ഇന്ന് കേരള മോഡലിനെ തകർക്കുന്നതിന് മുഖ്യകാർമ്മികത്വം വഹിക്കുന്നു. ഭരണ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും ഈ ചതിക്കു കൂട്ടുനിന്നു. ബൂർഷ്വാ രാഷ്ട്രീയത്തിന്റെ ചതിക്കുഴികൾ തിരിച്ചറിയാത്ത ജനങ്ങളും പ്രാദേശിക ജനപ്രതിനിധികളും എല്ലാം ഇതിൽ ഭാഗമായി. അതിശക്തമായ ജനകീയ പ്രക്ഷോഭത്തിലൂടെ കേരളത്തിന്റെ ആരോഗ്യ മേഖലയെ തിരിച്ചു പിടിക്കുവാൻ ജനങ്ങൾ രാഷ്ട്രീയ ഭേദം മറന്ന് പ്രക്ഷോഭ രംഗത്തേക്ക് മുന്നിട്ടിറങ്ങുക മാത്രമാണ് ഇതിന് പ്രതിവിധി. ■

# കർഷക മഹാ പഞ്ചായത്ത് വിജയിപ്പിക്കുക: ആൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടന

സുഹൃത്തുക്കളെ,

രാജ്യത്തെ ജനസംഖ്യയിൽ 60 ശതമാനം വരുന്ന കർഷകരും കർഷക തൊഴിലാളികളും അടങ്ങുന്ന ഗ്രാമീണ ജീവിതം നാൾക്കുനാൾ ഇരുളടഞ്ഞു കൊണ്ടിരിക്കുകയാണ്. കൃഷി ലാഭകരമായി നടത്തുവാൻ കഴിയാത്ത സ്ഥിതിയിലായിട്ട് രണ്ടു പതിറ്റാണ്ട് കഴിഞ്ഞു. കടക്കെണിയും ജപ്തി നടപടികളും നേരിട്ട് ആത്മഹത്യ ചെയ്യുന്ന കർഷകരുടേയും ഗ്രാമീണ തൊഴിലാളികളുടേയും എണ്ണം രാജ്യത്ത് പെരുകുകയാണ്.

കൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി, പണിയായുധങ്ങൾ, യന്ത്രോപകരണങ്ങൾ എന്നിവക്കെല്ലാം ഭീമമായി വില വർദ്ധിച്ചിരിക്കുകയാണ്. എന്നാൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടാൻ ഒരു മാർഗ്ഗവുമില്ല. കാർഷിക സാമഗ്രികളുടെയും കാർഷിക ഉൽപ്പന്നങ്ങളുടേയും വില നിയന്ത്രിക്കുന്നത് അതിസമ്പന്നരായ കുത്തകകളാണ്. കേന്ദ്രവും സംസ്ഥാനവും ഇക്കൂട്ടർക്ക് കൊള്ളലാഭം അടിക്കാനുള്ള നയങ്ങളാണ് മൂന്നു പതിറ്റാണ്ടായി നടപ്പിലാക്കുന്നത്.

കാർഷിക ഉൽപ്പാദനത്തിന് ദീർഘകാലം ആവശ്യമാണ്(മൂന്നു മുതൽ അഞ്ചു മാസം വരെ). വെള്ളപ്പൊക്കം, വരൾച്ച, മഞ്ഞുവീഴ്ച, ഉഷ്ണക്കാറ്റ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രകൃതി വിക്ഷോഭങ്ങൾ മൂലമുള്ള വിളനാശത്തിനും മറ്റും കർഷകർക്ക് പരിരക്ഷ ആവശ്യമാണ്. പക്ഷേ കുത്തകകൾ നിയന്ത്രിക്കുന്ന ഇൻഷ്വറൻസ് കമ്പനികൾക്ക് ലാഭമടിക്കുവാനുള്ള പദ്ധതികളാണ് ഇന്നുള്ളത്. കർഷകർക്ക് ആശ്വാസമേകുന്ന പദ്ധതികളില്ല. കാർഷിക ഉൽപ്പാദന ചെലവ് വർദ്ധിക്കുന്നതും, ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടാത്തതും, വിളനാശത്തിന് ആശ്വാസമില്ലാത്തതുമായ നിലവിലെ സാഹചര്യങ്ങൾ മാറ്റി കൃഷി ലാഭകരമാക്കണം. അതിനുള്ള നയങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. എന്നാൽ കർഷക വിരുദ്ധവും കുത്തകാനുകൂലവുമായ നയങ്ങളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മുഖമുദ്ര.

ഉൽപ്പാദന ചെലവിന്റെ ഒന്നര മടങ്ങ് താങ്ങുവില(MSP) ഉറപ്പാക്കുന്നത് ഉൾപ്പെടെയുള്ള കർഷകരുടെ ആവശ്യങ്ങൾ പരിഹരിക്കുമെന്ന്, ഐതിഹാസികമായി മാറിയ, ദില്ലി ചലോ കർഷക പ്രക്ഷോഭം അവസാനിപ്പിക്കുമ്പോൾ മോദി സർക്കാർ രേഖാമൂലം ഉറപ്പുനല്കിയിരുന്നതാണ്. എന്നാൽ നാളിതുവരെയായിട്ടും കേന്ദ്ര സർക്കാർ അതു പാലിച്ചിട്ടില്ല. മറിച്ച് പതിവു നടപടിക്രമം എന്ന നിലയിൽ 24 വിളകൾക്ക് നാമമാത്രമായ വർദ്ധനവുകൾ പ്രഖ്യാപിക്കുക മാത്രമാണ് കേന്ദ്രം അടുത്തിടെ ചെയ്തത്.

കേന്ദ്രത്തിന്റെ എംഎസ്പി ലിസ്റ്റിൽ നെല്ലും കൊപ്രയും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും യഥാർത്ഥ ഉൽപ്പാദന ചിലവുമായി ബന്ധപ്പെടുത്തിയുള്ള താങ്ങുവിലയല്ല കേന്ദ്ര പ്രഖ്യാപനത്തിൽ ഉള്ളത്. കേരളത്തിൽ നെല്ലിന്റെ ഉൽപ്പാദന ചിലവ് അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. താങ്ങുവില 35 രൂപയെങ്കിലും ലഭിച്ചാലേ നെൽകൃഷി ലാഭകരമാവൂ. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തി നെല്ലു സംഭരിക്കുന്നതിനും വില വിതരണത്തിനും കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്തണം. കൃഷിഭവനുകൾ, VFPCK, NAFED എന്നീ ഏജൻസികൾ മുഖേന നടത്തുന്ന നാളികേര/കൊപ്രാ സംഭരണം കർഷകർക്ക് ഗുണകരമല്ല. റബറിന്റെ വില കിലോക്ക് 250 രൂപയാക്കുമെന്ന വാഗ്ദാനവും ജലരേഖയായി മാറിയിരിക്കുകയാണ്. കാപ്പി, കുരുമുളക്, ഏലം, വാഴ, കപ്പ തുടങ്ങിയ നാണ്യവിള കർഷകരും വിലത്തകർച്ച മൂലം കടക്കെണിയിലാണ്. കൂനിന്മേൽ കുരു എന്ന നിലയിലാണ് വന്യജീവി ആക്രമണം മൂലമുള്ള പ്രതിസന്ധികൾ.

ഇത്തരമൊരു സാഹചര്യത്തിൽ കരുത്തുറ്റതും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു കർഷക പ്രക്ഷോഭം രാജ്യത്ത് വീണ്ടും അനിവാര്യമായിരിക്കുകയാണ്. അതിനുള്ള ഒരുക്കം എന്ന നിലയിൽ സംയുക്ത കിസാൻ മോർച്ചയിലെ(SKM) ഘടകവും ദില്ലി ചലോ പ്രക്ഷോഭം വിജയിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സംഘടനയുമായ ആൾ ഇന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടന (AIKKMS) 2024 സെപ്റ്റംബർ 23ന് ഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിൽ കർഷകരുടെ ഒരു മഹാസംഗമം(മഹാപാഡവ്) സംഘടിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിൽ ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ അംഗത്വ വിതരണവും, ഗ്രാമകമ്മിറ്റി രൂപീകരണ പ്രവർത്തനങ്ങളും നടന്നു വരുകയാണ്. ഗ്രാമീണ മേഖലയിൽ ഭൂരഹിത - നാമമാത്ര - ചെറുകിട - ഇടത്തരം കർഷകരുടെയും കർഷക തൊഴിലാളികളുടെയും സംഘടന എന്ന നിലയിൽ പ്രവർത്തിക്കുന്ന എഐകെകെഎംഎസിൽ അംഗത്വമെടുത്ത് സംഘടനയെ ശക്തിപ്പെടുത്തണമെന്നും സെപ്റ്റംബർ 23ന് ഡൽഹിയിൽ നടക്കുന്ന കർഷക മഹാസംഗമം വിജയിപ്പിക്കുവാൻവേണ്ട സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

കെ.അബ്ദുൾ അസീസ്
(സംസ്ഥാന പ്രസിഡന്റ്)
എൻ. വിനോദ് കുമാർ
(സംസ്ഥാന സെക്രട്ടറി)

# മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണം




കോഴിക്കോട് ടൌൺഹാളിൽ നടന്ന കുമാരനാശാൻ അനുസ്മരണ സമ്മേളനം എം.എൻ.കാരശ്ശേരി ഉദ്ഘാടനം ചെയ്യുന്നു.



കുമാരനാശാന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് കൊല്ലത്തുനടന്ന സമ്മേളനം ദേശമംഗലം രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

**മ**ഹാകവി കുമാരനാശാൻ ചരമ ശതാബ്ദി ആചരണ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് തുടങ്ങി വിവിധജില്ലകളിൽ അനുസ്മരണസമ്മേളനങ്ങൾ നടന്നു.

കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ നടന്ന സമ്മേളനം പ്രശസ്ത സാഹിത്യനിരൂപകൻ ദേശമംഗലം രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കവി കുരീപ്പുഴ ശ്രീകുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ, ആചരണ സമിതിയുടെ സംസ്ഥാന കൺവീനർ പ്രൊഫ.കെ.പി.സജി വിഷയാവതരണം നടത്തി. കെ.ഭാസ്കരൻ, ഡോ.വസന്തകുമാർ സാംബശിവൻ, കെ.ബി.മുരളീകൃഷ്ണൻ(ജില്ല ലൈബ്രറി കൗൺസിൽ പ്രസിഡന്റ്), പ്രദീപ് കണ്ണങ്കോട്, പെരുമ്പുഴ ഗോപാലകൃഷ്ണ പിള്ള, എ.ജെയിംസ്, പാർത്ഥസാരഥി വർമ്മ, തൊടിയൂർ വസന്തകുമാരി, എ.ഹബീബ്, ട്വിങ്കിൾ പ്രഭാകരൻ, മാനവ് ജ്യോതി തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിന് മുന്നോടിയായി നടന്ന കവി സമ്മേളനത്തിൽ കൊല്ലം ശേഖർ, കസ്തൂരിബായി പെരുമ്പുഴ, ഉണ്ണി പുത്തൂർ, പ്രയാർ മുരളി, ഇടമുളക്കൽ ബാലകൃഷ്ണൻ, ഷഹീദ് ആലങ്കോട്, ജോയ് ചാലക്കുടി തുടങ്ങിയ കവികൾ പങ്കെടുത്തു. ആശാന്റെ ചണ്ഡാലഭിക്ഷുകിയെ ആസ്പദമാക്കി ആവിഷ്കരിച്ച ഓട്ടൻ തുള്ളൽ കുമാരി ഹരിചന്ദന അവതരിപ്പിച്ചു.

കോഴിക്കോട് ടൗൺ ഹാളിൽ നടന്ന സമ്മേളനം എം.എൻ.കാരശ്ശേരി ഉദ്ഘാടനം ചെയ്തു. കവി കുമാരനാശാൻ ഒരു നൂറ്റാണ്ടു മുമ്പ് തന്റെ കവിതയിൽ സ്ത്രീ പുരുഷ സമത്വം ഉദ്ഘോഷിച്ച പ്രതിഭാധനനായിരുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സമിതി ജില്ലാ ചെയർമാൻ യു.കെ.കുമാരൻ അദ്ധ്യക്ഷത വഹിച്ചു. കൽപ്പറ്റ നാരായണൻ മുഖ്യപ്രഭാഷണം നടത്തി. ആചരണ സമിതി സംസ്ഥാന കൺവീനർ കെ.പി.സജി, ഡോ.ഖദീജ മുംതാസ്, പോൾ കല്ലാനോട്, ഡോ.എം.ജ്യോതിരാജ്, കെ.ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

കുമാരനാശാൻ ചരമ ശതാബ്ദിയോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ കുന്നംകുളം അക്കിക്കാവ്, കൊടുങ്ങല്ലൂർ, ചാവക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിൽ അനുസ്മരണ സമ്മേളനങ്ങൾ നടന്നു. എം.കൃഷ്ണകുമാർ, സുനിൽ പദ്മനാഭ, ഡോ.കെ.കൃഷ്ണകുമാരി, ബക്കർ മേത്തല, പറവൂർ ബാബു, കുസുംഷലാൽ, കെ.വി അബ്ദുൾ ഖാദർ, എൻ.കെ.ബിജു, സി.ആർ.ദാസ് തുടങ്ങിയപ്രമുഖ സാഹിത്യ സാംസ്കാരിക പ്രവർത്തകർ പങ്കെടുത്തു. ■




കാക്കനാട് നടന്ന ആശാൻ അനുസ്മരണ സമ്മേളനം കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവ് പ്രൊഫ. എം. തോമസ് മാത്യു ഉദ്ഘാടനം ചെയ്യുന്നു.



തിരുവനന്തപുരം സത്യൻ സ്മാരക ഹാളിൽ നടന്ന സമ്മേളനം പ്രശസ്ത ചലച്ചിത്രകാരൻ കെ.പി. കുമാരൻ ഉദ്ഘാടനം ചെയ്യുന്നു.



ജൂലൈ 6ന് മാവേലിക്കര കേരള പാണിനി അനുസ്മരണ ഹാളിൽ നടന്ന സമ്മേളനം ഡോ.ചേരാവള്ളി ശശി ഉദ്ഘാടനം ചെയ്യുന്നു.

## തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുക

# എഐയുറ്റിയുസി ജില്ലാ സമ്മേളനങ്ങൾ




കുറവിലങ്ങാട് നടന്ന എഐയുറ്റിയുസി കോട്ടയം ജില്ലാ സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു.

### കോട്ടയം

**കു**റവിലങ്ങാട് നടന്ന കോട്ടയം ജില്ലാ സമ്മേളനം എഐയുറ്റിയുസി സംസ്ഥാന പ്രസിഡന്റ് ആർ.കുമാർ ഉദ്ഘാടനം ചെയ്തു. തൊഴിലും തൊഴിൽ അവകാശങ്ങളും സംരക്ഷിക്കാൻ വീറുറ്റ പ്രക്ഷോഭം വളർത്തിയെടുക്കുവാൻ അദ്ദേഹം തൊഴിലാളികളോട് ആഹ്വാനം ചെയ്തു. തൊഴിലാളികളുടെ ജീവിതവും ആത്മാഭിമാനവും ഐക്യബോധവും തകർക്കുകയും കോർപ്പറേറ്റുകൾക്കുവേണ്ടി ഭരിക്കുകയും ചെയ്യുകയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളെന്ന് ജില്ലാ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് സംസ്ഥാന സെക്രട്ടറി വി.കെ. സദാനന്ദൻ അഭിപ്രായപ്പെട്ടു. കെ.പി.വിജയൻ(പ്രസിഡണ്ട്), എം.കെ.കണ്ണൻ, കെ.എൻ.രാജൻ, എം.ജെ.സണ്ണി, കെ.എസ്.ചെല്ലമ്മ, കെ.പി.പ്രസാദ്, എ.എൻ. സുധീർ, സുനിൽകുമാർ. ജെ(വൈസ് പ്രസിഡണ്ടുമാർ) വി.പി. കൊച്ചുമോൻ(സെക്രട്ടറി)കെ.എസ്. ശശികല, കെ.സജി,റ്റി.എം.ബോസ്, എം.വി.ചെറിയാൻ, പി.സി. മധു, രാജൻ കാവുങ്കൽ ( ജോയിന്റ് സെക്രട്ടറിമാർ)എ.ജി.അജയകുമാർ(ട്രഷറർ)ആയും 29അംഗ ജില്ലാ കമ്മിറ്റിയും തിരഞ്ഞെടുക്കപ്പെട്ടു.

### പാലക്കാട്

**പാ**ലക്കാട് ജില്ലാ സമ്മേളനം സംസ്ഥാന സെക്രട്ടറി വി.കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്തു. മോദി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ വ്യവസായ- തൊഴിൽ നയങ്ങൾ തന്നെയാണ് പിണറായി വിജയൻ സർക്കാരും നടപ്പാക്കുന്നതെന്ന് വി.കെ. സദാനന്ദൻ ചൂണ്ടിക്കാട്ടി. പതിനഞ്ച് മാസത്തോളമായി കുടിശ്ശികയായ ക്ഷേമനിധി പെൻഷൻ ഉടൻ തീർത്ത് നൽകണമെന്ന് സമ്മേളനം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. റ്റി.എ. വിജയരാഘവൻ പ്രസിഡന്റ്), കെ.പ്രസാദ് (സെക്രട്ടറി), ആർ. ഉണ്ണികൃഷ്ണൻ(ട്രഷറർ) ആയും ഒമ്പതംഗ ജില്ലാകമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുക്കപ്പെട്ടു. ■

### ലഹരി - മദ്യമാഫിയയ്ക്കെതിരെ...




ലഹരിവിരുദ്ധ മാസാചരണത്തിന്റെ ഭാഗമായി മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് ചങ്ങനാശ്ശേരിയിൽ നടന്ന യോഗം എഐഎംഎസ്എസ് സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.എം.എ.ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.

### ട്രെയിൻ യാത്രാ ദുരിതത്തിനെതിരെ...




ഇന്ത്യൻ റെയിൽവേയെ സ്വകാര്യവത്കരിക്കുന്ന നടപടികൾ അവസാനിപ്പിക്കുക, റെയിൽവേയിൽ ഒഴിവുള്ള മുഴുവൻ തസ്തികകളിലും സ്ഥിര നിയമനം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് എഐഡിവൈഒയുടെ നേതൃത്വത്തിൽ കേന്ദ്ര റയിൽവേ മന്ത്രിക്ക് സമർപ്പിക്കുന്ന നിവേദനത്തിലേയ്ക്കുള്ള ഒപ്പുശേഖരണം.

Volume: 51 No: 5 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.